# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 3 ലക്കം 4 പേജുകൾ 49 ജൂലൈ 2022



## ശ്രേഷ്ഠപദവിയിലേക്ക് ദ്രൗപതി മുർമു

- ഗോത്രവർഗ വനിതയെ രാഷ്ട്രപതിയാക്കുന്നതിലെ രാഷ്ട്രീയം: ഫ്രാങ്കോ ലൂയിസ്
- അനുഭവം: രാജീവൻ മുണ്ടിയോട്
- ഗോത്ര കവിത
- റിഥം ഓഫ് ലൈഫ്




**മുഖചിത്രം:**
**ശ്രേഷ്ഠപദവിയിലേക്ക്**
**ദ്രൗപതി മുർമു**

ഓഫീസ്:
**വ്യാപാരകേരളം**
**(സമ്പൂർണ്ണ മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



സമഗ്രമായ രാഷ്ട്രീയ വിശകലനമാണ് ഈ ലക്കത്തിന്റെ പ്രധാന സവിശേഷത. പ്രശസ്ത പത്രപ്രവർത്തകനും കോളമിസ്റ്റുമായ ഫ്രാങ്കോ ലൂയിസ്, സമകാലിക കുതിരക്കച്ചവട രാഷ്ട്രീയത്തിന്റെ പിന്നാമ്പുറങ്ങൾ വിവരിക്കുന്നതിനൊപ്പം, ഗോത്രവനിതയെ രാജ്യത്തിന്റെ പരമോന്നത പദവിയിലേക്ക് ഉയർത്തുകവഴി, ഭരണം നിയന്ത്രിക്കുന്നവർ ലക്ഷ്യം വെക്കുന്നതെന്ത് എന്ന വിശകലനവും നടത്തിയിരിക്കുന്നു. ചർച്ച ചെയ്യപ്പെടേണ്ട വസ്തുതകളുടെ ഈ വെളിപ്പെടുത്തലിനെ സംബന്ധിച്ച പ്രതികരണങ്ങൾ വരാനിരിക്കുന്നു.

തനതു ഗോത്രഭാഷയിൽ കവിതകൾ എഴുതുന്നവരെ മുമ്പും മാസിക പരിചയപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗത്തിൽ പെടുന്ന ഹരീഷ് പൂതാടിയുടെ കവിതയും, കവിയെ പരിചയപ്പെടുത്തുന്ന ജയപ്രകാശ് എറവിന്റെ കുറിപ്പും ഈ ലക്കത്തിൽ വായിക്കാം.

ദുരിതങ്ങളുടെ മലകയറിയും ഇറങ്ങിയും കടന്നുപോയ ബാല്യ-കൗമാരങ്ങളുടെ ഹൃദയസ്പർശിയായ വിവരണമാണ് രാജീവൻ മുണ്ടിയോട് നടത്തുന്നത്. വിവർത്തന സാഹിത്യത്തിൽ, തന്റെ എഴുത്തിന് നിദാനമായ അനുഭവങ്ങൾ, അക്കാലത്തെ ചില ദുരിത യാഥാർഥ്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തും.

കഥകളും കവിതകളും പുസ്തക പരിചയങ്ങളും പതിവുപോലെ ഈ ലക്കത്തിലുണ്ട്. ഇതിലെ സർഗരചനകളിലൂടെ കടന്നുപോകുന്നവർക്ക്, വ്യത്യസ്തങ്ങളായ അനുഭവപാഠങ്ങൾ ദർശിക്കാനാകും. ഗൗരവതരമായ രചനകൾ ഉൾപ്പെടുത്തുവാൻ കഴിയുന്നു എന്നതും മാസികാപ്രവർത്തകരെ ആഹ്ലാദിപ്പിക്കുന്നു. സാമൂഹിക യാഥാർഥ്യങ്ങൾ, ഭാവനയുടെ ഉലയിൽ പൊള്ളിച്ച് രൂപപ്പെടുത്തിയ മികച്ച രചനകൾ മാസികയിൽ പ്രസിദ്ധീകരിക്കണമെന്നതാണ് പ്രഥമലക്ഷ്യം. പ്രസിദ്ധീകരണത്തിന്റെ നാലാം വർഷത്തിൽ, പ്രതിഭാശാലികളുടെ നല്ല രചനകൾ ഉൾപ്പെടുത്താൻ മാസികയ്ക്ക് കഴിയുന്നുണ്ട് എന്ന, വിവിധ തലങ്ങളിലെ വിലയിരുത്തലുകൾക്ക് കൂപ്പുകൈ.

**-സി.ആർ.രാജൻ,**
എഡിറ്റർ

കവിത

# ആരാണ് ഭ്രാന്തൻ

ഒരു തുള്ളിനീരിൽ ഒരു കടൽ വിരിയുന്നത്
മനസ്സിൽ കണ്ട്

ഒരു കീറുമേഘത്തിലുമാകാശം
നിറയെ മഴവില്ലു പൂക്കുന്ന ചിരിവിരിച്ചിട്ട്

ഒരു നാമ്പിൽ ഒരു കാട് കുടിവെച്ചു
കുളിരുച്ചൂടി നിറഞ്ഞൊഴുകുന്നു പുഴപ്പോലെ

നരച്ചയാകാശ കീഴിൽ
കടൽ സ്വപനം കണ്ടു കാടിന്റെ കുളിർ
തേടിയലഞ്ഞു പിറുപ്പിറുക്കുമ്പോൾ
ഭ്രാന്തനെന്ന വാക്കിനാൽ
കല്ലെറിയുന്നു നമ്മൾ



ബൈജു റാഫേൽ



## അകത്താളുകളിൽ

### ലേഖനം/പംക്തി


| | |
|---|---|
| രാജീവൻ മുണ്ടിയോട് | പേജ് 4 |
| ഫ്രാങ്കോ ലൂയിസ്: | പേജ് 9 |
| തേജശ്രീ: | പേജ് 13 |


### പുസ്തകപരിചയം



| | |
|---|---|
| ശ്രീജ വിജയൻ | പേജ് 46 |
| ശൈലജ വർമ്മ | പേജ് 49 |


### കഥ


| | |
|---|---|
| രേഖ തോപ്പിൽ | പേജ് 17 |
| രാജൻ എലവത്തൂർ | പേജ് 20 |
| ജോഷി | പേജ് 22 |
| മാഗ്ളിൻ ജാക്സൻ | പേജ് 44 |


### കവിത


| | |
|---|---|
| ബൈജു റാഫേൽ | പേജ് 3 |
| ഹരീഷ് പുതാടി | പേജ് 16 |
| സെയ്തലവി വിളയൂർ | പേജ് 27 |
| ഫില്ലിസ് ജോസഫ് | പേജ് 28 |
| സോണി വർഗീസ് വാരനാട് | പേജ് 29 |
| ദർശന | പേജ് 30 |
| ഷബ്ന അബൂബക്കർ | പേജ് 31 |
| ശിവൻ തലപ്പുലത്ത് | പേജ് 33 |
| അമൃത മാടംപുള്ളി | പേജ് 34 |
| മഞ്ജു സുഭാഷ് | പേജ് 35 |
| ചാക്കോ ഡി അന്തിക്കാട് | പേജ് 36 |
| എം. കപിൽദേവ് | പേജ് 37 |
| സരസ്വതി പി. എം. | പേജ് 38 |
| ബഷീർ മുളിവയൽ | പേജ് 39 |
| മുരളീധരൻ പുന്നേക്കാട് | പേജ് 40 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 41 |
| സിന്ധു ഗാഥ | പേജ് 42 |
| ഡോ. അജയ് നാരായണൻ | പേജ് 43 |



# കരിപുരണ്ട ജീവിതവും
## കനലിൽ ചുട്ടെടുത്ത ഭാഷയും



രാജീവൻ മുണ്ടിയോട്

**ജീ**വിതം എനിക്കിന്നും ഒരു തീച്ചൂളയാണ്. അകത്ത് കനലുകൾ കരിയായി മാറുന്നതും കാത്ത് ഉറക്കമിളച്ചിരുന്ന കരിപുരണ്ട ജീവിതം പോലെ. മലപോലെ തടികൾ കൂമ്പാരം കൂട്ടി ചപ്പുചവറിട്ട് മൂടി അതിനു മുകളിൽ മണ്ണിട്ട് മൂടി വിറകുകൊള്ളികൾ വെന്ത് കരിയായി മാറുന്നപോലെ ആ മലമുകളിൽ ഞാൻ എന്റെ എഴുത്തിനെ ചുട്ടെടുത്തു.

നിശബ്ദനായി കണ്ണിൽ പുകയും നെഞ്ചിൽ ചൂളയുമായി മുണ്ടിയോട് എന്ന മലയിൽ പാഠപുസ്തകങ്ങളെക്കാളും അരിയും പഞ്ചസാരയും കെട്ടിക്കൊണ്ടുവരുന്ന കടലാസുകളിലൂടെ ലോകത്തെ അറിഞ്ഞ ബാല്യമായിരുന്നു എനിക്കുണ്ടായിരുന്നത്. ഒരു ലൈബ്രറി കാണാൻ കാതങ്ങൾ താണ്ടണമായിരുന്നു.

അച്ഛൻ പറമ്പിലെ തടികൾ വെട്ടി ചൂള വച്ച് വിറകുകൾ കരിയായി മാറ്റും. അമ്മയത് ചൂരൽകുട്ടയിൽ വാഴയിലവച്ച് അതിൽ നിറച്ച് കുറ്റിയാടി ടൗണിൽ കൊണ്ടുപോയി വിൽക്കും. അമ്മ രാവിലെ മൂന്ന് മണിക്ക് എഴുന്നേൽക്കും. ഒരു കൈകൊണ്ട് കുട്ട താങ്ങി മറുകൈകൊണ്ട് ഓലചൂട്ട് വീശി അമ്മ മുണ്ടിയോട് എന്ന ഞങ്ങളുടെ മലയിറങ്ങി അങ്ങാടിവരെ നടന്നുപോകും. ഒന്നും രണ്ടുമല്ല പതിനഞ്ചു കിലോമീറ്റർ! ഇറങ്ങിപ്പോവാൻ ശരിക്കൊരു വഴിയില്ല. പൊന്തക്കാടുകളും കൂറ്റൻ പാറകളും നിറഞ്ഞ ഒറ്റയടിപ്പാത. അമ്മ കുട്ടയുടെ സൈഡിൽ ഒരു മൂന്നോ നാലോ ചൂട്ടു കൂടി കരുതും. അങ്ങാടിയിൽ എത്തുമ്പോഴാണ് നേരം വെളുക്കുന്നത്. അങ്ങാടിയുടെ വഴിയോരത്ത് വച്ച് വിലപേശും. കൂടുതലും ഹോട്ടൽ നടത്തുന്നവരാണ് കരി വാങ്ങാൻ വരുന്നത്. ചായയുണ്ടാക്കാൻ സമോവറിൽ വെള്ളം തിളപ്പിക്കാനാണ് കരി കത്തിക്കുക. ഒരു കുട്ടയ്ക്ക് അന്ന് പതിനഞ്ച് രൂപയാണ് കിട്ടുക.തിരിച്ചു വരുമ്പോൾ അമ്മ ഞങ്ങൾക്കുവേണ്ടി ഒന്നും വാങ്ങിക്കില്ല. അമ്മയ്ക്കും അച്ഛനും ഒരു അടുക്ക് വെറ്റിലയും ഒരു പുകയിലത്താളും വാങ്ങിക്കും. അമ്മ നന്നായി മുറുക്കും. ഇന്നും അത് പതിവാണ്.


വീട്ടിൽ ദോശ ചുടാനുള്ള കല്ലോ ഇഡ

ലി ഉണ്ടാക്കാനുള്ള പാത്രമോ ഇല്ലായിരുന്നു. ഒരു പാത്രത്തിൽ തുണികെട്ടി അതിൽ കൊഴുക്കട്ട എന്നൊരു പലഹാരം ആവിയിൽ വേവിച്ച് ഉണ്ടാക്കിത്തരുമായിരുന്നു.അതും ഒന്നോ രണ്ടോ മാത്രം. അതും തിന്നാണ് ഞങ്ങൾ മലയിറങ്ങി സ്കൂളിലേക്ക് പോകുന്നത്. എട്ട് കിലോമീറ്റർ നടക്കണമായിരുന്നു സ്കൂളിൽ എത്താൻ. സ്കൂളിൽ അന്ന് ഉപ്പുമാവ് കിട്ടുമായിരുന്നു. അഞ്ചാം ക്ലാസ്സുവരെ ഞാൻ കഴിച്ച ലഘുഭക്ഷണം ഈ ഉപ്പുമാവും പിന്നെ അമ്മ ഉണ്ടാക്കുന്ന കൊഴുക്കട്ടയുമായിരുന്നു.

മുണ്ടിയോട് എന്ന മലപോലെത്തന്നെ കുത്തനെയുള്ള കയറ്റവും ചെങ്കുത്തായ ഇറക്കവും നിറഞ്ഞതായിരുന്നു എന്റെ ജീവിതവും. ഉരുൾപൊട്ടലും മലവെള്ളപ്പാച്ചിലും പോലെ ജീവിതത്തിലും എന്തൊക്കെയോ തകർന്നുപോവുന്ന കുത്തിയൊലിപ്പ് അനുഭവപ്പെട്ടു. മലയിറങ്ങി നാട്ടിലെവിടെയെങ്കിലും ജീവിക്കാമെന്ന് പറഞ്ഞപ്പോൾ അച്ഛനും അമ്മയും സമ്മതിച്ചില്ല. മലയിൽ മുഴുവൻ തടികളായിരുന്നു.തടി വെട്ടി ചൂളയുണ്ടാക്കിയാൽ കരി വിറ്റ് ജീവിക്കാമെന്ന് അച്ഛൻ പറഞ്ഞു. മലയിലെ മരങ്ങളെ നോക്കി അന്നൊക്കെ ഞാൻ നെടുവീർപ്പിടുമായിരുന്നു.

അന്നൊക്കെ വൈകുന്നേരമായാൽ അമ്മ അകത്തെ കുഴിയടുപ്പിൽ കരിയിട്ട് കനലിൽ ചക്കക്കുരു ചുട്ടു തരും. ഒരുപാട് കാലം അതായിരുന്നു വൈകുന്നേരത്തെ ചായയുടെ കൂടെ കിട്ടിയത്. ചുട്ട ചക്കക്കുരുവിന്റെ കൂടെ തേങ്ങാക്കൊത്തുകൂടി തരും അമ്മ. അതുകൂട്ടി തിന്നുമ്പോഴുള്ള രുചി ഇന്ന് കടയിൽ കിട്ടുന്ന ബേക്കറി പലഹാരങ്ങൾക്കുണ്ടാവില്ല. ആഴ്ചകളും മാസങ്ങളും ചക്കക്കുരു തന്നെയാവും ചോറിനുള്ള കറി. റേഷനായി കിട്ടുന്ന പച്ചരിയുടെ ഒരു തവി ചോറും തേങ്ങ ചേർത്തരച്ച മുളക് ചമ്മന്തിയുമായിരുന്നു ഞങ്ങൾ ഉച്ചഭക്ഷണത്തിനായി ഹൈസ്കൂളിൽ പഠിക്കുമ്പോൾ കൊണ്ടുപോകാറ്.




വീട്ടിലുണ്ടാക്കുന്ന വെളിച്ചെണ്ണയാണ് ഞങ്ങൾ കറിക്കും തലയിൽ തേയ്ക്കാനും ഉപയോഗിക്കാറ്. കാച്ചിയ വെളിച്ചെണ്ണയുടെ മണവും ഇട്ട് തഴമ്പിച്ച കുപ്പായത്തിന്റെ വിയർപ്പുമണവും സഹിക്കാനാവാതെ കൂട്ടുകാർ പരാതി പറയുമായിരുന്നു. സ്കെയിലും പെൻസിലും വരെ കടം വാങ്ങിയാണ് ഞാൻ ക്ലാസ് വർക്കുകൾ ചെയ്തിരുന്നത്. പുസ്തകങ്ങൾ ഇട്ടു കൊണ്ടുപോകാൻ എനിക്ക് ഒരു ബാഗില്ലായിരുന്നു. ഏട്ടനും എനിക്കും കൂടി ഒരു കുടയായിരുന്നു ഉണ്ടായിരുന്നത്.പുസ്തകങ്ങൾ പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ് മാറോട് ചേർത്തുപിടിച്ചാണ് ഞങ്ങൾ പോകുക. സ്കൂൾ വിട്ടാൽ മഴ നനഞ്ഞു കുതിർന്ന പുസ്തകങ്ങളുമായാണ് വരിക. വന്നാൽ അടുപ്പുകല്ലിൽ വച്ച് അമ്മ അവ ഉണക്കിത്തരുമായിരുന്നു. ശീലയിൽ തുള വീണതും കമ്പികൾ ഒടിഞ്ഞതുമായ കുട വർഷങ്ങളോളം ഞങ്ങൾ സൂക്ഷിച്ച് ഉപയോഗിക്കുമായിരുന്നു.ഒരിക്കൽ ആ കുട സ്കൂളിൽ വച്ച് മറന്നുപോയപ്പോൾ വെപ്രാളപ്പെട്ട് അമ്മ സ്കൂളിൽപോയി ആ കുട തിരികെ എടുത്തുകൊണ്ടുവന്നിട്ടുണ്ട്.മറ്റൊരു കുട വാങ്ങാ

നില്ലാത്ത അമ്മയുടെ സങ്കടവും കുട മറന്നതിലുള്ള അച്ഛന്റെ ദേഷ്യവും അന്ന് രാത്രി മുഴുവൻ അവർ ഞങ്ങളെ അടുത്തിരുത്തി ഗുണദോഷിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം പുലർച്ചെ മലയിറങ്ങുന്നതിനിടയിൽ ഏതോ പാറയിൽ നിന്ന് അമ്മ കാൽ വഴുതി വീണു. കുട്ടയും കരിയും അമ്മയും താഴ്ചയിലേക്ക് ചെന്നു പതിച്ചു. കരി മുഴുവനും തവിടുപൊടിയായി. അമ്മയുടെ കാൽ മുട്ടുകളും കൈകളും നെറ്റിയും പൊട്ടി. അമ്മയ്ക്ക് നാവെടുത്ത് ഉരിയാടാൻ കഴിയുന്നില്ല. ചോരയിൽ കുളിച്ചാണ് അമ്മ നിരങ്ങി നിരങ്ങി വീട്ടിലേക്ക് മല കയറി വന്നത്. അച്ഛൻ അമ്മയെ ചുമലിലേറ്റി ഹോസ്പിറ്റലിൽ കൊണ്ടുപോയി. അന്ന് ഞങ്ങൾ പട്ടിണി കിടന്നു.

അങ്ങാടിയിൽ പോയി തിരിച്ചു വരുമ്പോൾ അച്ഛന്റെ കയ്യിൽ ഒരു പൊതി കാണും. അന്ന് ബിസ്ക്കറ്റ് ആയിരുന്നു. എപ്പോഴെങ്കിലും കിട്ടുന്ന ഒരു പയ്ക്കറ്റ് ബിസ്ക്കറ്റ് ഞാനും ഏട്ടനും വീതം വച്ച് കഴിക്കും. ഞാൻ ഒരെണ്ണം അധികം എടുത്താൽ ഏട്ടൻ ഒന്നും പറയില്ല. തിന്നു തീർന്ന് ആ പായ്ക്കറ്റിന്റെ ഉൾവശത്തെ പൊടിയും തിന്ന് കഴിഞ്ഞ് ആ കവർ നക്കിത്തുടച്ചിട്ടായിരിക്കും ഞാൻ വലിച്ചെറിയുക.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു.1986 ജനുവരി ആറാം തീയ്യതി. പതിവില്ലാതെ അന്ന് ഞങ്ങളെ കൂടെ നടത്തിച്ച് അച്ഛനും സ്കൂളിലേക്കുള്ള വഴിയിൽ പാതിവരെ കൂടെ വന്നു. അവിടെനിന്ന് അച്ഛൻ അങ്ങാടിയിലേക്ക് തിരിഞ്ഞു. അതായിരുന്നു അച്ഛനെ ഞങ്ങൾ കണ്ട അവസാനത്തെ കാഴ്ച.അന്ന് ഞങ്ങൾ സ്കൂളിൽ നിന്ന് തിരിച്ചു വന്നപ്പോൾ അച്ഛൻ മടങ്ങി വന്നിട്ടില്ലായിരുന്നു. അടുത്ത ദിവസം നാട്ടുകാരാണ് ഞങ്ങളുടെ പറമ്പിലെ കശുമാവിൽ തൂങ്ങി ജീവിതം അവസാനിപ്പിച്ച അച്ഛനെ ഞങ്ങൾക്ക് കാട്ടിത്തന്നത്. അന്ന് എട്ടിലും ഒൻപതിലും പഠിക്കുമ്പോൾ ഉണ്ടായ അച്ഛന്റെ വിയോഗം ഞങ്ങളെ വല്ലാതെ തളർത്തിക്കളഞ്ഞു. ഒരുപാട് പ്രശ്നങ്ങളും ബാധ്യതകളും ഞങ്ങൾക്കുണ്ടായി. ഇതിനിടയിൽ അമ്മയുടെ കാലിന് പഴുപ്പ് വന്നു. നരകജീവിതമെന്ന് തോന്നിയ നിമിഷത്തിനോടുവിൽ ഏട്ടൻ സ്കൂളുപേക്ഷിച്ച് ചെറിയ ചെറിയ പണിക്ക് പോകാൻ തുടങ്ങി. ചൂളയുണ്ടാക്കി കരി വിൽക്കുന്ന പണി ഞങ്ങൾ ഉപേക്ഷിച്ചു.ജീവിക്കാൻ വേറെ മാർഗമില്ലാതായി. കാട്ടിൽ നിന്ന് കിട്ടുന്ന വിറകുവിറ്റും, തേനും, പച്ചമാങ്ങയും അങ്ങാടിയിൽ കൊണ്ടുപോയി വിറ്റും ഞങ്ങൾ ജീവിതം തള്ളിനീക്കി.ചക്കക്കുരു വരെ ഞങ്ങൾ വിറ്റിട്ടുണ്ട്. ഞാൻ സ്കൂൾ വിട്ടു വന്നാൽ നിലക്കടല വറുത്ത് കൊണ്ടുപോയി വിൽക്കുമായിരുന്നു.നല്ല മാർക്കോടെ പഠിച്ചു പാസ്സായ എനിക്ക് ഗവണ്മെന്റ് കോളേജിൽ അഡ്മിഷൻ കിട്ടി. ഡിഗ്രിവരെ ഞാൻ പഠിച്ചു. അന്നൊക്കെ ബസ്സിന് പോകാനുള്ള രണ്ടു രൂപ കയ്യിൽ കരുതും. കോളേജിൽ ഷിഫ്റ്റ് സംമ്പ്രദായമായതുകൊണ്ട് ചോറ് വേണ്ടിവന്നില്ല.

വളർന്ന് വലുതായപ്പോൾ എനിക്ക് മീശയും താടിയും കിളിർത്തു തുടങ്ങി. അതിൽ സന്തോഷിക്കുന്ന ആൺകുട്ടികളായിരിക്കും ഈ ലോകത്ത് പിറന്നവനെല്ലാം. എന്നാൽ എന്നെ സംബന്ധിച്ച് അതെനിക്കൊരു തീരാബാധ്യത ആയി മാറുകയായിരുന്നു.

ആദ്യമൊക്കെ അതു നീട്ടികൊണ്ട് നടക്കാൻ നല്ല രസമായിരുന്നു. അച്ഛൻ മരിച്ചപ്പോൾ ഉപേക്ഷിക്കപ്പെട്ട് അനാഥമായി കിടന്ന രണ്ടു വസ്തുക്കൾ അച്ഛന്റെ ഷേവിങ് സെറ്റും കറുത്ത പ്ലാസ്റ്റിക് ചെരുപ്പുമായിരുന്നു. ചെരുപ്പ് ഞാൻ കുറേക്കാലം ഉപയോഗിച്ചു. ഷേവിങ് സെറ്റ് ഉപയോഗിക്കാൻ മടിയായിരുന്നു. പിന്നെ ഒരു ദിവസം ശ്രമിച്ചു നോക്കി. അറിയാത്ത ജോലി ചെയ്ത് താടിയിൽ മുറിവ് പറ്റി. ബാർബറുടെ അടുത്ത് പോയി ഷേവ് ചെയ്യാൻ പൈസയില്ല. വേറെ വഴിയൊന്നും കാണാതെ ഡിഗ്രി അവസാന വർഷ പരീക്ഷ എഴുതുന്നത് വരെ താടി നീട്ടി വളർത്തിക്കൊണ്ട് നടന്നു.സത്യം പറഞ്ഞാൽ ഷേവ് ചെയ്യാൻ പൈസയില്ലാതെ വന്നപ്പോഴാണ് ജോലിക്കുവേണ്ടി അന്വേഷിച്ച് നാടുവിടാമെന്ന ഒരു തീരുമാനത്തിൽ ഞാൻ എത്തുന്നത്.

ആദ്യം വടകരയിൽ നിന്നും പാലക്കാട്ടേക്ക് പോകുന്ന ട്രെയിനിൽ കയറി. അവിടെ നിന്നും ഉത്തരേന്ത്യയിലേക്ക് പോകുന്ന തിരക്കുള്ള ഒരു ട്രെയിനിലും.അന്ന് ഞാൻ എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കൊരു ലക്ഷ്യമില്ലായിരുന്നു. ഒരു രാത്രിയും ഒരു പകലും യാത്ര ചെയ്ത് ഏതോ വലിയ നഗരത്തിരക്കിലൂടെ പാഞ്ഞ ട്രെയിൻ വലിയൊരു പ്ലാറ്റ്ഫോമിൽ ചെന്നു നിന്നു. ട്രെയിൻ ഏറെനേരം അവിടെ നിർത്തിയിട്ടു. ആ സ്റ്റേഷൻ വിജയവാഡ ആയിരുന്നു എന്ന് തിരിച്ചറിയുന്നതിന് മുൻപേ ഞാൻ സ്വയം ഇറങ്ങിയതോ അതോ ആരെങ്കിലും എന്നോട് അവിടെ ഇറങ്ങാൻ പറഞ്ഞതോ എന്നോർ

മ്മയില്ല. ഞാൻ ഇറങ്ങിയതും ട്രെയിൻ സ്റ്റേഷൻ വിട്ട് പോയി. ചാടിക്കയറാൻ ഞാൻ മുതിർന്നില്ല. സ്റ്റേഷനിൽ നിന്ന് പുറത്തു കടക്കാൻ പല വഴികളും ആലോചിച്ചു. പാളങ്ങൾ മുറിച്ചു കടന്ന് നേരെ കണ്ട വഴിയിലൂടെ മുന്നോട്ട് നടന്നു. ഒരു പാലം കഴിഞ്ഞപ്പോൾ വിജയവാഡ ബസ് ടെർമിനൽ മുൻപിൽ കണ്ടു. പാലം കടന്ന് ബസ് ടെർമിനൽ ലക്ഷ്യമാക്കി നടക്കുന്നതിനിടയിൽ ഒരു മൂലയിലെ മുറുക്കാൻ കട കണ്ണിൽപെട്ടു. എന്നെ കണ്ടതും ആ കടക്കാരൻ ഒന്ന് ചിരിച്ചു കാണിച്ചു. മലയാളത്തിൽ സംസാരിച്ചു തുടങ്ങി.കാര്യങ്ങൾ പറഞ്ഞപ്പോൾ എന്തോ ആലോചിച്ചു നിന്ന ആയാൾ കയ്യിൽ നിന്ന് ഇരുപത് രൂപ എടുത്ത് തന്നിട്ട് കുച്ചുപ്പുടിക്ക് പോകുന്ന ബസിൽ കയറാൻ പറഞ്ഞു.അയാൾ പറഞ്ഞ അഡ്രെസ്സ് പ്രകാരം ഞാൻ കങ്കിപ്പാട് എന്ന സ്ഥലത്ത് ബസ്സിറങ്ങി. അവിടുത്തെ ഒരു കൺസൽട്ടിങ് സ്ഥാപനം നടത്തുന്നത് ചന്ദ്രശേഖരൻ എന്നു പേരുള്ള ഒരാളായിരുന്നു.

അദ്ദേഹം മുവ്വ എന്നു പേരുള്ള ഒരു ചെറിയ ഗ്രാമത്തിലെ സ്കൂളിൽ എനിക്കൊരു ജോലി വാങ്ങിത്തന്നു.ആ സ്കൂളിൽ എത്തുമ്പോൾ ഞാൻ വിശപ്പുകൊണ്ട് ക്ഷീണിച്ച് അവശനായിരുന്നു. സ്കൂളിന്റെ ഉടമ എനിക്ക് താമസിക്കാൻ ഒരു വീടും ആ വീട്ടിൽ നിന്ന് ഭക്ഷണവും ഏർപ്പാടാക്കി തന്നു. ആ വീടിന്റെ ഉടമസ്ഥൻ ഒരു പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നു.അവർ റെഡ്ഡി സമുദായക്കാരായിരുന്നു. സമൂഹത്തിലെ ഉയർന്ന കുടുംബം. പഞ്ചായത്ത് പ്രസിഡന്റിന്റെ ഭാര്യ വെളുത്ത് മെലിഞ്ഞ ഒരു സുന്ദരിയായ സ്ത്രീയായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് കറുത്ത് തടിച്ച ഒരു കൊമ്പൻ മീശക്കാരനും. അവരുടെ വീടിന്റെ ഒരു വശത്തെ ചെറിയൊരു മുറിയായിരുന്നു എനിക്കായി അവർ തന്നത്. പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് ഭീം റെഡ്ഡി എന്നും ഭാര്യയുടേത് നാഗഭൂഷണമ്മ എന്നുമായിരുന്നു. നാഗഭൂഷണമ്മ എനിക്ക് മൂന്ന് നേരവും ഭക്ഷണം വിളമ്പിത്തരും. അപ്പോഴെല്ലാം അവർ വെറുതെ ചിരിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. ഞങ്ങൾക്കിടയിൽ സംസാരമില്ലായിരുന്നു. ആംഗ്യഭാഷയായിരുന്നു മിക്കപ്പോഴും ഉണ്ടായിരുന്നത്. വീടിന്റെ വാടകയും ഭക്ഷണത്തിന്റെ ചിലവും സ്കൂളിന്റെ ഉടമസ്തനായ ഗോപാൽ റെഡ്ഡി കൊടുക്കുമായിരുന്നു.

ഞാൻ നാലിലും അഞ്ചിലും ഇംഗ്ലീഷും കണക്കുമാണ് പഠിപ്പിച്ചുകൊണ്ടിരുന്നത്. മാസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ കുറെ തെലുഗു വാക്കുകൾ പഠിച്ചു.എന്റെ ബുദ്ധിയിൽ ഉദിച്ച ഒരു സൂത്രം വച്ച് ഭാഷ പഠിക്കാൻ ഞാൻ ആദ്യം വസ്തുക്കളുടെ പേര് പഠിക്കാൻ തുടങ്ങി. നാഗഭൂഷണമ്മയ്ക്ക് കുറച്ച് ഇംഗ്ലീഷ് വാക്കുകൾ അറിയാമായിരുന്നു. അവർ ഭിംറെഡ്ഡി വരാൻ വൈകുന്ന രാത്രികളിൽ എന്നോടൊപ്പം വരാന്തയിൽ വന്നിരുന്ന് സംസാരിച്ചു തുടങ്ങി. അവരുടെ സംസാരത്തിൽ നിന്ന് വാക്യങ്ങളിൽ ക്രിയകൾ ഉപയോഗിക്കുന്നത് ഞാൻ ശ്രദ്ധയോടെ കേട്ടിരുന്നു. പറഞ്ഞത് തന്നെ വീണ്ടും പറയാൻ ഞാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ആ ക്രിയാപദങ്ങൾ നാക്കിന് വഴങ്ങില്ലായിരുന്നു. എന്നാലും ക്ഷമയോടെ നാഗഭൂഷണമ്മ എന്നെ അതൊക്കെ പഠിപ്പിച്ചു തന്നു.

ആറ് മാസത്തിനുള്ളിൽ ഞാൻ ആംഗ്യഭാഷയില്ലാതെ അവരോട് കാര്യങ്ങൾ ബോധിപ്പിക്കാൻ തക്കവണ്ണം ഭാഷ പഠിച്ചിരുന്നു.അവധിദിവസങ്ങളിൽ ഞാൻ കുച്ചുപ്പുടിയിൽ പോകുമായിരുന്നു. അവിടെ വച്ചു ഒരുപാട് കലാകാരന്മാരെ പരിചയപ്പെടുവാൻ എനിക്ക് ഭാഗ്യമുണ്ടായി. ഏറെയും പുരാണ നടകങ്ങളായിരുന്നു സ്റ്റേജുകളിൽ അരങ്ങേറുക.ആറ് മാസം കഴിയുമ്പോഴേക്കും ഞാൻ ചെറിയ കുട്ടികളുടെ പുസ്തകങ്ങളിൽ നിന്ന് അക്ഷരങ്ങൾ എഴുതി പഠിക്കുകയും ബസ്സിന്റെ ബോർഡുകളൊക്കെ വായിച്ചെടുക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെ സ്കൂളിൽ തന്നെയുള്ള കൃഷ്ണവേണി എന്നു പേരുള്ള ഒരു ടീച്ചർ സ്വാതി മാസിക സ്ഥിരമായി വായിക്കുന്നത് കണ്ടിട്ടുണ്ട്. നേരം കിട്ടുമ്പോഴൊക്കെ ആ പുസ്തകം സ്റ്റാഫ്റൂമിൽ വച്ച് ഞാനും മറിച്ച് നോക്കുമായിരുന്നു. അതിൽ അച്ചടിച്ചു വരുന്ന കഥകളെ മലയാള കഥകളുമായി താരതമ്യം ചെയ്യണമെന്ന് എനിക്ക് വലിയ ആഗ്രഹമുണ്ടായി. ഒരിക്കൽ കൃഷ്ണവേണി ടീച്ചർ എനിക്ക് ഒരു കഥ വായിച്ച് കേൾപ്പിച്ചു തന്നു. അത് കെ. വരലക്ഷ്മിയുടെ 'കലകാനിതി വിലുവയിനതി' എന്ന മനോഹരമായ ഒരു കഥയായിരുന്നു. എനിക്ക് ആ കഥ മലയാളത്തിൽ എഴുതാൻ തോന്നിയെങ്കിലും അതിലെ ചില സന്ദർഭങ്ങളിൽ സ്വയം എഴുതിയുണ്ടാക്കാൻ ബുദ്ധിമുട്ട് തോന്നി. അപ്പോഴാണ് കൃഷ്ണവേണി ടീച്ചർ പരിഭാഷയെക്കുറിച്ച് സൂചിപ്പിക്കുന്നത്.അങ്ങിനെ ആ കഥയിലെ വാക്കുകൾ ഓ

രോന്നും ടീച്ചറുടെ മുമ്പിലിരുന്നുകൊണ്ട് ഞാൻ മാറ്റി എഴുതി.സംസാരിക്കാൻ പഠിക്കുന്നതിലും വേഗത്തിൽ ശ്രമിച്ചാൽ എഴുതാനും വായിക്കാനും പഠിക്കാമെന്ന് എനിക്ക് അന്ന് ടീച്ചറുടെ സഹായം കൊണ്ട് മനസ്സിലായി.അങ്ങിനെ കൃഷ്ണവേണി ടീച്ചറുടെ സഹായത്തോടെ ആ കഥ ഒരു മാസത്തെ സാഹസത്തിനുശേഷം ഞാൻ മലയാളമാക്കി മാറ്റി എഴുതി.

ഒരു ദിവസം നാഗഭൂഷണമ്മ എന്നെ അവരുടെ ഊരിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒരു കുഗ്രമമായിരുന്നു അത്. അവിടെ ഒരു വലിയ കർഷക കുടുംബത്തിലാണ് അവർ ജനിച്ചത്. ചെറിയ ഓടുകൾകൊണ്ട് പാകിയ വീട്.മുറ്റത്ത് ഒരു മൂലയിലെ തൊഴുത്തിൽ നിറയെ എരുമകൾ. വിശാലമായ മുറ്റത്ത് നെല്ലും മുളകും ഉണങ്ങാനിട്ടിരിക്കുന്നു. അന്ന് അവിടെ ഒരു പെൺകുട്ടി പ്രായപൂർത്തി ആയതിന്റെ ചടങ്ങായിരുന്നു.പെൺകുട്ടിയെ മഞ്ഞൾ തേച്ചുപിടിപ്പിച്ച് കുളുപ്പിച്ച് പുതിയ വസ്ത്രങ്ങളണിയിച്ച് കൊണ്ടുവന്ന് മുറ്റത്തെ പീഠത്തിൽ ഇരുത്തും. വരുന്നവർ കുട്ടിയെ ആശീർവദിക്കും. അതു കഴിഞ്ഞ് വിഭവസമൃദ്ധമായ ഭക്ഷണം. എല്ലാം കഴിഞ്ഞ് നാഗഭൂഷണമ്മ എന്നെ വന്നവർക്ക് പരിചയപ്പെടുത്തിക്കൊടുത്തു. അപ്പോൾ അവരിൽ നിന്ന് ഒരു പ്രായമായ സ്ത്രീ 'വൈശാഖൻ അനി ഒക്ക പെദ്ധ റൈറ്റർ ഗുറിച്ച് തെലുസാമീക്കു?' എന്ന് ചോദിച്ചു.

വൈശാഖൻ എന്നൊരു വലിയ എഴുത്തുകാരനെക്കുറിച്ച് താങ്കൾക്ക് അറിയാമോ എന്നായിരുന്നു ചോദ്യം. അവരുടെയും ഭർത്താവ് റെയിൽവേയിൽ ജോലി ചെയ്യുകയായിരുന്നു അപ്പോൾ. ഞാൻ വൈശാഖൻ സാറിന്റെ റെയിൽവേ കഥകളെക്കുറിച്ച് അവരോട് പറഞ്ഞു. അവർക്ക് എന്നെ നന്നായി ഇഷ്ടപ്പെട്ടു. അവർ എനിക്ക് കെ. വരലക്ഷ്മി, വി പ്രതിമ തുടങ്ങിയ എഴുത്തുകാരെ പരിചയപ്പെടുത്തിത്തന്നു. ആ പരിചയമാണ് എനിക്ക് പിന്നീട് ഒരുപാട് സാഹിത്യ സദസ്സുകളിൽ എത്താനുള്ള വഴികാട്ടി ആയത്. അങ്ങിനെ നാഗഭൂഷണമ്മ യുടെയും ഭീം റെഡ്ഢിയുടെയും വീട്ടിൽ ഞാൻ പത്തു വർഷത്തോളം താമസിച്ചു. എനിക്ക് അപ്പോഴെല്ലാം ആന്ധ്രാപ്രദേശ് ചുറ്റിക്കാണണമെന്ന വലിയ ആഗ്രഹമുണ്ടായിരുന്നു. സാഹിത്യ സദസ്സുകളും എഴുത്തുകാരേയും തേടിയുള്ള യാത്ര തുടർന്നു.പിന്നീട് ഞാൻ അവരോട് യാത്ര പറഞ്ഞ് അവിടെനിന്നും വിശാഖപട്ടണത്തേക്ക് പോയി. അവിടെവച്ചാണ് ഞാൻ ഇന്നത്തെ തെലുഗു ഭാഷയിലെ പല എഴുത്തുകാരെയും സാഹിത്യ പ്രവർത്തകരെയും പരിചയപ്പെടുന്നത്.

പുതിയൊരു ഭാഷ ആത്മവിശ്വാസത്തോടെ എഴുതാനും വായിക്കാനും സംസാരിക്കാനും കൈമുതലാക്കിയ നിമിഷം തൊട്ട് എന്റെ ആവേശം നാൾക്കുനാൾ വർദ്ധിച്ചു. കിട്ടാവുന്നത്രയും പുസ്തകങ്ങൾ ഞാൻ സ്വരൂപിച്ചു കൂട്ടി. അനുഭവങ്ങളിൽ നിന്ന് കിട്ടിയ ഭാഷാജ്ഞാനം കൊണ്ട് അവയെല്ലാം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന പരിശ്രമത്തിലേക്ക് കടന്നു. ആ വഴിയിൽ എനിക്ക് ഒരുപാട് പ്രശസ്തരായ സാഹിത്യകാരന്മാരുടെ അരികിലെത്താനായി. കൂടെ ചേർത്ത്, ഒപ്പം നിർത്തി എന്നെയും എന്റെ എഴുത്തിനെയും ഇഷ്ടപ്പെട്ട് പ്രോത്സാഹിച്ചവർ എനിക്ക് ഒരുപാട് പേരുണ്ട് ആന്ധ്രയുടെയും തെലങ്കാനയുടെയും മണ്ണിൽ.

കെ. വിശ്വനാഥ് സാരസ്വതല രാമനരസിംഹം, കെ വരലക്ഷ്മി, ഗദ്ദം യജ്ഞവൽക്യ ശർമ, വെമ്പള്ളി സുധാകർ, ആചാര്യ കൊലകലൂരി ഈനാക്, പാരുപുടി വെങ്കട സത്യനാരായണ, ഡോക്ടർ സോമരാജു സുശീല, നവ്യ വീക്കിലിയുടെ എഡിറ്റർ എ എൻ ജഗന്നാഥ ശർമ, സയീദ് സലീം, എലനാഗ, സാഹു മാസികയുടെ എഡിറ്റർ ഇന്ദു രമണ എന്നിവരെല്ലാം എഴുത്തു വഴിയിലെ എന്റെ പ്രയത്നത്തിന് ഒരു മാർഗദീപമായി എപ്പോഴും കൂടെ നിന്നവരാണ്.

പരിഭാഷകനെ രണ്ടാം തരം കലാകാരനായി വിലയിരുത്തിയിരുന്ന കാലഘട്ടം കഴിഞ്ഞു പോയിരിക്കുന്നു. ഇന്ന് അവന്റെ പരിഭാഷയിലെ സർഗ്ഗാത്മക കഴിവിനെ വിലയിരുത്തി അംഗീകാരങ്ങൾ നൽകിപ്പോരുന്നുണ്ട്. പുതുതലമുറയിലെ ഒട്ടേറെ എഴുത്തുകാർ വിവർത്തകരുമാണ്. അതിന് കാരണം ജോലിപരമായും മറ്റും അവർ മറ്റ് സംസ്ഥാനങ്ങളിലും രാജ്യത്തും ഏറെ താമസിച്ചതുകൊണ്ടാവാം. എഴുത്തിനെയും, വായനയെയും,യാത്രയും ഒരുപോലെ ഇഷ്ടപ്പെടുന്ന ഏതൊരാൾക്കും ഭിന്നസംസ്കാരങ്ങളെ ഇഷ്ടപ്പെടാതിരിക്കാനാവില്ല.അത് സാധ്യമാവുന്നത് ഏറെയും പുസ്തകങ്ങളിലൂടെയാണ്. ഇന്ന് തമിഴിൽ നിന്നും കന്നഡയിൽ നിന്നും ഒരുപാട് കൃതികൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യപ്പെടുന്നുണ്ട്. എന്നാൽ തെലുഗു ഭാഷയിൽ നിന്ന് വിരളമാണ്.

●



**ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന രാഷ്ട്രീയ കുതിരക്കച്ചവടം ഒരു വശത്ത്. ഗോത്രവർഗ വനിതയെ രാഷ്ട്രപതി സ്ഥാനത്തേക്കു മൽസരിപ്പിച്ച് രാജ്യ ചരിത്രത്തെ ഐതിഹാസികമാക്കിയെന്ന വാഴ്ത്തുകൾ വാങ്ങിക്കൂട്ടുന്ന രാഷ്ട്രീയതന്ത്രം മറുവശത്ത്.**

## ഗോത്രവർഗത്തിൽനിന്നു രാജ്പഥിലേക്ക്

# രാഷ്ട്രപതിക്കസേരയും കുതിരക്കച്ചവടവും

ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന രാഷ്ട്രീയ കുതിരക്കച്ചവടം ഒരു വശത്ത്. ഗോത്രവർഗ വനിതയെ രാഷ്ട്രപതി സ്ഥാനത്തേക്കു മൽസരിപ്പിച്ച് രാജ്യ ചരിത്രത്തെ ഐതിഹാസികമാക്കിയെന്ന വാഴ്ത്തുകൾ വാങ്ങിക്കൂട്ടുന്ന രാഷ്ട്രീയതന്ത്രം മറുവശത്ത്. മഹാരാഷ്ട്രയിലും ഡൽഹിയിലുമെല്ലാമായി രാജ്യം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചകൾ ഇതെല്ലാമാണ്.

രാഷ്ട്രപതി സ്ഥാനത്തേക്കു ഗോത്രവർഗത്തിൽപെട്ട വനിത ദ്രൗപതി മുർമുവിനെ മൽസരിപ്പിക്കാൻ ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎ തീരുമാനിച്ചതു ഞെട്ടലോടെയാണ് പ്രതിപക്ഷ പാർട്ടികൾ ശ്രവിച്ചത്. ദളിത്, ഗ്രോത്രവർഗ വിഭാഗങ്ങളെ ചവിട്ടിമെതിക്കുന്ന ഹിന്ദു സവർണരുടെ പാർട്ടിയെന്ന് അറിയപ്പെടുന്ന ബിജെപി ഇങ്ങനെയൊരു രാഷ്ട്രീയ തന്ത്രം പയറ്റുമെന്ന് ആരും പ്രതീക്ഷിച്ചില്ല. ഇങ്ങനെയൊരു നീക്കത്തിലൂടെ ദളിത്, ഗോത്രവർഗങ്ങളുടെ വിശ്വാസം കൈയിലെടുക്കാമെന്നാണു ബിജെപി നേതൃത്വത്തിന്റെ മോഹം.

രാജ്യവും ഏതാനും സംസ്ഥാനങ്ങളും ഭരിക്കുന്ന ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയുടെ രാഷ്ട്രപതി സ്ഥാനാർത്ഥി ദ്രൗപതി മുർമുവിനെ ഡൽഹി രാജ്പഥിലെ രാഷ്ട്രപതി ഭവനിൽ വാഴിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ സ്ഥാനാർഥിയെ വിജയിപ്പിച്ചെടുക്കാനുള്ളത്രയും വോട്ട് എൻഡിഎയുടെ കൈയിലില്ല. മറ്റു പല പാർട്ടികളുടേയും പിന്തുണ തേടിയിട്ടുണ്ട്. അതിനു പുറമേയാണ്, മഹാരാഷ്ട്രയിൽ കുറേപേരുടെകൂടി വോട്ട് വശത്താക്കാനുള്ള കുതിരക്കച്ചവടം. ശിവസേനയിലെ എംഎൽഎമാരെ വിലയ്ക്കെടുത്ത് ഭരണം അട്ടിമറിക്കൽ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, സിബിഐ തുടങ്ങിയ ഭരണകൂട സ്ഥാപനങ്ങളെ സംഘപരിവാർ പടയാക്കി മാറ്റിയിരിക്കേ, ആരേയും ഭീഷണിപ്പെടുത്തി വരുതിയിലാക്കാൻ എളുപ്പമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയും ആഭ്യന്തര മന്ത്രി അമിത് ഷായുമെല്ലാം ഇത്തരം ഓപറേഷനുകളിൽ അഗ്രഗണ്യരുമാണ്.



ഫ്രാങ്കോ ലൂയിസ്

രാജ്യത്തെ എല്ലാ എംപിമാരും എംഎൽ

എമാരും ചേർന്നാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. ജൂലൈ 18 നാണു വോട്ടെടുപ്പ്. 21 നു വോട്ടെണ്ണും. മൊത്തം 4033 എംഎൽഎമാരും 776 എംപിമാരും ഉണ്ട്. എംപിമാരുടെ വോട്ടുകളുടെ മൂല്യം 5,43,200 ആണെങ്കിൽ എംഎൽഎമാരുടേതിനു മൂല്യം 5,43,231 ആണ്. മൊത്തം മൂല്യം 10,86,431. ബിജെപി നേതൃത്വം നൽകുന്ന എൻഡിഎയ്ക്ക് 5.26 ലക്ഷം വോട്ടുകളേയുള്ളൂ. മൊത്തം വോട്ടുകളുടെ 49 ശതമാനമാണിത്. പത്തു ശതമാനം വോട്ടുള്ള കോൺഗ്രസിന്റേ തടക്കം യുപിഎ മുന്നണിക്ക് വെറും 25 ശതമാനം വോട്ടേയുള്ളൂ. ഇരു മുന്നണികളിലും ഇല്ലാത്ത പാർട്ടികൾക്ക് 26 ശതമാനം വോട്ടുണ്ട്.

എൻഡിഎ സ്ഥാനാർത്ഥിക്കു ജയം ഉറപ്പാക്കാൻ ഒരു ശതമാനം വോട്ടുകൂടി വേണം. നാലു ശതമാനം വോട്ടുള്ള ജഗൻ മോഹൻ റെഡ്ഡിയുടെ വൈഎസ്ആർ കോൺഗ്രസ് പാർട്ടിയും 2.85 ശതമാനം വോട്ടുള്ള ബിജു ജനതാദളും എൻഡിഎ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കും. ഇതു സംബന്ധിച്ച ചർച്ചകളും ധാരണകളുമെല്ലാം ചുട്ടെടുത്തു കഴിഞ്ഞു. ഇരു പാർട്ടികളിൽനിന്നുമായി 43,000 വോട്ടുകൂടി തരപ്പെടുത്തുന്നതോടെ എൻഡിഎയുടെ വോട്ടുബാങ്ക് 57.8 ശതമാനമായി ഉയരും. എൻഡിഎ വിജയം ഇങ്ങനെ ഉറപ്പിച്ചതിനു പുറമേയാണ് മഹാരാഷ്ട്രയിൽ കുതിരക്കച്ചവടം.



ജനാധിപത്യത്തിന്റെ ഇത്തരം അട്ടിമറികൾക്കിടയിലൂടെയാണ് ഗോത്രവർഗ വനിതയായ ദ്രൗപതി മുർമുവിനെ ബിജെപി രാഷ്ട്രപതി സ്ഥാനത്തേക്കു മൽസരിപ്പിക്കുന്നത്. ബിജെപി പാർലമെന്ററി ബോർഡാണ് ഝാർഖണ്ട് മുൻ ഗവർണറും ഒഡീഷയുടെ മുൻ മന്ത്രിയുമായിരുന്ന ദ്രൗപതി മുർമുവിനെ എൻഡിഎയുടെ രാഷ്ട്രപതി സ്ഥാനാർത്ഥിയായി തീരുമാനിച്ചത്. രാഷ്ട്രപതി സ്ഥാനത്തേക്ക് 20 പേരെയാണു പരിഗണിച്ചത്. 2017 ലും എൻഡിഎയുടെ രാഷ്ട്രപതി സ്ഥാനാർഥിയായി ദ്രൗപദി മുർമുവിനെ ബിജെപി പരിഗണിച്ചിരുന്നു. പക്ഷേ, നറുക്കു വീണത് ഇപ്പോൾ വിരമിക്കുന്ന രാഷ്ട്രപതി രാംനാഥ് കോവിന്ദിനായി.

രാഷ്ട്രപതി സ്ഥാനത്തെത്തുന്ന ആദ്യ ഗോത്രവർഗ നേതാവായിരിക്കും ദ്രൗപതി മുർമു. ഒഡീഷയിലെ സന്താൾ ഗോത്രവർഗത്തിൽപ്പെട്ട ദ്രൗപദി മുർമു രണ്ടു തവണ എംഎൽഎ ആയിരുന്നു. 2000 മുതൽ 2004 വരെ വാണിജ്യം, ഗതാഗതം ഫിഷറീസ് വകുപ്പുകളുടെ മന്ത്രിയായി. 2015 ൽ ജാർഖണ്ഡ് ഗവർണറായി. ഗവർണറായ ആദ്യ ഗോത്രവർഗക്കാരിയെന്ന റിക്കാർഡും ദ്രൗപതി മുർമുവിനാണ്. 1958 ജൂൺ 20ന് ഒഡിഷയിലെ ബൈഡപ്പോസി ഗ്രാമത്തിലാണു ജനനം. ശ്യാം ചരൺ മുർമുവിന്റെ പത്നിയാണ്. പതിമൂന്ന് വർഷം ബിജെപിയുടെ മയൂർഭഞ്ജ് ജില്ലാ ഘടകത്തിന്റെ അധ്യക്ഷയായിരുന്നു. പട്ടികവർഗ മോർച്ച ദേശീയ നിർവാഹകസമിതി അംഗമായിരുന്നു.

പഴയ കമ്യൂണിസ്റ്റു നേതാവും തൃണമൂൽ കോൺഗ്രസ് നേതാവുമായ യശ്വന്ത് സിൻഹയാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രപതി സ്ഥാനാർത്ഥി. കോൺഗ്രസ് ഉൾപെടെ 17 പ്രതിപക്ഷ പാർട്ടി നേതാക്കളുടെ യോഗം യശ്വന്ത് സിൻഹയുടെ സ്ഥാനാർത്ഥിത്വം അംഗീകരിച്ചു. തെലങ്കാന രാഷ്ട്രീയ സമിതിയും ആം ആദ്മി പാർട്ടിയും പിന്തുണച്ചിട്ടുമുണ്ട്. എന്നാൽ യുപിഎയിലെ ഗോത്രവർഗ പാർട്ടിയായ ജാർക്കണ്ഡ് മുക്തി മോർച്ച ദ്രൗപതി മുർമുവിനെ പിന്തുണയ്ക്കുമെന്ന അഭ്യൂഹങ്ങളും നിലവിലുണ്ട്.

ഗോത്രവർഗ വനിതയെ രാഷ്ട്രപതിയാക്കിയതുകൊണ്ട് ബിജെപിക്കു ഗോത്രവർഗ, ദ

ളിത് വിഭാഗങ്ങളുടെ പിന്തുണ വർധിച്ചെന്നു വരില്ല. എന്നാൽ ഈ തന്ത്രത്തിലൂടെ സൃഷ്ടിച്ചെടുക്കുന്ന പ്രതിച്ഛായ പൊതുവേ പാർട്ടിക്കു ഗുണം ചെയ്യും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പിന്നാക്ക മേഖലകളിൽ സവർണ മാടമ്പിമാരുടെ അടിമകളായ ദളിത്, ഗോത്ര വർഗക്കാർക്ക് ഇതൊന്നും മനസിലാവില്ല. മനുഷ്യാവകാശവും നീതിയും തൊഴിലും കൂലിയും പാർപ്പിടവും വിദ്യാഭ്യാസവുമെല്ലാം നിഷേധിക്കപ്പെട്ടവരാണവർ. അവരെ കരകയറ്റാനുള്ള പദ്ധതികൾ നടപ്പാക്കില്ലെന്നു മാത്രമല്ല, സഹായിക്കാനെത്തിയവരെ മാവോയിസ്റ്റുകളെന്നും രാജ്യദ്രോഹികളെന്നും മുദ്രകുത്തി ജയിലിലടച്ച ചരിത്രമാണ് മോദിക്കും അമിത്ഷായ്ക്കുമുള്ളത്. അങ്ങനെ ജയിലിലടച്ച് മരിച്ചവരുമുണ്ട്. പതിമ്മൂവായിരത്തോളം പേരെ ജയിലുകളിലരാജ്യദ്രോഹക്കുറ്റം സുപ്രീം കോടതി ഈയിടെയാണു മരവിപ്പിച്ചത്. ദളിതരോടും ഗോത്രവർഗക്കാരോടുമുള്ള കരുതലിന്റെ അടയാളം എവിടെ, യാഥാർത്ഥ്യം എവിടെ? ജനങ്ങളുടെ കണ്ണുകെട്ടി കളിക്കുന്ന ഭരണാധികാരികളല്ല, ജനങ്ങൾ തന്നെയാണ് ഇതെല്ലാം തിരിച്ചറിയേണ്ടത്.

## മഹാരാഷ്ട്രീയം

എൻഫോഴ്സ്മെന്റിനേയും സിബിഐയേയും വേട്ടപ്പട്ടികളാക്കി ഭരണം പിടിക്കുന്ന തന്ത്രം വിജയകരമായി ആഘോഷിക്കുകയാണു ബിജെപി. മഹാരാഷ്ട്രയിലും അതേ അടവുകൾതന്നെയാണ് അവർ പയറ്റുന്നത്. എന്നാൽ എല്ലാവരേയും അമ്പരപ്പിച്ച ഒരു കാര്യമുണ്ട്. രാജ് താക്കറെ കേഡർ പാർട്ടിയാക്കി വളർത്തിയ ശിവസേനയുടെ തലപ്പത്തുള്ള മുഖ്യമന്ത്രി ഉദ്ധവ് താക്കറെയ്ക്കു സ്വന്തം കസേരയുടെ കാലൊടിയുന്നതു മനസിലാക്കാൻ കഴിഞ്ഞില്ലെന്നതാണ് അത്.

മഹാരാഷ്ട്രയിൽ ശിവസേനയുടെ 55 എംഎൽഎമാരിൽ നാൽപതിലേറെ പേരും തന്നോടൊപ്പമുണ്ടെന്നാണു വിമത നേതാവായ ഏകനാഥ് ഷിൻഡെ അവകാശപ്പെടുന്നത്. ഏകനാഥ് ഷിൻഡെ ഏകനല്ല, ദേശീയ പാർട്ടിയുടെ പിന്തുണയുണ്ടെന്നും പ്രഖ്യാപിച്ചു. ബിജെപിയുമായി സഖ്യമുണ്ടാക്കി സർക്കാർ രൂപീകരിക്കുമെന്നാണ് പ്രഖ്യാപനം. എംഎൽഎമാരുമായി ആദ്യം ഗുജറാത്തിലെ സൂറത്തിലെ ഹോട്ടലിലേക്കും പിന്നീട് കുറേ ദൂരെയുള്ള ആസാമിലെ ഗോഹട്ടിയിലെ ഹോട്ടലിലേക്കും മാറി. ഷിൻഡെയുടെ ഭീഷണി കേട്ടപാടേ, രാജിവയ്ക്കാൻ ഒരുങ്ങിയ ഉദ്ധവ് താക്കറേ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ 'വർഷ'യിൽനിന്ന് കെട്ടും മാറാപ്പുമെല്ലാമെടുത്ത് സ്വന്തം വീടായ 'മാതാശ്രീ'യിലേക്കു താമസം മാറ്റി. പിറകേ, ഭരണമുന്നണിയിലെ സഖ്യകക്ഷികളായ എൻസിപി, കോൺഗ്രസ് നേതാക്കൾ ഇടപെട്ടതോടെയാണ് രാജിയില്ല, വിശ്വാസവോട്ടു നേടുമെന്നു പ്രഖ്യാപിച്ചത്. ഏക്നാഥ് ഷിൻഡെ അടക്കം 13 എംഎൽഎമാരെ അയോഗ്യരാക്കാൻ ഡെപ്യൂട്ടി സ്പീക്കർക്കു ശിവസേന കത്തു നൽകിയിട്ടുണ്ട്.

വിമത പക്ഷത്തെ എംഎൽഎമാർ തിരിച്ചെത്തിയാൽ ഔദ്യോഗിക പക്ഷത്തേക്കു മാറുമെന്നാണ് ഉദ്ധവ് താക്കറെയുടെ പ്രതീക്ഷ. മൂന്നിലൊന്ന് എംഎൽഎമാരുള്ളതിനാൽ കൂറുമാറ്റ നിരോധന നിയമം ബാധ



കമാകില്ലെന്ന ആശ്വാസത്തിലാണു വിമത പക്ഷം. മഹാരാഷ്ട്ര നിയമസഭയിൽ ആകെ സീറ്റ് 288. കേവലഭൂരിപക്ഷത്തിനു വേണ്ടത് 145. ഭരണകക്ഷിക്ക് 169 അംഗങ്ങളുണ്ടായിരുന്നു. ശിവസേന 56, എൻസിപി 53, കോൺഗ്രസ് –നാല്. മറ്റുള്ള 16 പേരുടെ പിന്തുണയുമുണ്ട്. ശിവസേനയുടെ ഒരു എംഎൽഎ, മരിച്ചു. രണ്ട് എൻസിപി മന്ത്രിമാർ ജയിലിലാണ്. അതോടെ ഭരണമുന്നണിയുടെ അംഗബലം 166 ആയി. ബിജെപിക്ക് 105 പേരുണ്ട്. ഷിൻഡെയ്ക്കൊപ്പം നാൽപതിലേറെ പേരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ കേവല ഭൂരിപക്ഷമായ 145 തികയ്ക്കാനാവൂ.

ഉദ്ധവ് താക്കറെ സർക്കാരിൽ ഏറ്റവും സീനിയറായ നേതാവായിരുന്നു ഷിൻഡെ. പ്രധാനപ്പെട്ട നഗരവികസന വകുപ്പാണ് അദ്ദേഹത്തിനു നൽകിയത്. ഷിൻഡെയുടെ മകന് എംപി സ്ഥാനവും നൽകിയിട്ടുണ്ട്. മഹാനഗരങ്ങളുള്ള മഹാരാഷ്ട്രയിൽ ഉദ്ധവിന്റെ മകനും മന്ത്രിയുമായ ആദിത്യ താക്കറെയുടെ അനുയായികളായ യുവസേനാ നേതാക്കളും മുഖ്യമന്ത്രിയുടെ ഓഫിസും തന്റെ വകുപ്പിൽ അമിതമായി ഇടപെടുന്നുവെന്ന അസംതൃപ്തി ഷിൻഡെയ്ക്ക് ഉണ്ടായിരുന്നു. തക്കം പാർത്തിരുന്ന ബിജെപി തരത്തിനൊത്തു തീ കൊളുത്തി. ഏക്നാഥ് ഷിൻഡെ ഏകനല്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് ആ പന്തവുമായി ശിവസേന ക്യാമ്പിലെ നാൽപതിലേറെ പേരെ വശത്താക്കി.



മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെ അൽപംപോലും ഗൗനിച്ചില്ലെന്ന പരാതിയാണ് ശിവസേന എംഎൽഎമാർക്കുള്ളത്. അധികാരത്തിലിരുന്ന രണ്ടു വർഷം തങ്ങളെ മുഖ്യമന്ത്രിയുടെ വസതിയിലേക്കു പ്രവേശിപ്പിച്ചിട്ടേയില്ലെന്ന് എംഎൽഎമാർ ആരോപിച്ചു. മണിക്കൂറുകൾ കാത്തിരുന്നാലും കാണാൻ അനുവദിക്കാറില്ല. കൂടെയുള്ളവരെ ഒപ്പം നിർത്താനും ശത്രു കെണി ഒരുക്കുന്നുണ്ടോയെന്നും തിരിച്ചറിയാനുള്ള ഉദ്ധവ് താക്കറെയുടെ ജാഗ്രതക്കുറവുമാണ് മറുപക്ഷം മുതലെടുത്തത്.

മഹാരാഷ്ട്രയിൽ ബിജെപിയുടെ താമര വിരിയിക്കാൻ എൻഫോഴ്സ്മെന്റും സിബിഐയും കുഴികുത്തിയും കിടങ്ങു കുഴിച്ചുമെല്ലാം അധ്വാനിക്കുന്നുണ്ട്. ശിവസേനാ മന്ത്രി അനിൽ പാബിനെ കള്ളപ്പണം വെളുപ്പിച്ച കേസിൽ ഇഡി കഴിഞ്ഞ ദിവസങ്ങളിൽ ചോദ്യം ചെയ്തിരുന്നു. എൻസിപിയുടെ രണ്ടു മന്ത്രിമാരെ ജയിലിലാക്കുകയും ചെയ്തു. ഇപ്പോൾ വിമത പക്ഷത്തുള്ള പലരേയും എൻഫോഴ്സ്മെന്റിന്റെ ഭീഷണിയുള്ളവരാണ്. മറുകണ്ടം ചാടിയില്ലെങ്കിൽ സ്വത്തു കണ്ടുകെട്ടുമെന്നും ജയിലിൽ അടയ്ക്കുമെന്ന ഭീഷണി ആരേയും വീഴ്ത്തിക്കളയും. മഹാരാഷ്ട്രയിലെ ശിവസേന നേതാവ് സഞ്ജയ് റാവത്ത്, എൻസിപി നേതാവ് അജിത് പവാർ തുടങ്ങിയവരും എൻഫോഴ്സ്മെന്റിന്റെ അന്വേഷണ പരിധിയിലുണ്ട്.

എൻഫോഴ്സ്മെന്റ് വേട്ടയും ചാക്കിട്ടുപിടുത്തവും റിസോർട്ട് രാഷ്ട്രീയവും മധ്യപ്രദേശ്, കർണാടക, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിൽ ബിജെപി പയറ്റി വിജയിച്ചിട്ടുണ്ട്. റിസോർട്ട് രാഷ്ട്രീയത്തിനു ദശാബ്ദങ്ങളുടെ പാരമ്പര്യമുണ്ട്. ആന്ധ്രപ്രദേശ്, ഹരിയാന, ഗുജറാത്തിലും ഉത്തർപ്രദേശിലും ബിഹാറിലും ഉത്തരഖണ്ഡിലും തമിഴ്നാട്ടിലുമെല്ലാം ഇതിനുമുൻപ് നാമതു കണ്ടിട്ടുണ്ട്.

മഹാരാഷ്ട്രയിൽതന്നെ നേരത്തെ ശരത് പവാറിന്റെ മകനും എൻസിപി നേതാവുമായ അജിത് പവാർ അച്ഛനറിയാതെ ബിജെപി നേതാവ് ഫഡ്നാവിസുമായി ഒത്തുകളിച്ചതു നാം കണ്ടതാണ്. ഒടുവിൽ ശരത് പവാർതന്നെ ഇടപെട്ട് അതു തിരുത്തിച്ചു.

ശിവസേനയിൽനിന്നു ബാൽ താക്കറെയുടെ അനന്തരവൻ പാർട്ടി പിളർത്തി മഹാരാഷ്ട്ര നവനിർമാൺ സേന രൂപീകരിച്ചതും ചരിത്രമാണ്.

രാഷ്ട്രീയക്കളികളുടെ അട്ടിമറികളാണു മഹാരാഷ്ട്രയിൽ. ഇനിയിവിടെ എന്തു നടന്നാലും ക്ഷീണം ജനാധിപത്യത്തിനാണ്.



# അമ്പതിനപ്പുറം കിലുങ്ങുന്ന പാദസരം




**തേജശ്രീ**

**ഇ**ടക്കാലത്ത് സോഷ്യൽമീഡിയയിൽ ഒരു ആപ്പിൽനിന്നുള്ള ചിത്രങ്ങൾക്ക് വൻ പ്രചാരമായിരുന്നു. സംഗതി വേറൊന്നുമല്ല, പ്രായമാകുമ്പോൾ നിങ്ങളുടെ മുഖം എങ്ങനെയിരിക്കും എന്നു കാണിക്കുന്ന ആപ്പ്. ഒട്ടുമിക്കവരും ഇതിലൂടെ മോടിപിടിപ്പിച്ച പടങ്ങൾ തങ്ങളുടെ പേജുകളിൽ ഒട്ടിച്ചു. കൗതുകത്തിനപ്പുറം പലരുടെയും ആശങ്കകൾക്കുകൂടിയുള്ള ഉത്തരമായിരുന്നു അവയോരോന്നും.

ഇനി പാട്ടിന്റെ കാര്യമെടുത്താലോ? പഴകുംതോറും വീര്യം കൂടുന്ന വീഞ്ഞിന്റെ കഥപോലെയാണ്. ചില പാട്ടുകളെ കാലം തൊടുകപോലുമില്ല. അല്ല ചിലപ്പോൾ തൊടുന്നുണ്ടാകും., തൊട്ടുതലോടി ഓമനിച്ച് അങ്ങനെ... ഇതാ, ഒരു സിനിമയിലെ മുഴുവൻ പാട്ടുകളുമെടുക്കൂ, അമ്പതാണ്ടു കടന്നുപോയിട്ടും അഴകിൽമുങ്ങിനിൽക്കുന്ന പാട്ടുകൾ!

കഴിഞ്ഞ അമ്പതുവർഷത്തിനിടയിലെ ഏറ്റവും മികച്ച മലയാളഗാനമേത് എന്നൊരു സർവേ നടത്തിയിരുന്നു ഒരു എഫ്എം റേഡിയോ നിലയം. ഒന്നാമതെത്തിയ പാട്ട് ആയിരം പാദസരങ്ങൾ കിലുങ്ങി എന്നതുതന്നെയായിരുന്നു. ആയിരം പാദസരങ്ങളുടെ കിലുക്കം അരനൂറ്റാണ്ടിനിപ്പുറവും നാം പുതുമയോടെ കേൾക്കുന്നു. ഇല്ലേ? ആ പാട്ടു പിറന്നതിനു പിന്നിൽ ഒരു കൗതുകമുണ്ട്.

ഒരുകാലത്ത് മലയാള സിനിമകളുടെ സ്ഥിരം ലൊക്കേഷനുകളിലൊന്നായിരുന്നു ആലുവ. നദി എന്ന ചിത്രത്തിലെ പാട്ടൊരുക്കത്തിന്റെ ഈ കഥയ്ക്ക് അരനൂറ്റാണ്ടുകവിഞ്ഞ പ്രായമുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആലുവ പാലസിലെ ലാലൻ ബംഗ്ലാവ്. അന്നവിടെ സംവിധായകൻ എ. വിൻസെന്റും സംഗീതസംവിധായകൻ ദേവരാജൻ മാസ്റ്ററുമുണ്ട്. പിറ്റേന്നു ചിത്രീകരിക്കുന്ന ഒരു ഗാനരംഗത്തിനുള്ള വരികൾ എഴുതിക്കിട്ടാൻ കാത്തിരിക്കുകയാണ് ഇരുവരും.

എഴുതാനിരിക്കുന്നത് വേറാരുമല്ല, വയലാറാണ്. ചിത്രീകരണത്തിന്റെ ടെൻഷനുകളൊന്നും ഗൗനിക്കാതെ അദ്ദേഹം പാല

സിൽ സുഹൃത്തുക്കൾക്കൊപ്പമിരിക്കുന്നു. രാത്രിവൈകി ഉറങ്ങുമ്പോഴും അണിയറക്കാർക്ക് പാട്ടിന്റെ വരികളെക്കുറിച്ച് രൂപമൊന്നുമില്ല. പക്ഷേ രാവിലെ നോക്കിയപ്പോൾ പാട്ടു റെഡിയാണ്!

ആലുവ പാലസിന്റെ ബംഗ്ലാവിന്റെ മട്ടുപ്പാവിൽ പെരിയാറിലേക്കു നോക്കിയിരുന്നാണ് വയലാർ ഈ ചിത്രത്തിലെ പാട്ടുകളെഴുതിയത്. ആ ബാൽക്കണിയിലിരുന്നാൽ മണൽ നിറഞ്ഞ പുഴയിൽ ആരും കാണാതെ ഓളവും തീരവും ആലിംഗനങ്ങളിൽ മുഴുകുന്നത് കാണാമായിരുന്നു എന്നാണ് പിന്നീടു വിശേഷിപ്പിക്കപ്പെട്ടത്. ആ രാത്രി വെളുപ്പിനിരുന്ന് വയലാർ എഴുതിയ പാട്ടാണ് ആയിരം പാദസരങ്ങൾ കിലുങ്ങി, ആലുവാപ്പുഴ പിന്നെയുമൊഴുകി...

പ്രതിഭകളുടെ സംഗമമായിരുന്നു നദി എന്ന സിനിമ. പി.ജെ. ആന്റണിയുടെ രചന, തോപ്പിൽ ഭാസിയുടെ തിരക്കഥ. നിർമിച്ചത് ഹരിപോത്തൻ. പ്രേം നസീർ, മധു, തിക്കുറിശ്ശി, ശാരദ, അംബിക, അടൂർ ഭാസി, ശങ്കരാടി, നെല്ലിക്കോട് ഭാസ്കരൻ, കവിയൂർ പൊന്നമ്മ തുടങ്ങിയ അഭിനേതാക്കളുടെ നീണ്ട നിര. സംഗീതവിഭാഗം നാം നേരത്തേ കണ്ടു. ചിത്രത്തിലെ എല്ലാ പാട്ടുകളും ഇന്നും മലയാളികളുടെ ചുണ്ടുകളിലും ഹൃദയങ്ങളിലുമുണ്ട്. എന്തിനേറെപ്പറയണം!

### ദർബാറി കാനഡയുടെ ഭംഗി

പുഴകൾ മലകൾ.., തപ്പുകൊട്ടാമ്പുറം.., കായാമ്പൂ കണ്ണിൽ വിടരും.., നിത്യവിശുദ്ധയാം കന്യാമറിയമേ.., പഞ്ചതന്ത്രം കഥയിലെ.., ഇന്നീ വാസമെനിക്കില്ല.. തുടങ്ങിയവയാണ് നദിയിലെ മറ്റു പാട്ടുകൾ. എല്ലാം ഒന്നിനൊന്നു സുന്ദരം. പൊന്നരണഞ്ഞാണം ഭൂമിക്കു ചാർത്തിയ പുഴയുടെ ഏകാന്ത പുളിനത്തിൽ എന്നു വയലാർ വീണ്ടുമെഴുതിയിരിക്കുന്നു, കായാമ്പൂ കണ്ണിൽ വിടരും എന്ന പാട്ടിൽ.

ആയിരം പാദസരങ്ങൾക്ക് ദേവരാജൻ മാസ്റ്റർ ദർബാറി കാനഡയുടെ കിലുക്കമാണ് നൽകിയത്. അസുഖങ്ങൾ മാറ്റാനുള്ള അസാമാന്യ ശക്തിയുള്ളതാണെന്നു ഈ രാഗമെന്നു കരുതപ്പെടുന്നുണ്ട്. രണ്ടുവർഷം മുമ്പ് കോമ അവസ്ഥയിലായ ഒരു പെൺകുട്ടിയെ സാധാരണ ജീവിതത്തിലേക്കു തിരികെയെത്തിക്കാൻ ദർബാറി കാനഡ ഉപയോഗിച്ചുള്ള സംഗീതചികിത്സയ്ക്കു കഴിഞ്ഞുവെന്ന് വാർത്തകൾ വന്നു. എൻ. രാജം വയലിനിൽ വായിച്ച രാഗമാണ് കൊൽക്കത്തക്കാരിയായ പെൺകുട്ടിയെ കേൾപ്പിച്ചത്. മറ്റെല്ലാ ചികിത്സകളും വിഫലമായപ്പോൾ ഡോക്ടർമാർ ഇതു പരീക്ഷിക്കുകയായിരുന്നു. പെൺകുട്ടിയുടെ തലച്ചോറിൽ രക്തം കട്ടപിടിച്ചതു നീക്കാൻ സംഗീതചികിത്സയ്ക്കു കഴിഞ്ഞുവെന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തുന്നു.

രോഗം മൂലമല്ലെങ്കിൽപ്പോലും ജീവിതത്തിലുണ്ടാകാവുന്ന നിശ്ചലാവസ്ഥകളെ മറികടക്കാൻ പാട്ടുകൾക്കു കഴിയുന്നതിന്റെ കാരണവും മറ്റൊന്നാവില്ല.

### പെരിയാറും അഴകുള്ള പെണ്ണും

ആലുവാപ്പുഴയുടെ കുളിരോർമയിൽ പ്രശസ്തമായ രണ്ടു പാട്ടുകൾകൂടിയുണ്ട്. ഭാര്യ എന്ന ചിത്രത്തിനുവേണ്ടി വയലാർ-ദേവരാജൻ കൂട്ടുകെട്ടിൽ പിറന്ന പെരിയാറേ, പെരിയാറേ ആണ് ആദ്യത്തേത്. നഗരം കാണാത്ത, നാണം മാറാത്ത നാടൻ പെണ്ണാണു നീ എന്നു കവി വർണിച്ചത് കാലപ്രവാഹംകൊണ്ട് മാറിയെങ്കിലും പാട്ടിൽ പുഴയുടെ കുളിലും കുണക്കവും ഇന്നും അനുഭവിക്കാം.

ഒ.എൻ.വി- രവീന്ദ്രൻ ദ്വയത്തിന്റെ പുഴയോരഴകുള്ള പെണ്ണാണ് രണ്ടാമത്തെ പാട്ട്. എന്റെ നന്ദിനിക്കുട്ടിക്ക് എന്ന ചിത്രത്തിലേതാണ് ഈ സുന്ദരഗാനം. മഴയത്തു തുള്ളുന്ന, മഴവില്ലുകണ്ടാൽ ഇളകുന്ന പെണ്ണാണ് കവിക്ക് പുഴ. ആയിരം നൊമ്പരം ഉള്ളിലൊതുക്കി ആഴിയിലേക്കു പാഞ്ഞ പുഴ..

ആയിരം നൊമ്പരമായാലും ആയിരം പാദസരക്കിലുക്കമായാലും പുഴയും പാട്ടുകളും പകരുന്ന അനുഭൂതികൾ ഋതുക്കൾക്കൊപ്പം മറയുന്നില്ല. പാട്ടുകൾക്കൊപ്പം എത്രകാലം ജീവിച്ചുവോ അത്രയും കാലത്തെ ഓർമകൾക്ക് ഈണമിട്ട് അവ നമുക്കൊപ്പം ഒഴുകും. അമ്പതോ അറുപതോ കഴിഞ്ഞാലും ഒരു പാദസരമിടണമെന്ന മോഹത്തിനു തിളക്കം കുറയുകയുമില്ല., ഉറപ്പ്.

●

## സംസ്കൃതിയുടെ നീരുറവ

**പൊ**തുസമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുന്ന കവിതയുടെ സുതാര്യമായ സ്വീകാര്യത സാധ്യമാക്കുന്നത് , ലളിതമായ ഭാഷയിലൂടെ സൃഷ്ടിച്ചെടുക്കുന്ന എഴുത്താണ് . നാടൻപാട്ടുകളും, ഗോത്രകവിതകളും ഏറേ ഹൃദ്യമാക്കുന്നത് അതിലൂടെ കിനിഞ്ഞ് വരുന്ന സംസ്കൃതിയുടെ നീരുറവ തന്നെയാണ്.

ബഹുസ്വരതയാൽ സമ്പന്നമായ ഇടത്തിലേക്ക് വേരിട്ട ഉൾക്കാഴ്കളുമായി ഗോത്രഭാഷാകവിതകൾ കടന്ന് വരുന്നുണ്ട് . അവർ കലഹിക്കുന്നത് മാറുന്നതൊ , മാറാത്തതൊ ആയ വ്യവസ്ഥിതിയോടാണ്. പരിപാലിച്ച് പോരുന്ന സ്വഭാവിക ആവാസ ഇടങ്ങൾക്ക് മേലുള്ള അധികാരപെയ്ത്തിന്റെ ഊക്കി നോടാണ് ഏറ്റുമുട്ടുന്നത്. അറിവ് പകർന്ന് തന്ന അമ്മയാണ് അവർക്ക് കാട് . കാടകം തന്നെയാണ് അവരുടെ ഹൃദയതാളം , അനുഭവങ്ങളാണ് അവർക്ക് ജീവിതപാഠം. അതുകൊണ്ട് തന്നെയാണ് ആചാര അനുഷ്ഠാനങ്ങൾ ഇന്നും ഗോത്രസമൂഹത്തിന്റെ ദൈവനീതിയായി തന്നെ നിലനിർത്തി പോരുന്നത്. ഇരുളർ, കാടർ , കാട്ടുനായ്ക്കർ, മുതുവാൻ ,പണിയൻ, മാവിലാൻ ...... തുടങ്ങി ഗോത്രഭാഷയിൽ നിന്ന് കവിതകൾ ആനുകാലികങ്ങളിലൂടെ നമ്മൾ വായിക്കുന്നു. അവർ തന്നെ മലയാള പരിഭാഷയും ചെയ്യുന്നു.

'ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഏറ്റവും വലിയ ആദിവാസി സമൂഹമാണ് പണിയർ . തമിഴിന്റെയും , മലയാളത്തിന്റെയും , കന്നടയുടെയും സ്വാധീനമുള്ള പണിയഭാഷയാണ് ജീവിത സങ്കേതങ്ങളിൽ ആശയ വിനിമയത്തിന് ഉപയോഗിക്കുന്നത്. ജന്മികളുടെ കൃഷിയിടങ്ങളിലെ അടിമകളായിരുന്നു പണിയർ. വനവിഭവങ്ങൾ ശേഖരിച്ചും , കാർഷികവൃത്തി ചെയ്തും ഉപജീവനം നടത്തുന്ന ഇവരുടെ ഇടയിൽ പൂർവ്വികമായ ആചാരങ്ങളും , പെരുമാറ്റ ശീലങ്ങളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പിൽക്കാല പരിഷ്കൃതിയുടെ അധിനിവേശത്തിനിടയിലും പരമ്പരാഗതമായ സംഘജീവിതം തന്നെ കാത്തുസൂക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ് ഈ ആദിവാസി വർഗം. കാലികമായ സാമൂഹിക മാറ്റങ്ങൾക്ക് വിധേയമായി പണിയരുടെ സംഘബോധവും, ദിനാചാരങ്ങളും ഉൾപ്പെട്ട ആദിമവ്യവസ്ഥകളിൽ പരിവർത്തനം ഉണ്ടാകുന്നതായും കാണാം.

**കേരളത്തിലെ ആദിവാസികൾ, കലയും സംസ്കാരവും: മനോജ് മാതിരപ്പള്ളി**

## ഗോത്രകവിതകൾ പരിചയപ്പെടുമ്പോൾ

പണിയ സമുദായത്തിൽപ്പെട്ട ഗോത്രഭാഷാ കവിയാണ് ഹരീഷ് പൂതാടി. ആനുകാലികങ്ങളിൽ മികച്ച സാന്നിദ്ധ്യം അറിയിക്കുന്ന കവി. ഹരീഷ് എഴുതിയ ' ഭയക്കണം കാടിനെ ' എന്ന കവിതയിലൂടെ ??

ഇതൊരു ഓർമപ്പെടുതലാണ്. കാടിനെ ഭയപ്പെടേണ്ടതാക്കി മാറ്റിയത് നമ്മൾ തന്നെയാണ്. മരങ്ങളെ അരിഞ്ഞ് വീഴ്ത്തി കുന്നായ കുന്നെല്ലാം ഇടിച്ച് നിരപ്പാക്കിയും , വികസനത്തിന്റെ വിത്തുകൾ പാകുമ്പോൾ എന്നും ഭീഷണി നേരിടുന്നത് കാടും മലകളുമാണ്. സ്വഭാവികമായ ആവാസവ്യവസ്ഥ നഷ്ടമാക്കിയ വികസന ഭീകരതയ്ക്കുള്ള താക്കീതാണ് ചെറിയ വരികളിലൂടെ വലിയൊരു സത്യത്തെ തൊട്ടുണർത്തിയ ഈ കവിത . സകലതും പൊടുന്നനെ ഇല്ലാതായി പോവുന്നു. ഓർമ്മകളിൽ മാത്രം അസ്തിത്വമുള്ള ഒരു പച്ചപ്പ് , അരുവി തണുപ്പ്, കുളിരേകുന്ന കാടകം എന്താണ് നമ്മളോട് പറഞ്ഞ് കൊണ്ടിരിക്കുന്നത് ? ഊഷ്മളമായ ഈ ജൈവസമ്പത്ത് പൊതിഞ്ഞ് പിടിച്ച് നെഞ്ചോട് ചേർത്ത് കൂടെ കൂട്ടണം എന്ന് തന്നെയല്ലേ ?

കാടും , കൈതോടും നമ്മളെയും ഇല്ലാതാക്കും എന്ന താക്കീത് കവിതയുടെ വരികൾക്കിടയിൽ കടലിരമ്പം പോലെ ഒളിഞ്ഞിരിപ്പുണ്ട്.



**ജയപ്രകാശ് എറവ്**



# പോടിക്കണു കാടുനെ

പോടിക്കണു
കാടുനെ പോടിക്കാണു
കാടു വഞ്ചോ നിപ്പ അടി ഇലടെ പുടിപ്പ
കൊമ്പിലടെ

മര കാണി
കുഞ്ചു കാണി
കണ്ടനും കാട്ടുചിറയും കാണി
കാട്ടുവള്ളി കാണി

പാറേ പൊട്ടി
മണ്ണിടിഞ്ചു
കല്ലുരുണ്ടു
അടി മണ്ണു മേലെ മറിഞ്ചു
കാടു വഞ്ചോ
പൊടിക്കണു കാടുനെ

മണ്ണു ബുറെച്ചു
അരിയം പുടിച്ചണ്ടു
ഭൂമി കുലുക്കായ്
ഉരുളു പോട്ടെലായ്
കാടു വഞ്ചോ
പൊടിക്കണു കാടുനെ

ഏ കെട്ടിടമേ തടൈവാത്തെല തടൈഞ്ചോ.

പരിഭാഷ:

## ഭയക്കണം കാടിനെ

...................

ഭയക്കണം
കാടിനെ ഭയക്കണം
കാട് വരുന്നു
നിൽക്കാൻ ഇടമില്ലാതെ
പിടിക്കാൻ കൊമ്പില്ലാതെ

മരമില്ല
കുന്നില്ല
വയലും കാട്ടരുവിയും ഇല്ല
കാട്ടുവള്ളിയില്ല


പാറ പൊട്ടി
മണ്ണിടിഞ്ഞ്
കല്ലുരുണ്ട്
അടിമണ്ണ് മേലെ മറിഞ്ഞും
കാട് വരുന്നു
ഭയക്കണം കാടിനെ

മണ്ണ് വിറച്ച്
കലി തുള്ളി
ഭൂമി കുലുങ്ങി
ഉരുൾ പൊട്ടി
കാട് വരുന്നു
ഭയക്കണം കാടിനെ

ഹെ കെട്ടിടമേ തടയുമെങ്കിൽ തടഞ്ഞോളൂ.



**ഹരീഷ് പൂതാടി :**
വയനാട് ജില്ലയിൽ പൂതാടിക്കടുത്ത് താമസം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ചെതലയം ITSR -ലെ MA Sociology രണ്ടാം വർഷ വിദ്യാർത്ഥിയാണ്.



# യാത്രയയപ്പ്



രേഖ തോപ്പിൽ

**പൊ**തുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാബിന്റെ ഹാഫ് ഡോർ  തള്ളി തുറന്ന് ഗണേഷനും രവിയും അകത്ത് കടന്നു. എഞ്ചിനീയർ മോഹൻ ഫയലിൽ തിരക്കിട്ട് എഴുത്തിലാണ്.

'സാർ , സമയം നാലരയായി . ഇന്നാണ് ഭവാനിയമ്മ പിരിയുന്നത്. ചെറിയൊരു യാത്രയയപ്പ് ചടങ്ങുണ്ട്. സാറൊന്ന് വന്ന് പോവണം' രവി ആഗമനോദ്ദേശം അറിയിച്ചു.

'ഞാൻ വേണോ ചടങ്ങിന് ? ' മോഹൻ നീരസം പ്രകടിപ്പിച്ചു.

'മുപ്പത് വർഷം ഈ ഓഫീസിൽ സ്വീപ്പർ ആയി ജോലി ചെയ്തതാ ഭവാനിയമ്മ . അവർക്ക് ചെറിയൊരു ചടങ്ങെങ്കിലും ഒരുക്കേണ്ടെ സാർ? 'ഗണേഷൻ സംഘടനാ നേതാവെന്ന നിലയിൽ പ്രതികരിച്ചു.

'ഭവാനിയമ്മയുടെ മകനും മകളും വന്നിട്ടുണ്ട്. എല്ലാവരും ഹാളിലെത്തി. സാർ വന്നാൽ ചടങ്ങ് തുടങ്ങാമായിരുന്നു 'രവി സമയക്കുറവ് ഓർമ്മിപ്പിച്ചു.

'സാർ, ഇന്ന് ഭവാനിയമ്മയെ വീട്ടിലെത്തിക്കാൻ നമ്മുടെ ഓഫീസിലെ  കാറെടുക്കുന്നുണ്ട്. 'ഗണേഷൻ ഉത്തരവാദിത്തബോധത്തോടെ അറിയിച്ചു.

'ഇല്ല, അത് പറ്റില്ല. ഇന്ന് വൈകിട്ട് ബ്ളൂ ഡയൽ ഹോട്ടലിൽ കോൺട്രാക്ടേർസിന്റെ ഡിന്നർ പാർട്ടിയുണ്ട്. എനിക്കതിന് പോകേണ്ടതുണ്ട്. നിങ്ങൾ മറ്റാരുടെയെങ്കിലും വാഹനം നോക്കിക്കോളൂ ' എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗൗരവത്തിൽ തന്നെ പ്രതികരിച്ചു.

ഗണേഷിനും  രവിക്കും ഒന്നും പറയാനില്ലായിരുന്നു. കഴിഞ്ഞ മാസം സൂപ്രണ്ട് ചന്ദ്രൻ പിള്ള റിട്ടയർ ചെയ്തപ്പോൾ ഓഫീസ് വാഹനത്തിലാണ് അദ്ദേഹത്തെ വീട്ടിലെത്തിച്ചത്. ഇത് പാർട്ടൈം സ്വീപ്പറായി പോയില്ലെ.

ഭവാനിയമ്മ മുപ്പത് വർഷമായി ഇതെ ഓഫീസിലാണ് ജോലി ചെയ്തത്. നഗരത്തിൽ നിന്നകലെയുള്ള വീട്ടിൽ നിന്ന് രാവിലെ ഓഫീസിലെത്തി തുറന്ന് എല്ലാവരും വരും മുമ്പെ എല്ലായിടവും അടിച്ചു വാരി വൃത്തിയാക്കിയിട്ടുണ്ടാവും. ഉച്ചവരെ പണിയുള്ളൂവെങ്കിലും മിക്ക ദിവസവും  വൈകിട്ടെ അവർ പോവാറുള്ളൂ. ഓഫീസിലെ പ്യൂണിന്റെ ജോലി വരെ അവർ ചെയ്യുന്നു. ആരോടും മുഷിച്ചിലില്ലാത്ത പ്രകൃതം. അധികം സംസാരിക്കാറില്ല. ആരും അവരെ കുറിച്ചും അന്വേഷിക്കാറില്ല. എല്ലാവരുടെയും മേശപ്പുറങ്ങളെല്ലാം വൃത്തിയാക്കി വെക്കും. ജീവനക്കാർക്കുള്ള ചായ പുറത്തെ കടയിൽ നിന്നെത്തിക്കുന്നതെല്ലാം ഭവാനിയമ്മയാണ് , ഇതുവരെ ഒരു കാര്യത്തിലും ആരോടും പരാതിയോ പരിഭവമോ പറഞ്ഞിട്ടില്ല. അ

വർ അത്യാവശ്യത്തിന് ലീവാകുന്ന ദിവസം ഓഫീസിൽ എല്ലാവരും പ്രയാസപ്പെടാറുണ്ട്. അവരാണിന്ന് പടിയിറങ്ങുന്നത്.

കോൺഫ്രൻസ് ഹാളിൽ ഓഫീസിലെ കുറച്ച് ജീവനക്കാരെല്ലാം ഒത്തുകൂടിയിട്ടുണ്ട്. സൂപ്രണ്ട് ചന്ദ്രൻ പിള്ളയുടെ റിട്ടയർമെന്റ് ചടങ്ങ് പോലെ കളർഫുളല്ല ഇന്ന്. പലരും ഇന്ന് വന്നിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ എത്തിയതോടെ ചടങ്ങിന് തുടക്കമായി.

ഓഫീസിലെ ഉയർന്ന ഓഫീസർമാരെല്ലാം വേദിയിലെ മുൻ നിരയിലുണ്ട്. ഇന്നത്തെ മുഖ്യാതിഥിയായ ഭവാനിയമ്മ പിൻനിരയിലാണിരിക്കുന്നത്. വേദിയിലെ മേശപ്പുറത്ത് അവർക്കുള്ള ചെറിയൊരു മെമെന്റോ വെച്ചിട്ടുണ്ട്. ഹാളിന്റെ പിൻനിരയിൽ പരിചയമില്ലാത്ത രണ്ട് മുഖങ്ങളുണ്ട്. ഭവാനിയമ്മയുടെ മകളും മകനുമാണത്. മാന്യമായ വേഷം ധരിച്ചാണവർ വന്നിരിക്കുന്നത്.

മോഹനൻ സാർ കസേരയിലിരുന്ന് അസ്വസ്ഥത പ്രകടമാക്കുന്നുണ്ട്. സമയം വൈകും തോറും വൈകിട്ടത്തെ പാർട്ടിയിൽ ലേറ്റാവുമെന്ന ആശങ്ക. ഇടക്കിടെ വാച്ചിലേക്ക് നോക്കി കൊണ്ടിരിക്കുന്നു. സ്വാഗത ഭാഷണം നടത്തുന്നത് ഗണേഷനാണ്. അത് സ്ഥിരമായി അദ്ദേഹത്തിന്റെ ചുമതലയാണ്. സ്വാഗതം കഴിഞ്ഞ് സൂപ്രണ്ടിന്റെ അദ്ധ്യക്ഷ പ്രസംഗം. ഭവാനിയമ്മയുടെ മുപ്പത് വർഷത്തെ സേവനം രണ്ട് വാചകങ്ങളിലൊതുക്കി ഉപഹാര സമർപ്പണത്തിനായി മോഹനൻ സാറിനെ ക്ഷണിച്ചു. ഉപഹാരം ഏറ്റുവാങ്ങുമ്പോൾ ഭവാനിയമ്മയുടെ കണ്ണു നിറഞ്ഞു . മോഹൻ സാർ പ്രസംഗിക്കുന്നില്ലെന്ന് വേദിയിൽ അറിയിച്ചു. ആശംസ നേരാൻ സദസ്സിൽ നിന്നാരുമുണ്ടായിരുന്നില്ല. എല്ലാവർക്കും ചടങ്ങ് നേരത്തെ തീർക്കണമായിരുന്നു. മറുപടി പ്രസംഗത്തിനായി ഭവാനിയമ്മയെ ക്ഷണിച്ചു.

ഒരിക്കൽ പോലും പ്രസംഗിച്ചു പരിചയമില്ലാത്ത ഭവാനിയമ്മ മൈക്കിന് മുന്നിൽ നിന്ന് ഒരക്ഷരം പോലും പറയാനാവാതെ വിങ്ങിപ്പൊട്ടുകയായിരുന്നു. തളരുന്നത് പോലെ തോന്നിച്ചു . അമ്മയുടെ നിസ്സഹായാവസ്ഥ കണ്ടാണ് പിൻനിരയിൽ നിന്ന് മകൻ വേദിയിലേക്ക് ഓടിവന്നത്.

മകന്റെ ശരീരത്തിൽ ചാരി നിന്ന് കരയാനല്ലാതെ ഭവാനിയമ്മക്ക് മറ്റൊന്നിനും കഴിഞ്ഞില്ല.

' എന്റെ അമ്മയ്ക്ക് ഏറ്റവും പ്രിയം നിറഞ്ഞവരെ ' .... മകൻ മൈക്കിലൂടെ പറഞ്ഞു തുടങ്ങി.

' എനിക്കും എന്റെ ചേച്ചിക്കും ഇന്ന് ഏറ്റവും സന്തോഷമുള്ള ദിവസമാണ്. ഞങ്ങളുടെ അമ്മയെ ഞങ്ങൾക്ക് മാത്രമായി കിട്ടുകയാണിനി ... '

ആ ചെറുപ്പക്കാരന്റെ കണ്ഠവുമിടറുന്നുണ്ടായിരുന്നു. ' എന്റെ അഞ്ചാം വയസ്സിലാണ് അച്ഛൻ മരിക്കുന്നത്. ചേച്ചിക്കന്ന് ഏഴ് വയസ്സ് പ്രായം. സർക്കാർ അതിഥി മന്ദിരത്തിലെ പ്യൂണായിരുന്ന അച്ഛന്റെ ജോലിയാണ് അമ്മക്ക് കിട്ടിയത്. ഈ ഓഫീസിലാണ് അമ്മ ആദ്യമായി ജോലിക്ക് കയറിയത്. ഇവിടെ നിന്ന് തന്നെ പടിയിറങ്ങുകയാണ് അമ്മ . അമ്മക്കിന്ന് സംസാരിക്കാനാവില്ലെന്ന് ഞങ്ങൾക്കറിയാം. അമ്മക്ക് വേണ്ടിയാണ് മകനായ ഞാൻ സംസാരിക്കുന്നത്....'

അമ്മയെ ചേർത്ത് പിടിച്ചുള്ള മകന്റെ സംസാര രീതി സദസ്സ് സാകൂതം കേട്ട് നിൽക്കുകയായിരുന്നു.

' ഞങ്ങളെ അമ്മ പഠിപ്പിച്ചത് ഈ ജോലി കൊണ്ടാണ്. ഇവിടത്തെ ജീവനക്കാരെ സ്നേഹിച്ച പോലെ അമ്മ ഞങ്ങളെ സ്നേഹിച്ചിട്ടില്ല. ഈ ഓഫീസിലെ ഓരോരുത്തരെയും ഞങ്ങൾക്കറിയാം. അവരുടെ വിശേഷങ്ങളും ഞങ്ങളോട് അമ്മ പറഞ്ഞിട്ടുണ്ട്. ഞങ്ങളെ പഠിപ്പിക്കാനായി അമ്മ ഒഴിവു ദിവസങ്ങളിൽ ഞങ്ങളുടെ ഗ്രാമത്തിലെ ചില വീടുകളിലും പണിക്ക് പോയിരുന്നു. ചേച്ചിയെ നഗരത്തിലെ കോളേജിലേക്കയക്കുമ്പോൾ അമ്മ സാമ്പത്തികമായി പ്രയാസപ്പെട്ടത് ഞങ്ങൾക്കറിയാം. ചേച്ചിക്ക് പിറകെ ഞാനും കോളേജിലെത്തിയപ്പോൾ അമ്മ പണത്തിനായി വിശ്രമമില്ലാതെ പണിയെടുക്കുകയായിരുന്നു. ആരുടെയും മുന്നിൽ അമ്മ കൈനീട്ടിയില്ല. ഒരു പക്ഷേ ഈ ഓഫീസിലെ ഒരു ജീവനക്കാരൻ പോലും ഈ അമ്മയുടെ പ്രയാസം അറിഞ്ഞിരുന്നില്ല. ആരെയും അമ്മ അറിയിച്ചില്ലെന്നതാണ് സത്യം. ചേച്ചിയാണാദ്യം സിവിൽ സർവ്വീസിൽ പ്രവേശിച്ചത്. പരിശീലനത്തിനായി മസ്സൂറിയിലേക്ക് പോകുമ്പോൾ അമ്മയും ഞാനും തനിച്ചായി ....... '

സദസ്സ് വിശ്വസിക്കാനാവാതെ തരിച്ചിരിക്കയാണ്. ഭവാനിയമ്മയുടെ മകൾ സിവിൽ സർവീസിലോ ! വേദിയിലിരിക്കുന്നവരും ഭവാനിയമ്മയുടെ മകന്റെ പ്രസംഗത്തിലാണ് ശ്രദ്ധിക്കുന്നത്. സദസ്സിന്റെ പിറകിലിരിക്കുന്ന ഭവാനിയമ്മയുടെ മകളെ പലരും

തിരിഞ്ഞു നോക്കുന്നത് കണ്ടു.

' ചേച്ചി സിവിൽ സർവ്വീസ് പരിശീലനം കഴിഞ്ഞ് ഇന്ത്യൻ ഫോറിൻ സർവ്വീസിൽ കയറിയപ്പോഴും അമ്മയുടെ ജോലി ഉപേക്ഷിക്കാൻ ഞങ്ങൾ പറഞ്ഞില്ല. കാരണം ഈ വിയർപ്പാണ് ഞങ്ങളുടെ ഊർജം . ചേച്ചിക്ക് പിറകെ ഞാനും സിവിൽ സർവ്വീസിൽ പ്രവേശിച്ചപ്പോൾ അമ്മയെ ചേച്ചി ഡൽഹിയിലേക്ക് കൂടെ കൂട്ടാൻ ശ്രമിച്ചതായിരുന്നു.... '

തങ്ങളുടെ മുന്നിലിരുന്ന് സംസാരിക്കുന്നത് ഒരു ഉയർന്ന ഉദ്യോഗസ്ഥനാണെന്ന് മനസ്സിലായതും സദസ്സ് അൽഭുതപ്പെട്ടുപോയി.

' പക്ഷേ ... അമ്മ ഈ ഓഫീസ് വിട്ട് പോരാൻ കൂട്ടാക്കിയില്ല. മക്കളുടെ നേട്ടങ്ങൾ പോലും തന്റെ ഓഫീസിൽ അറിയിക്കാതിരിക്കാൻ അമ്മ ശ്രമിച്ചു. ഞങ്ങളോടൊപ്പം പൊതു സദസ്സുകളിൽ അമ്മ വന്നില്ല. ഞങ്ങളുടെ ഗ്രാമത്തിലെ പഴയ വീട്ടിൽ അമ്മ ഒറ്റക്ക് കഴിയുന്നു. ഈ ജോലി കാരണമാണത്. ഒരോ ഒഴിവു ദിവസവും ഞങ്ങൾ കുടുംബ സമേതം അമ്മക്കരികിലെത്തും. എല്ലാ അധികാരഭാവങ്ങളും വിട്ട് അമ്മയുണ്ടാക്കുന്ന കഞ്ഞിയും പയറും കഴിക്കാൻ ഞങ്ങളുണ്ടാവാറുണ്ട്. ചേച്ചിയുടെ ഫോറിൻ അസൈൻമെന്റ് പോലും നീട്ടി വെച്ചത് അമ്മയുടെ റിട്ടയർമെന്റ് കാത്തിരുന്നിട്ടാണ്. ഞാനിപ്പോൾ കർണാടകയിലെ കൂർഗിൽ അസിസ്റ്റന്റ് കലക്ടറായാണ് ജോലി നോക്കുന്നത് .ഇപ്പോ ഞാനും ചേച്ചിയും തമ്മിൽ ചെറിയൊരു തർക്കത്തിലാണ്. അമ്മയെ ചൊല്ലിയാണത്. ഇനിയെങ്കിലും ഞങ്ങൾ ഓരോരുത്തർക്കും അമ്മയെ സ്വന്തമായി കിട്ടണം. ആ സ്നേഹം മുഴുവനും ഞങ്ങൾക്ക് വേണം .... '

വേദിയിലിരിക്കുന്നവരെല്ലാം കേൾക്കുന്നതൊന്നും വിശ്വസിക്കാനാവാത്ത പോലെ മിഴിച്ചിരുന്നു പോയി. ഈ ഓഫീസിൽ ഒരു പരിഗണനയും നൽകാത്ത ഒരു പാർട്ടൈം സ്വീപ്പറുടെ രണ്ട് മക്കളും ഇന്ത്യൻ സിവിൽ സർവ്വീസിൽ ആണെന്ന് അറിയാത്തവരായതിൽ എല്ലാവരുടെയും ശിരസ്സ് കുനിഞ്ഞിരിക്കയാണ്. മകൻ തുടർന്നു.

' അധികം പറയാനെനിക്കിനി ഒന്നുമില്ല. ഞങ്ങളുടെ അമ്മയെ തിരികെ നൽകിയ ഈ ഓഫീസിലെ ഓരോരുത്തരോടും അമ്മയ്ക്ക് വേണ്ടി നന്ദിയും കടപ്പാടും അറിയിക്കുന്നു ... '

മകൻ അമ്മയെയും പിടിച്ച് വേദിയിൽ നിന്നിറങ്ങുമ്പോഴേക്കും പിൻവശത്തുനിന്ന് മകൾ വേദിയിലേക്ക് വേഗത്തിൽ നടന്നടുത്തു. സ്റ്റേജിലേക്ക് കയറി മൈക്കിനഭിമുഖമായി നിന്ന് അവർ പറഞ്ഞു തുടങ്ങി.

' ക്ഷമിക്കണം , നിങ്ങളോട് ഒരു അപേക്ഷയുണ്ടെനിക്ക് , അത് പറയാനാണ് ഞാനിപ്പോൾ വേദിയിലെത്തിയത്...'

അവർ സംസാരം അല്പം നിർത്തിയതും സദസ്സ് മുഴുവൻ ആ ഐ എഫ് എസുകാരിയിലായി ശ്രദ്ധ.

' അമ്മയ്ക്ക് നിങ്ങളിന്ന് കൊടുത്ത ഉപഹാരമുണ്ടല്ലോ, അത് എന്റെ അമ്മയ്ക്ക് കിട്ടിയ ആദ്യ ഉപഹാരമാണ്. അമ്മയത് അച്ഛന്റെ ഫോട്ടോക്കരികിൽ സൂക്ഷിക്കുമെന്നുറപ്പുണ്ട്. ഒരു കാര്യം കൂടി ഞാനാവശ്യപ്പെടുന്നു. ഈ ഓഫീസിലായിരുന്നു ഞങ്ങളുടെ അമ്മയുടെ ജീവിതം തളച്ചിടപ്പെട്ടത്. ഈ ഓഫീസിന്റെ മുക്കും മൂലയും ഞങ്ങൾക്കറിയാം. ഇവിടെ അമ്മ ഉപയോഗിച്ച തൊഴിലുപകരണങ്ങളെന്താണെന്നും അവ എവിടെയൊക്കെയാണ് വെക്കാറെന്നും അമ്മ പറയാറുണ്ട്. ഒന്നു പറഞ്ഞോട്ടെ... വനിതകളുടെ വാഷ് റൂമിന്റെ പിറകിൽ അമ്മ അടിച്ചു വരുന്ന ഒരു ചൂലുണ്ട്. ഇന്ന് രാവിലെ വരെ അമ്മയത് ഉപയോഗിച്ചതാണ്. അതെനിക്ക് തരാൻ ദയവുണ്ടാവണം, അതിലെന്റെ അമ്മയുടെ കൈയ്യിലെ വിയർപ്പിന്റെ ഗന്ധമുണ്ട് , ഞങ്ങളെക്കാളേറെ അമ്മ സ്നേഹിച്ച ഈ ഓഫീസിന്റെ ചൂരുണ്ട്.... '

അവർ സംസാരത്തിന് അല്പം വിരാമമിട്ടു. സദസ്സിലാകെ നിശ്ശബ്ദത ! മോഹൻ സാർ വേദിയിലിരുന്ന് കണ്ണ് തുടക്കുന്നു. ഒരു സ്നേഹ നിധിയായ ജീവനക്കാരിയെ അമ്മയെ വിനയാന്വിതരായ മക്കളെ തിരിച്ചറിഞ്ഞ സദസ്സിന്റെ നിശ്ശബ്ദത ! ചെറിയ അധികാരക്കസേരകൾക്ക് മുകളിൽ അടയിരിക്കുന്ന ഓഫീസ് മേധാവികളെ ഉത്തരംമുട്ടിച്ച നിശ്ശബ്ദത !

വേദിയിൽ നിന്നിറങ്ങി അമ്മയ്ക്ക് ഇരുവശത്തുമായി വാഷ്റൂമിനരികിലേക്ക് നടന്നു പോകുന്ന ആ കുടുംബത്തിന് വേണ്ടി സദസ്സ് വഴിമാറി കൊടുക്കുമ്പോൾ അവരുടെ ഉള്ളിലെ അഹങ്കാരങ്ങളെല്ലാം ആ അമ്മയും മക്കളും അടിച്ചു വാരിക്കളഞ്ഞിരുന്നു. അപ്പോഴേക്കും കർണാടക രജിസ്ട്രേഷനിലുള്ള ചുകന്ന ബോർഡ് വെച്ച കാർ ഓഫീസ് കോമ്പൗണ്ടിനകത്തേക്ക് പ്രവേശിച്ചു കഴിഞ്ഞിരുന്നു.

●

ചെറുകഥ

# ആഴക്കടലിലെ അസ്തമയം





രാജൻ എലവത്തൂർ

ഉച്ചയുറക്ക ലഹരിയിലായിരുന്ന ഭാസ്ക്കരൻ ഞെട്ടിയുണർന്നു.

ഭാര്യ ശാരദയുടെ സ്പർശനം.

"എണീറ്റേ നേരം നാലായി കാപ്പികുടിക്കൂട്ടോ–"

അലോസരം തോന്നിയില്ല

"ഒന്നൂടെ കിടക്കട്ടെ"

ഉറക്കച്ചടവിൽ പിറുപിറുത്തു.

ഉച്ചഉറക്കം പണ്ടേ ശീലമാണ്. സ്വസ്ഥമായപ്പോൾ കടുത്ത ശീലവുമായി,

"ന്താ തന്തേ വൈകുന്നേരായിട്ടും കൂർക്കം വലിച്ചുറങ്ങ്യാ, എണീറ്റ് പിന്നാം പുറം ചെന്നിരിക്യാ, വീട്ടില് ഗസ്റ്റോള് വരാറായി."

മകന്റെ ഭാര്യയുടെ ശാസനം.

ഭാസ്കരൻ ചടപടാന്ന് എണീറ്റു.

"ശാരദേ നീയെവിട്യാ"

പ്രജ്ഞയറ്റു.

തന്നെ തനിച്ചാക്കി ശാരദ നേരത്തെ പോയി. എന്നിട്ടും ദൈനംദിനം തന്റെ എല്ലാ കാര്യങ്ങളിലും ശാരദ ഉണ്ടെന്ന വിശ്വാസത്തിലായിരുന്നു ഭാസ്കരൻ.

ഭാസ്ക്കരൻ ഏങ്ങി വലിച്ച് പിന്നാംപുറത്തെത്തി. മുഖം കഴുകിയപ്പോൾ ഉള്ള് തണുത്തു. കസേരയിലിരുന്നു. അയാളെ നോക്കി അണ്ണാറക്കണ്ണൻ വാഴയിൽ ചാടിമറിഞ്ഞു.

"ചായ എപ്പോഴാണാവോ കിട്ടുക." ശാരദ കൃത്യസമയത്ത് ചായ തരുമായിരുന്നു. ഉള്ള് ഉരുകി

പിന്നാംപുറത്തെ വാതിൽ മകന്റെ ഭാര്യ ശബ്ദത്തോടെ പെട്ടെന്ന് അടച്ചു.

ഭാസ്ക്കരൻ നരച്ച ആകാശത്തേക്ക് നോക്കി. താനും നരച്ചിരിക്കുന്നു. തലയും ദേഹവും തടവി. മകനും ഭാര്യയും കുട്ടികളും വിരുന്നുകാരുമായി സംസാരിക്കുന്നതിന്റെ ബഹളം. ഒന്നും വ്യക്തമല്ല. ജനൽ തുറന്ന് നോക്കാൻ പറ്റാത്ത സ്ഥിതി. കുറച്ചുകഴിഞ്ഞപ്പോൾ തീറ്റസാധനങ്ങളുടെ മണം.

ശാരദ ഇടക്കിടെ പലഹാരങ്ങൾ ഉണ്ടാക്കുമായിരുന്നു. ഉണ്ണിയപ്പം, കായവറുത്തത്, അട, ഉഴുന്നുവട – എല്ലാം മതിയാവോളം തീറ്റിച്ചിരുന്നു. മകനെ മടിയിലിരു

ത്തി പലഹാരങ്ങൾ കൊടുത്തിരുന്നു.

വിവശനായ ഭാസ്ക്കരൻ വീടിന്റെ പിന്നാംപുറം അരിച്ച് നടന്നു. കണ്ണീർ പൊഴിയാത്ത സങ്കടം എന്താണെന്ന് അനുഭവിച്ചു.

ഇരുട്ടായി. കൈകാൽ കഴുകി. പിന്നാംപുറത്തുതന്നെ ഭാസ്ക്കരൻ കൂനിയിരുന്നു. മയക്കമായി. നല്ലകാല ജീവിതം നിഴലിച്ചപ്പോൾ ആഹ്ലാദിച്ചു.

പെട്ടെന്ന് വാതിൽ തുറന്നപ്പോൾ ഭാസ്ക്കരൻ ഞെട്ടി. ലൈറ്റിട്ടപ്പോൾ കണ്ണ് പുളിച്ചു. മകന്റെ ഭാര്യ പ്ലേറ്റിൽ പലഹാരവും ചായയും പടിയിൽ വെച്ചു. മുരടനക്കി സ്ഥലം വിട്ടു. വാതിൽ പാളിയിലൂടെ അകത്തേക്ക് നോക്കി. വിരുന്നുകാർ പോകുന്ന തിരിക്ക്. സായാഹ്നകാറ്റിൽ മദ്യമണം അനുഭവപ്പെട്ടു. വിയർത്തു. വിശപ്പുണ്ടായിരുന്നതിനാൽ പേരറിയാത്ത പലഹാരങ്ങളിൽ നിന്ന് ഒരു കഷ്ണം തിന്നു. തണുത്ത കാപ്പി കുടിച്ചപ്പോൾ ചുടുകാപ്പിയായി തോന്നി.

ആ സമയം മകന്റെ ചെറുമകൻ വരാന്തയിലെത്തി

"അപ്പൂപ്പനെന്താ ഇവിടെ ഒറ്റക്കിരിക്കണെ"

"ഊം"

കുട്ടിയെ ചേർത്തുപിടിച്ച് മുടിയിൽ തടവി.

പണ്ട് ശാരദ മകനെ മടിയിൽവെച്ച് നോക്കാനായി ഏല്പിക്കുമായിരുന്നു. അപ്പോഴൊക്കെ താലോലിച്ച് കഥകൾ പറയുകയും പാട്ട് പാടുകയും ചെയ്തിരുന്നു.

"ന്താ അപ്പൂപ്പ മിണ്ടാത്തെ"

കുട്ടി തട്ടിചോദിച്ചപ്പോൾ ഭാസ്ക്കരൻ പറഞ്ഞു.

"മോന് പാപ്പം വേണോ"

"ഏയ് വേണ്ട, ഞങ്ങൾക്ക് അകത്ത് കുറെ പലഹാരം കിട്ടി. കുട്ടികളായി കുറെ തിന്നൂലോ"

"അവരൊക്കെപോയോ"

"ആ"

മകന്റെ ഭാര്യ ശരവേഗേന എത്തി കുട്ടിയെ ബലമായി കൊണ്ടുപോയി.

ഉച്ചത്തിൽ പറയുന്നതു കേട്ടു "രോഗള്ളോര് കുട്ടികളെ തൊട്ടാ അപകടാ, എത്ര പറഞ്ഞാലും കേൾക്കില്യാച്ചാന്താ ചെയ്യാ"

ഭാസ്ക്കരൻ ഏതോ ലോകത്തായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പതിവു കഞ്ഞി കിട്ടി. തന്റെ ജീവിതം നിറഞ്ഞ മുറിയിൽ രാജാവായി.

വെളുപ്പിന് പതിവുപോലെ മുറ്റത്ത് നടക്കുകയായിരുന്നു. പൂന്തോട്ടത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്തുകൊണ്ടിരുന്നു. ആ സമയം എത്തിയ കാറിൽനിന്നും പുതുമണമുള്ള യുവാവും യുവതിയും ഇറങ്ങി. അവരെ മകനും ഭാര്യയും സ്വീകരിച്ച് അകത്തേക്ക് കൊണ്ടുപോയി.

ഭാസ്ക്കരൻ ചെടികളെ താലോലിച്ച് നിന്നു.

ചെടികൾക്ക് വെള്ളം ഒഴിക്കുമ്പോൾ ശാരദ എത്തുമായിരുന്നു. അവൾക്ക് പൂക്കൾ വലിയ ഇഷ്ടമായിരുന്നു.

അല്പം കഴിഞ്ഞ് ആളുകൾ വീടിനകത്തു നിന്നും പുറത്തിറങ്ങി. കാറിൽ കയറുമ്പോൾ പൂക്കളെ താലോലിച്ചിരുന്ന ഭാസ്ക്കരനെ കണ്ട യുവാവ് മകനോട് ചോദിച്ചു. 'ആരാദ്'

ഉടൻ മകന്റെ ഭാര്യ പറഞ്ഞു.

'കൂലിപണിക്കാരനാ'

ഭാസ്ക്കരന് ചലനം നിലച്ചു.

"എപ്പോഴും ഓരോന്ന് ആലോചിച്ച് നിക്കാ. ഡോക്ടറെ കാണാൻ പോകാനുള്ള സമയമായി."

ശാരദയുടെ ശബ്ദം.

ഭാസ്ക്കരൻ വീടിന്റെ പിന്നാംപുറത്തേക്ക് നടന്നു. അപ്പോഴവിടെ തന്റെ വള്ളിപ്പൊട്ടിയ ചെരുപ്പുകളുടെ സമീപം വീട്ടുനായ കിടക്കുന്നു. മകന്റെ കുട്ടി അവനെ സ്റ്റാർ എന്നാണ് വിളിക്കാറ്. നായക്ക് നക്ഷത്രശോഭ ഉണ്ടായിരുന്നു. ഭാസ്ക്കരൻ സൂക്ഷിച്ചു നോക്കി. നായ ചെരുപ്പുകളിൽ മണത്തും നക്കിയും സുഖിക്കുകയായിരുന്നു. ഭാസ്ക്കരൻ വിറയാർന്ന കൈകളോടെ നായയെ തലോടി. നായ കൂനിക്കൂടി കണ്ണടച്ചു. ചുടുകണ്ണീർ നായയുടെ ദേഹത്തു വീണപ്പോൾ നായയുടെ കണ്ണുകൾ ഈറനായതും ഭാസ്ക്കരൻ കണ്ടു. അയാൾ നായയെ ആശ്ലേഷിച്ചു. ●

# ഗൗളി ശാസ്ത്രം





ജോഷി

**ബാ**ലകൃഷണൻ സന്ധ്യാ ദീപം വച്ച് ചുവരിലെ ഫോട്ടോയിലെക്ക് നോക്കി കൈ കൂപ്പി കണ്ണടച്ച് തുറക്കുമ്പോഴാണ് ഇര തേടുന്ന പല്ലി ദൃഷ്ടിയിൽ കുടുങ്ങിയത്. ഫോട്ടോയ്ക്ക് പിന്നിൽ മറഞ്ഞിരുന്ന അവൻ പാത്ത് ചെന്ന് ഒറ്റപ്പിടുത്തം. 'നാവു നീട്ടി ഒട്ടിയെടുക്കുന്ന ഈയലുകളെ ചിറകോടെ വിഴുങ്ങുന്നു. എന്നിട്ട് വീണ്ടും അടുത്തതിനായി പതുങ്ങിയിരിക്കുന്നു.

മൈഥിലി അകത്തെ ലൈറ്റണച്ചു. ഈയാംപാറ്റകൾ പുറത്തെ വിളക്കിൻ ചുവട്ടിലേക്ക് ആകർഷിക്കപ്പെടാൻ അവളൊരുക്കിയ കെണിയാണത്. കെണിയൊരുക്കാൻ അവൾ പണ്ടേ മിടുക്കിയാണ്. അവിടെ ഒന്നിലധികം പല്ലികൾകൾ ഇര തേടുന്നുണ്ട്. ചിലത് ചന്ദന നിറത്തിലുള്ള സുന്ദരിമാർ ചിലരുടെ വീർത്ത അടിവയറ്റിൽ പാകമായ മുട്ട വരെ തെളിഞ്ഞു കാണാം. മൈഥിലിക്ക് ഒരു പക്ഷേ അതിനുള്ളിലെ വിരിഞ്ഞിറങ്ങാറായ കുഞ്ഞു പല്ലിയെപ്പോലും കാണാനായേക്കും. മറ്റു ചിലത് കറുത്ത് ചീങ്കണ്ണിയെപ്പോലെ വികൃതമായവ. അവൾക്ക് അവറ്റകളെ അറപ്പും വെറുപ്പുമാണ്.

നോക്കി നിൽക്കേ ..ഓർമ്മകൾ പല്ലികളെപ്പോലെ മനസ്സിന്റെ ചുവരിലെക്ക് അരിച്ചു കയറി ഇരതേടാൻ തുടങ്ങുമ്പോൾ, ഒരിക്കൽ റാം മോഹൻ പറഞ്ഞത് അവൾ ഓർത്തു പോയി .. സുന്ദരമായത് കൊണ്ടു മാത്രം സമ്പന്നമായിരുന്നെങ്കിൽ ഈ ഭൂമി എത്ര മുഷിപ്പനായേനെ. എന്നേപ്പോലെ വിരൂപൻമാർ ഉളളുള്ളതുകൊണ്ടല്ലേ നിങ്ങൾക്കിത്ര സൗന്ദര്യം തോന്നുന്നത്.

റാം മോഹൻ അത്ര വിരൂപനൊന്നും ആയിരുന്നില്ല. ഇരുനിറത്തിൽ അൽപ്പം മെലിഞ്ഞിട്ടാണെന്ന് മാത്രം, തരത്തിനൊപ്പിച്ച് അങ്ങിനെ പറഞ്ഞെതാണ്. അയാളെക്കുറിച്ച് ഓർക്കുമ്പോൾ അവൾക്ക് എന്നും മനോവ്യഥയാണ്. അരുതാത്തതെന്തോ ചെയ്തു പോയെന്ന മനസ്സാക്ഷിക്കുത്ത്.

അയാളുടെ വേദനകളിൽ താനെന്തിനാണ് ഇത്രയും വ്യസനിക്കുന്നത് എന്ന് അവൾക്ക് ഇപ്പോഴും പിടികിട്ടുന്നില്ല. അയാൾ തന്റെ ആരുമല്ലല്ലോ? പിന്നെന്തിന് ഞാനിത്ര നൊമ്പരപ്പെടുന്നു. അവൾ പലപ്പോഴും സ്വയം ആശ്വസിപ്പിക്കാൻ ശ്രമിക്കും. പക്ഷെ സാധിക്കുന്നില്ലെന്ന തിരിച്ചറിവ് അവളെ വേദ നയുടെ കൂടുതൽ കൂടുതൽ ആഴങ്ങളിലേക്ക് നൂഴ്ന്നിറക്കും. കുഴൽക്കിണറിൽ വീണ കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുംമ്പോലെ.

റാം മോഹൻ എന്ന മുപ്പത്തിരണ്ടുകാരൻ

സോഫ്റ്റ് വെയർ എഞ്ചിനീയർക്ക് ദൈനംദിന ജീവിതത്തിൽ എന്തെല്ലാം സംഭവിക്കുന്നുണ്ടെന്ന് അറിയാനുള്ള ഒരു അനാവശ്യത്വര ഏറെക്കാലമായി അവളെ പിൻതുടരുന്നു. കുഴിച്ചിട്ട ശവശരീരം കാലങ്ങൾക്കു ശേഷം മാന്തിയെടുത്ത് വീണ്ടും പോസ്റ്റുമാർട്ടം ചെയ്യുമ്പോലെ പോലെ വിസ്മൃതിയുടെ കുഴിമാടത്തിൽ ക്രമേണ ദ്രവിച്ച് ഇല്ലാതായ്ക്കൊണ്ടിരുന്ന ആ ഓർമ്മകൾ വീണ്ടും മാന്തി എടുത്ത് മണപ്പിച്ചത് അവൾ തന്നെ ആയിരുന്നു - 'മൈഥിലി ". അല്ലെങ്കിൽ അവളെപ്പറയുന്നതെന്തിനാ?, കാലം ...കാലമല്ലേ? മറവിയുടെ മണൽ കാറ്റടിച്ച മരുപ്രദേശം പോലെ, അവ്യക്തതയുടെ മൂടുപടത്തിനുള്ളിൽ അടക്കം ചെയ്ത്' മായ്ച്ചുകളഞ്ഞ ഭൂതകാലത്തെ തോണ്ടിയെടുത്ത് അസ്വസ്ഥതയുടെ ദുർഗന്ധം പെരുപ്പിച്ചത് ?.

ലോകത്തിൽ ആർക്കെല്ലാം എന്തെല്ലാം സങ്കടങ്ങളാണ് നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്നത്.അതു പോലെ തന്നെയല്ലേ അയാളുടേതും? പക്ഷേ, അങ്ങനെ ചിന്തിക്കാൻ മനസ്സ് പരുവപ്പെടുന്നില്ല എന്നതാണ് അവളുടെ ഏറ്റവും വലിയ ദൗർബല്യം. താൻ അയാളെ നിഴലുപോലെ പിൻതുടരുന്നതു കൊണ്ടല്ലേ? ഇത്തരം അനർത്ഥങ്ങൾ തനിക്കും വിചാരപ്പെട്ട് വ്യസനിക്കാൻ അവസരം നൽകുന്നത്. അതു കൊണ്ട് ഇനി അയാളെ അയാളുടെ പാട്ടിനു വിടുക. അന്നൊരു ദിനം ആ തിരിച്ചറിവിന്റെ നിലാ വെളിച്ചത്തിലാണ് അവൾ ജാരപ്രവൃത്തി അവസാനിപ്പിച്ചത്. സൈബർ അക്കൗണ്ടുകൾ മായ്ച്ചു കളഞ്ഞ് അയാളെ പിൻതുടരുന്നത് ഒഴിവാക്കി, മന:ശാന്തിയുടെ സ്വച്ഛതയിലേക്ക് ഒരു കുളിർ തെന്നലിനെപ്പോലെ സാവകാശം പറന്നിറങ്ങിയത്.

അതു പക്ഷേ അധിക നാൾ നീണ്ടു നിന്നില്ല. അല്ലെങ്കിൽ അവൾക്ക് അതിന് ആകുമായിരുന്നില്ല എന്നതായിരുന്നു സത്യം. ആകാംഷകൾ ഉത്കണ്ഠകളായി, പിന്നീടത് മുൾക്കാടുപോലെ അനാവശ്യമായി വളർന്ന്, തിങ്ങി, ഹൃദയ വികാരങ്ങളെ കുത്തിനോവിക്കുമ്പോൾ രക്തം വാർന്ന് ഒരിക്കൽ താൻ മരിച്ചുവീഴുമെന്ന ഭയം അവളെ കീഴ്പ്പെടുത്തി വിഴുങ്ങാൻ തുടങ്ങിയപ്പോൾ അവൾ ഓർത്തെടുത്തു ......മരിക്കാൻ ഭയമില്ല. പക്ഷേ മരിച്ചാൽ പോലും തനിക്ക് ശാന്തി ലഭിക്കുമോ? അത്രയ്ക്കും അപരാധമല്ലേ ഞാൻ അയാളോട് ചെയ്തത്?.

ഇഷ്ടമല്ലെങ്കിൽ നല്ല വാക്ക് പറഞ്ഞ് പിരിയാമായിരുന്നല്ലോ എത്രയോ പേർ അങ്ങിനെ വഴിപിരിയുന്നു. പിന്നീട് കണ്ടുമുട്ടുമ്പോൾ അകന്ന പരിചയക്കാരെപ്പോലെ അർത്ഥമില്ലാത്ത ഉപചാര ചിരി കോട്ടി കടന്നുപോകുന്നവർ. തനിക്കെന്തു കൊണ്ട് അങ്ങിനെ ആകാൻ കഴിഞ്ഞില്ലെന്ന് അവൾ പരിതപിക്കാറുണ്ട്. അതിന് അവളുടെ കാര്യത്തിൽ നിയന്ത്രണങ്ങൾ ക്രമേണ കൈവിട്ട് പോകുകയായിരുന്നു. സേനഹിക്കുന്നവരെന്ന് അവകാശപ്പെടുന്നവർ എടുത്ത തീരുമാനങ്ങൾ അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നില്ലേ. അവൾ അനുസരിക്കാൻ മാത്രം വിധിക്കപ്പെട്ട വെറും വളർത്തുമൃഗത്തേപ്പോലെ അധ:പ്പതിക്കുകയായിരുന്നു.

അപരാധം എന്തോ ചെയ്തു പോയി എന്ന തോന്നലിൽ നിന്നാണ് എല്ലാറ്റിന്റെയും തുടക്കം. അത്തരം വിചാരങ്ങളിൽ നിന്നാണ് അവളുടെ ഉള്ളിൽ ഒരു വിഷ സർപ്പം പത്തിവിടർത്താൻ തുടങ്ങിയത്. മനസ്സിന്റെ മാളത്തിൽ നിന്നു ഒരിക്കലും പുറത്തിറങ്ങാൻ കൂട്ടാക്കാതെ അവ അടയിരുന്നു വിരിയിച്ചെടുത്ത അനേകം കുഞ്ഞുങ്ങൾ തക്കം കിട്ടുമ്പോഴെല്ലാം അവളുടെ നേർക്ക് കൂട്ടായി പത്തിവിടർത്തും. പിന്നെ അവർ തമ്മിൽ ഇണ ചേർന്ന് പെരുക്കിയെടുത്ത നാഗ പരമ്പരകൾ കടിക്കലർന്ന് കെട്ടു വീണ് പുളയ്ക്കും

തന്റെ കൊടും ചതികൾ കൊണ്ട് അയാൾക്ക് വന്നു ചേർന്ന വിപത്തുക്കളെക്കുറിച്ച് പറഞ്ഞു കേട്ടപ്പോൾ അവൾ ശരിക്കും ഭയന്നു പോയി.

സങ്കടക്കടലുകൾ താണ്ടി സ്വച്ഛതയുടെ തീരത്തണയാൻ എല്ലാം കുടഞ്ഞെറിഞ്ഞ്, നേക്കെത്താ ദൂരത്തേക്ക് പലായനം ചെയ്തതാണ് അയാളൊരിക്കൽ. കുത്തിനോവിക്കാൻ വാങ് മുനകളില്ലാത്ത പരിഹാസത്തിന്റെ വാൾത്തലപ്പുകൾ ഇല്ലാത്ത ആരും കാണാ തീരം തേടി, ഒരു ഒളിച്ചോട്ടം.

അവിടെയും റാംമോഹനെന്ന ചെറുപ്പക്കാരന് ചെറുത്തുനിൽപ്പിന്റെ ചെറുവഞ്ചി അപ്രാപ്യമായിരുന്നിരിക്കണം.

കാലവർഷത്തിൽ ചോർന്നൊലിക്കുന്ന ഞാറ്റുപുര പോലെ അയാൾ ആരാലും ഉപേക്ഷിക്കപ്പെട്ട് കിടക്കുകയായിരുന്നു. മോന്തായം കോടി നിലം പൊത്താറായി ചരിഞ്ഞു നിൽക്കുന്ന മേപ്പുരയിൽ, ഞാറ്റടിയിലെ തണുത്ത കാറ്റേറ്റ്, പനിച്ച് കിടക്കുമ്പോലെ അന്തിക്കൂട്ടിന് ആരും ഇല്ലാതെ വീണ്ടും അനാഥനെപ്പോലൊരു ജീവിതം. എല്ലാം കളഞ്ഞുപോയ കളപ്പുരയ്ക്ക് ഇനി കാവൽ

**കാലവർഷത്തിൽ ചോർന്നൊലിക്കുന്ന ഞാറ്റുപുര പോലെ അയാൾ ആരാലും ഉപേക്ഷിക്കപ്പെട്ട് കിടക്കുകയായിരുന്നു. മോന്തായം കോടി നിലം പൊത്താറായി ചരിഞ്ഞു നിൽക്കുന്ന മേപ്പുരയിൽ, ഞാറ്റടിയിലെ തണുത്ത കാറ്റേറ്റ്, പനിച്ച് കിടക്കുമ്പോലെ അന്തിക്കൂട്ടിന് ആരും ഇല്ലാതെ വീണ്ടും അനാഥനെപ്പോലൊരു ജീവിതം. എല്ലാം കളഞ്ഞുപോയ കളപ്പുരയ്ക്ക് ഇനി കാവൽ കിടക്കേണ്ടതില്ലെന്ന് അയാൾക്കും തോന്നിയിരിക്കുമോ?' അപരനാമത്തിന്റെ മൂടുപടമണിഞ്ഞ്, പരപുരുഷന്റെ കപട വേഷം കെട്ടിയാണ് അവൾ വീണ്ടും റാം മോഹനെത്തേടി പുറപ്പെട്ടത്. ഒരുതരം ചാരപ്രവൃത്തി ചെയ്യുമ്പോലെ. അതിനൊക്കെയുള്ള ചങ്കുറപ്പ് ഇന്നവൾ നേടിയിരിക്കുന്നു. ഒരു വ്യാജ അക്കൗണ്ടിലൂടെ അയാളുടെ സൗഹൃദ സാധ്യതകളിലൂടെ അലഞ്ഞു നടന്ന് അവസാനം ഒരു വിദേശ സഹപ്രവത്തകന്റെ സുഹൃത്തെന്ന വ്യാജേന നുഴഞ്ഞ് കയറിയാണ് കാര്യം സാധിച്ചെടുത്തത്.**

കിടക്കേണ്ടതില്ലെന്ന് അയാൾക്കും തോന്നിയിരിക്കുമോ?'

അപരനാമത്തിന്റെ മൂടുപടമണിഞ്ഞ്, പരപുരുഷന്റെ കപട വേഷം കെട്ടിയാണ് അവൾ വീണ്ടും റാംമോഹനെത്തേടി പുറപ്പെട്ടത്. ഒരുതരം ചാരപ്രവൃത്തി ചെയ്യുമ്പോലെ. അതിനൊക്കെയുള്ള ചങ്കുറപ്പ് ഇന്നവൾ നേടിയിരിക്കുന്നു. ഒരു വ്യാജ അക്കൗണ്ടിലൂടെ അയാളുടെ സൗഹൃദ സാധ്യതകളിലൂടെ അലഞ്ഞു നടന്ന് അവസാനം ഒരു വിദേശ സഹപ്രവത്തകന്റെ സുഹൃത്തെന്ന വ്യാജേന നുഴഞ്ഞ് കയറിയാണ് കാര്യം സാധിച്ചെടുത്തത്.

അപ്രധാനങ്ങളായ ചില നുറുങ്ങ് വിവരങ്ങൾ നേടാനായത് ഒരു ചെറിയ കാര്യമായി അവൾ കണ്ടിരുന്നില്ല. വേദനകളുടെ പാതാള ഖനികളിലേക്കുള്ള വലിയ പലായനങ്ങൾ പോലും തുടങ്ങിയത് അത്തരം നിഗൂഢമായ ചുവടു വയ്പ്പിലൂടെ ആണെന്നത് അവൾ അറിയാഞ്ഞതാണോ?

സിംഹ ഭൂമികളിൽ മേയുന്ന ഹരിണമൃഗങ്ങളെപ്പോലെ, ഇലയനക്കം കേട്ട് വായുവേഗത്തിൽ, ഓടി ഓടി തളരാൻ തുടങ്ങിയിട്ട് കാലമേറെയായി. കന്മദം പൂക്കുന്ന കന്യാവനങ്ങളിൽ ശാന്തിയുടെ കൊടുവേലിക്കാമ്പ് തേടി ഒരു ഉഷ്ണവാതമായ് അലഞ്ഞു തിരിയാൻ തുടങ്ങിയിട്ട് ഋതുക്കൾ ഏറെ പിന്നിട്ടു.

സ്വകീയ സുഖത്തിന്റെ പാരമ്യതയിലേക്ക് പട്ടം പോലെ പറത്തി ഉയർത്തിയത്, പിന്നെ ചരടു പൊട്ടി അലഞ്ഞലഞ്ഞ് സാവകാശം ആലസ്യത്തിന്റെ താഴ്വരയിൽ എത്രയോ വട്ടം തളർന്ന് വീണപ്പോൾ തലോടി മയക്കിയത്, ഒന്നും മറക്കാനാകുന്നില്ല. എന്നിട്ടും കച്ചേരി മുറിയിലെ, മൂർച്ഛയേറിയ വാദങ്ങൾക്കു മുന്നിൽ താൻ തല മരവിച്ച് നിൽക്കുമ്പോഴും അയാളുടെ നിർവ്വികാരതയാണ് അവളെ അമ്പരപ്പിച്ചത്.

മോചന വാദങ്ങൾ സാധൂകരിക്കാനാണത്രേ അതുതാഞ്ഞത് ആരോപിച്ചത്. മരവിപ്പ് ബാധിച്ച് ആസക്തിയുടെ അർത്ഥം അനുഭവിക്കാത്തവനെന്ന് ആരോപിച്ചതിന്, ആ നാണം കെട്ട കിളവൻ വക്കീൽ എത്ര അച്ചാരം വാങ്ങിയിട്ടുണ്ടാകും. ക്ഷോഭമോ എതിർപ്പോ കൂടാതെ അയാളത് എന്തിനായിരിക്കും സമ്മതിച്ചു കൊടുത്തത്. വാദിച്ചു വാങ്ങേണ്ട ഒന്നല്ല സ്നേഹമെന്ന് അയാൾ കരുതിക്കാണുമോ?

ഒരു നിസ്സംഗനെ പോലെ തളർന്ന് നിൽക്കുമ്പോൾ അവളുടെ മുഖത്ത് ഒന്നു പാളി നോക്കുക പോലും ചെയ്തില്ലല്ലോ. മൈഥിലിയും നിർവ്വികാരയായി തല താഴ്ത്തി എല്ലാം കേട്ടു നിന്നതല്ലാതെ ഒരു വാക്കും ഉരിയാടാതിരുന്നത് എന്തുകൊണ്ടായിരുന്നു. മാതാപിതാക്കളുടെ കാർക്കശ്യത്തേക്കാളും വലുതാണ് തന്റെ ജീവിതമെന്നും അവരുടെ മിഥ്യാഭിമാനത്തേക്കാളും വലുതാണ് മറ്റൊരാളുടെ ആത്മാഭിമാനമെന്നും ഓർക്കാനുള്ള പക്വതയൊന്നും അവൾക്കുണ്ടായിരുന്നില്ലെന്ന് വിശ്വസിക്കാനൊക്കുമോ? ഒരാളെ എ

ത്തിന്റെ പേരിലായാലും അസത്യം പറഞ്ഞ് ആക്ഷേപിക്കുന്നത് അരുതാത്ത ക്രൂരതയല്ലെങ്കിൽ പിന്നെ മറ്റെന്താണ്. കാശുണ്ടെങ്കിൽ നാലുവരി ക്ലാസിഫൈഡ് പരസ്യത്തിന്റെ ബലത്തിൽ, നഷ്ടപ്പെട്ട ജീവിതത്തിന് പകരം മറ്റൊന്ന് പടുത്തുയർത്താമെന്നത് ആരുടെ വ്യാമോഹമായിരുന്നു.

വിധി പ്രസ്താവം കേട്ട് കച്ചേരിമുറിയിൽ നിന്നും ഗോവണിപ്പടിയിറങ്ങി താഴെ ഇടനാഴിയിലൂടെ നടക്കുമ്പോൾ, ഒരു പൊട്ട് പൊന്ന് പറിച്ചെടുത്ത് ആ കൈയ്യിലേക്ക് മടക്കി ഏൽപ്പിച്ചപ്പോൾ ഒരു തരം വിജയീ ഭാവമായിരുന്നു മനസ്സുനിറയെ. ഓടിച്ചു പിടിച്ച ഇരയെ കൊന്നു തിന്നാതെ തട്ടിക്കളിക്കുന്ന സിംഹിണിയുടേതു പോലെ ഒരു മൃഗയാവിനോദം

മൃതദേഹത്തിലേതു പോലെ തണുത്ത് മരവിച്ച അയാളുടെ കൈ വിരലുകളിൽ തൊട്ടപ്പോൾ ഒരു വികാരവും തോന്നിയിരുന്നില്ല. അഹങ്കാരത്തിലേക്ക് പ്രതികാരം ആവശിച്ചപ്പോൾ മാനുഷിക വികാരങ്ങളോടെല്ലാം പുച്ഛമായിരുന്നു അന്ന്. ഇപ്പോൾ ഓർക്കുമ്പോൾ ഉള്ളുപൊള്ളിപ്പോകുന്നു.

എന്നും ഒറ്റയ്ക്കിരിക്കമ്പോൾ ഓരോന്ന് ഓർത്ത് ഉള്ളുരുക്കത്തിന്റെ കൊടുംചൂടിൽ ഏറെ നേരം 'നീറി പുകഞ്ഞ് നിൽക്കും, പിന്നെ ഇടയ്ക്കിടെ.. ഇനിയും പിറക്കാത്ത കുഞ്ഞിന്റെ നിലവിളി കേട്ട്, വേദന മൂർച്ഛിച്ച്, അഗ്നിപർവ്വതം കണക്കെ ഉള്ളുലഞ്ഞ് പൊട്ടിത്തെറിക്കും. ക്രമേണ തപ്ത ചിന്തകളുടെ ലാവാപ്രവാഹത്തിൽ വാക്കുകൾ ചാമ്പൽ പോലെ പുറത്തേയ്ക്ക് വമിച്ച് അവസാനം നിഷ്ക്രിയമായി തളർന്നു വീഴും

സത്യത്തിൽ റാം മോഹൻ അവളോട് അത്രയ്ക്കു വലിയ എന്തെങ്കിലും പാതകം ചെയ്തിട്ടുണ്ടോ?. പിൻതിരിഞ്ഞ് നോക്കുമ്പോൾ പ്രതിസ്ഥാനത്ത് അവൾ കാണുന്നത് തന്നെത്തന്നെയല്ലേ. ഇല്ലാത്ത ബന്ധം കണ്ടെത്തി അരുതാത്ത അർത്ഥങ്ങൾ ആരോപിച്ചത് അവളായിരുന്നില്ലേ. ഒരേ സമയം രണ്ടു പേരെ മുറിവേൽപ്പിക്കാൻ പോന്ന ഇരുതലമൂർച്ചയുള്ള ആയുധമായിരുന്നു പ്രയോഗിച്ചത്.

അറുത്ത് മാറ്റി അന്യമാക്കിയത് അരുകിൽ ചേർത്തു പിടിച്ച കൈതന്നെ ആണെന്ന് തിരിച്ചറിയാൻ വൈകിപ്പോയി. പതം വന്ന് പരുവപ്പെടാനാകാത്തത് താനേ കൊഴിഞ്ഞു വീഴുന്നെങ്കിൽ വീഴട്ടെ, തുമ്മിയാൽ തെറിക്കുന്ന മൂക്ക് പോകുന്നെങ്കിൽ പോകട്ടെ. താനായിട്ട് ഒന്നും അടർത്തി എറിയുന്നില്ല. -അതായിരുന്നു റാംമോഹന്റെ മൗനത്തിന്റെയും നിസ്സംഗതയുടെയും അർത്ഥമെന്ന് ഇപ്പോൾ വായിക്കാനാകുന്നുണ്ട് പ്രതികരിക്കാൻ കരുത്തില്ലായ്മ - എന്നാണ് അന്ന് താൻ അതിനെ വ്യാഖ്യാനിച്ചതെന്ന് അവൾ ഓർക്കുന്നുണ്ട്.

സഹികെടുമ്പോൾ പോലും സ്വയം പീഡിപ്പിച്ച് അരിശം തീർത്തത് അയാളിലെ ആത്മബലത്തിന്റെ കരുത്തോ? ധാർമ്മികതയുടെ വലുപ്പമോ? എന്ന് ഇപ്പോൾ സന്ദേഹിക്കുവാനെങ്കിലും ആകുന്നുണ്ട് അവൾക്കിപ്പോൾ.

ഒരിക്കൽ, ജാലക ചില്ലിൽ സ്വയം അടിച്ച് കൈത്തലം പൂളി മുറിഞ്ഞപ്പോൾ പോലും അയാൾ എന്നോട് ആക്രോശിക്കുക ഉണ്ടായിട്ടില്ല. എന്നിട്ടും ഗാർഹികപീഡനവും ചാർത്തിക്കൊടുക്കുകയുണ്ടായി.

സർവ്വം സഹനായ് മൗനത്തിന്റെ കാണാമറയത്ത് അടച്ചിരിക്കുമ്പോഴും അയാളെ വ്യസനിപ്പിച്ചത് തിരസ്കാരത്തിന്റെ കൊടും ക്രൂരതയൊന്നുമായിരുന്നില്ല. ഇല്ലാ വചനങ്ങളുടെ ചീട്ടുകൊട്ടാരം കെട്ടി ബന്ധങ്ങളുടെ തടവറയിലിട്ട് അടിമയെപ്പോലെ പീഡിപ്പിച്ചതുകൊണ്ടാണ്.

മറ്റൊരു ചില്ലയിൽ കൂട് വച്ച് ചേക്കേറിയിട്ടും ഉലഞ്ഞടർന്ന കൊമ്പിലെ ആളൊഴിഞ്ഞ കൂട്ടിലേക്ക് എത്തി നോക്കി മുറിപ്പെടുന്നത് വിട്ടൊഴിയാത്ത തന്റെ ആത്മനിന്ദ കൊണ്ടാകുമോ?

റാം മോഹന് എന്തോ? ദീനമാണെന്ന് അവൾ വൈകിയാണറിഞ്ഞത്. എണ്ണ തീർന്ന ആ കരിന്തിരി ഏതാണ്ട് അണയാറായെന്ന് അയാളുടെ പോസ്റ്റുകളിൽ നിന്നും അവൾ വായിച്ചെടുക്കുന്നുണ്ട്.. ആരൊരുമില്ലാതെ അയാളെന്തിനാണ് ഇങ്ങനെ സ്വയം പീഡനങ്ങൾ ഏറ്റുവാങ്ങുന്നത്. കണ്ടറിഞ്ഞ് അവൾ സന്തോഷിക്കട്ടെ എന്നു കരുതിയാകുമോ?.

അതിന് ഇതെല്ലാം അവൾ അറിയുന്നുണ്ടെന്ന് അയാൾ അറിയുന്നുണ്ടാകുമോ?. ഒരിക്കലും ഇല്ല.

അയാൾക്കിപ്പോൾ അവളോടുള്ള വികാരമെന്തായിരിക്കും. പകയോ, പരിഹാസമോ, ആരോ എന്നോ കണ്ടു മറന്ന സ്വപ്നത്തിലെ വിപിരൂപിയായ രാക്ഷസിയോടുള്ള അറപ്പോ?, വെറുപ്പോ?'റാം മോഹനിപ്പോൾ ഒരു പക്ഷെ അവളെ ഓർക്കുന്നു പോലും ഉണ്ടാകില്ല. അതാണ് അയാളുടെ പ്രകൃതം.

വെറുത്താൽ അറുത്ത് മുറിച്ച് അന്യമാ

**സ്കൈ ലാർക്ക് ഫ്ലാറ്റിലെ എട്ടാം നിലയിൽ നിന്നും വീണ് ഒരുത്തൻ ചത്തു. സോഫ്റ്റ് വെയർ എഞ്ചിനീയാണ് . വീണതോ?, അതോ ചാടിയതോ? അറിയില്ല; ഏതായാലും നമുക്ക് മെനക്കേടായി..**

ക്കാൻ ഒരു പ്രത്യേക കഴിവുണ്ടയാൾക്ക്. ആമയെപ്പോലെ സ്വന്തം പുറന്തോടിനുള്ളിലേക്ക് ഉൾവലിഞ്ഞ് അകലം പാലിയ്ക്കും. അല്ലെങ്കിൽ പാമ്പിനെപ്പോലെ പഴയതെല്ലാം പൊഴിച്ച് കളഞ്ഞ് പുത്തൻ ശൽക്കാവരണം കൊണ്ട് പ്രതിരോധം തീർക്കാൻ വിസ്മൃതിയുടെ മാളത്തിലേക്ക് ഇഴഞ്ഞിറങ്ങും.

ഇപ്പോൾ താനെന്തിനാണ് അയാളെക്കുറിച്ച് ഓർത്ത് ഖിന്നയാകുന്നത്?. പ്രത്യേകിച്ച് കാരണം ഒന്നുമില്ല. യുക്തിക്ക് നിരക്കാത്ത കാര്യങ്ങളാണല്ലാ പലപ്പോഴും ചിന്തകളുടെ മൂലാധാരം.അതിനെ ബുദ്ധി കൊണ്ട് വിശകലനം ചെയ്യാനൊക്കുകയില്ലല്ലോ.

വെളിയിൽ ജീപ്പിന്റെ ശബ്ദം കേട്ടാണ് അവൾ ചിന്തകളിൽ നിന്നും ഉണർന്നത്. അകത്ത് വിളക്ക് തെളിച്ചിരുന്നില്ല. അന്തിക്ക് വച്ച നിലവിളക്ക് എണ്ണ തീർന്ന് താനേ കെട്ടിരുന്നു. ഇരതേടിയ ഗൗളികൾ വിശപ്പടക്കി എവിടെയ്ക്കെല്ലാമോ മറഞ്ഞിരുന്നു. അവൾ വിളക്കുതെളിച്ച് ഉമ്മറ വാതിൽ തുറന്നു. സിറ്റ് ഔട്ടിൽ വിളക്കിനു കീഴിൽ നിറയെ ഈയൽ ചിറകുകൾ പൊഴിഞ്ഞ് കിടക്കുന്നു. മുൻവാതിൽ തുറന്നപ്പോൾ സുധീർ രഞ്ജൻ എന്ന സ്റ്റേഷൻ ഹൗസ് ഓഫിസർ വീട്ടിനുള്ളിലേക്ക് പിച്ചവച്ച് കയറി വരികയായിരുന്നു. അയാളുടെ ഉറച്ച ശരീരത്തെ ചുമന്ന് നടക്കാൻ കാലുകൾക്ക് ബലം പോരാത്തതുപോലെ. കാലിലെ ഷൂസ് ഊരാതെ തന്നെ അയാൾ സ്വീകരണമുറിയിൽ കയറി സെറ്റിയിൽ ഇരുപ്പായി. അവിടെ ഇരുന്നു തന്നെ ഷർട്ടിന്റെ ബട്ടനുകൾ ഊരാൻ തുടങ്ങി. മാറിൽ വിയർപ്പ് പൊടിഞ്ഞ് ബനിയനിൽ നനവ് പടർന്നിരുന്നു. കയ്യിലുണ്ടായിരുന്ന അധികാര കിരീടം അയാൾ അവൾക്കു നേരെ നീട്ടി.

കുടിക്കാൻ ഇത്തിരി വെള്ളമെടുക്ക്, തണുത്തത്. അയാൾ കൈ ചൂണ്ടി ഫാൻ ഓൺ ചെയ്യാൻ ആംഗ്യം കാട്ടുന്നതിനിടെ പറഞ്ഞൊപ്പിച്ചു.

ഇന്നെന്തേ വൈകിയത്? അവൾ ചോദിച്ചു. ഒരു ഇൻക്വസ്റ്റ് ഉണ്ടായിരുന്നു.

സ്കൈ ലാർക്ക് ഫ്ലാറ്റിലെ എട്ടാം നിലയിൽ നിന്നും വീണ് ഒരുത്തൻ ചത്തു. സോഫ്റ്റ് വെയർ എഞ്ചിനീയാണ് . വീണതോ?, അതോ ചാടിയതോ? അറിയില്ല; ഏതായാലും നമുക്ക് മെനക്കേടായി.. ഒരു അസ്വാഭാവിക മരണത്തിന് കേസ്സെടുത്ത് പതിവു കലാപരിപാടികൾ പൂർത്തിയാക്കി, ബോഡി ജനറലാശുപത്രിയിലെ ഫ്രീസറിൽ കേറ്റി. നാളെ പോസ്റ്റ്മോർട്ടം കഴിഞ്ഞ് വിട്ടുകൊടുക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട്.

മാന്യമായി ജീവിച്ചിരുന്നവനാണ്. പറയത്തക്ക ശത്രുക്കളോ മിത്രങ്ങളൊ ഇല്ല. അപകടമായിരിക്കും എന്നാണ് എല്ലാവരും പറയുന്നത്. ഒരു കൊലപാതകത്തിനുള്ള സാദ്ധ്യത തീരെയില്ല. കുത്തിപ്പൊക്കാൻ കാര്യമായിട്ട് ബന്ധുക്കളും ഇല്ലെന്നാ കേട്ടത്. അതു കൊണ്ട് വലിയ തലവേദനകളില്ല.

അത്താഴം കഴിഞ്ഞ്, ജി-മെയിൽ പരതുമ്പോൾ ഇൻ- ബോക്സിൽ പരിചിതമല്ലാത്ത ആരുടേയോ തുറക്കപ്പെടാത്ത ഒരു സന്ദേശം അവൾക്കായി കിടപ്പുണ്ടായിരുന്നു.


'പിൻവാങ്ങാൻ മറ്റൊരിടമില്ലാഞ്ഞിട്ട്, പിൻതുടരാൻ ആരുമില്ലാത്തിടത്തേക്ക് ഞാൻ പോകുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.'

തുടലു പൊട്ടിയ പേപ്പട്ടിയെപ്പോലെ കരച്ചു ചാടുന്ന ഓർമ്മകൾ അവളെ പായിക്കാൻ തുടങ്ങി.ഓടി ഓടി തളർന്ന് മൂർച്ഛിച്ച കുറ്റബോധതിന്റെ ചതുപ്പിലെക്ക് കഴുത്തറ്റം കുഴഞ്ഞ് വീഴുമ്പോൾ അവൾ അവ്യക്തമായി എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു, അവളുടെ ശബ്ദം തൊണ്ടയിൽ കുരുങ്ങി വഴുതുകയായിരുന്നു. ഉരുകി ഒലിക്കുന്ന ലാവയുടെ ഉഷ്ണപ്രവാഹത്തിൽ വാക്കുകൾ ആവിയാവുകയായിരുന്നു

വാരിയെടുത്ത് കട്ടിലിൽ കിടത്തി സുധീർ രഞ്ജൻ ഒരു പെഗ്ഗുകുടി അകത്താക്കി വന്നു. ലഹരിയുടെ തിരയേറ്റത്തിൽ സംയോഗാസക്തിയോടെ അയാൾ കട്ടിലിലേക്ക് വീഴുമ്പോൾ ചുവരിൽ വാലുമുറിച്ച പല്ലിക്ക് പിന്നാലെ മറ്റൊന്ന് പാഞ്ഞടുക്കുകയായിരുന്നു.

അടിപതറിയ അതിലൊന്ന് അവളുടെ ചന്ദന നിറമുള്ള ഉടലിൽ പതിച്ചപ്പോൾ മൈഥിലി ഞെട്ടിയുണർന്ന് കുതറി എണീറ്റു. അയാളപ്പോൾ ബോധമറ്റ്, പോസ്റ്റുമാർട്ടം ടേബിളിലെ ശവം പോലെ മലച്ച് കിടക്കുകയായിരുന്നു. ●

# പ്രളയം



ഇടതടവില്ലാതെ
ആർത്തു പെയ്തിട്ടും
കനൽ അടങ്ങാത്തതിനാൽ
പുര ആത്മഹത്യ ചെയ്തു..

കണ്ണീര് കൊണ്ട്
നനച്ചുണ്ടാക്കിയ കൃഷിയിടങ്ങൾ
കർഷകനെയകറ്റി
മഴയോടൊപ്പം ഒളിച്ചോടി..

പണച്ചാക്കുകൾ കൊണ്ട്
തടയണ തീർത്തിട്ടും
കുതിച്ചെത്തിയ വിധിക്കു മുമ്പിൽ
ആളിപ്പടർന്ന അഹങ്കാരങ്ങൾ
കെട്ടു പോയി..

വാരിവലിച്ചു
അകത്താക്കിയിട്ടും
വയറു നിറയാത്ത മോഹങ്ങൾ
അനാഥരായി ഒഴുകി നടന്നു..

കാലങ്ങളായി
തർക്കത്തിലായിരുന്ന
അയൽപക്കത്തെ രണ്ടതിരുകൾ
എല്ലാം മറന്ന് ഒരുമിച്ചൊന്നായി..

ഉച്ചത്തിലെന്നും
ശണ്ഠ കൂടിയിരുന്ന രണ്ട് വാക്കുകൾ
പുത്തു കടക്കാനാവാത്ത വിധം
തൊണ്ടയിൽ വീടുവെച്ചു..


ഞാനില്ലാത്ത ലോകത്ത്
ചവറ്റുകൊട്ടയെ സ്നേഹിക്കുന്ന
ഒരുപിടി വാർത്തകൾ മാത്രമാണ്
ഒടുവിൽ പ്രളയം ബാക്കിവെച്ചത്..



– സെയ്തലവി വിളയൂർ

കവിത

# തീക്കനൽച്ചെടികൾ



ഫില്ലിസ് ജോസഫ്



പിരിയുന്നനേരത്തൊരശ്രുബിന്ദു,
കണ്ണിണപ്പാടത്ത് വിത്തെറിഞ്ഞു,
സ്വപ്നത്തിൻ ചാരവും ചേർത്തൊരുക്കി.
മോഹമഴയത്ത് മേഘമായ് തടമൊതുക്കി..


തീക്കനൽ ചെടിയായ് മുളച്ചുപൊന്തി,
തീഷ്ണത ഇലയായ് കിളിർത്തിറങ്ങി,
കന്നിയിതൾ ചുരുളെന്നെ നോക്കി..!
മെല്ലെ, നിന്റെ പേരടയാളം ഓർത്തെടുത്തു.

ഉഷ്ണഗന്ധങ്ങളാൽ കോർത്തെടുത്തു,
ഉമ്മകൾ പൂക്കളായുതിർന്ന നേരം,
വേദന തൻ വേരിഴ പടർന്നു.!
വേറിട്ട തേങ്ങലായ് നീ നിറഞ്ഞു.

ആ കനൽചില്ലകളാകെ മൗനം,
ആധി മരവിപ്പിൻ തീയെരിച്ചു,
നൊമ്പരച്ചോടാകെ വിങ്ങി നിന്നു..!
നീറും നെടുവീർപ്പിൻ തെന്നലാലെ...

മുൾത്തേരുകളശ്വമേധമായി,
മുകുളങ്ങൾ നഷ്ടവസന്തമായി,
തീമരക്കാടുകൾ തണൽ വിരിച്ചു..!
നിന്നിലേക്കായ് ഞാൻ പിടഞ്ഞു വീണു.

കവിത



# വിപ്ലവം...



സോണിവർഗീസ് വാരനാട്

അന്ന്, ആ ഗ്രീഷ്മത്തിൽ
വളഞ്ഞ് പോകുന്ന പൈൻമരങ്ങൾക്കിടയിൽ നിന്ന് നീ പറഞ്ഞു.
വിപ്ലവം,തീ പാറുന്ന ഒരു ചില്ലയാണ്.
ഓരോ മരണത്തിൽ നിന്നും ഉയിർകൊള്ളുന്ന ശ്വാസമാണ്.
ജപമാലയിൽ വീണ പനിനീർത്തുള്ളിയാണ്.


ഞാൻ ചിരിച്ചപ്പോൾ നീ എനിക്ക് കാണിച്ചു തന്നു.
ചുവന്ന ചില്ലിട്ട മേശവിളക്കുകൾ,
ചുവന്ന പട്ടണിഞ്ഞ ലോഹലിഖിതങ്ങൾ,
പൂത്ത് വിടർന്ന് നിൽക്കുന്ന ചുവന്ന മൊസാന്തകൾ.

ഇന്ന്, അതേ ഗ്രീഷ്മത്തിൽ,
കൊഴിഞ്ഞു വീണ സൈപ്രസ് ഇലകൾക്ക് മേൽ മലർന്ന് കിടന്ന്
നീ പറയുന്നു.
വിപ്ലവം,വായ് തേഞ്ഞ മഴുവാണ്.
കണ്ണീരും,രക്തവും വീണ് തുരുമ്പിച്ച ലോഹമാണ്.
പിളർന്ന അസ്ഥികൾക്കുള്ളിൽ കത്തുന്ന നഗരമാണ്.

എന്റെ കണ്ണുകളിലെ ചോദ്യചിഹ്നങ്ങൾക്ക് മുന്നിൽ വെളിപ്പെടുന്നു.
സായാഹ്നശോണിമ പടർന്ന നിന്റെ കണ്ണുകൾ,
ഏകാന്തതയിൽ മുരളുന്നൊരു നഷ്ടപ്രണയം,
ഭൂഗർഭത്തിൽ നിന്ന് മുള പൊട്ടുന്ന അജ്ഞാതമാം വിരലുകൾ...

കവിത

# ചോല വസന്തങ്ങളുടെ കാവൽക്കാരനോട്



ഹേ, ചോല വസന്തങ്ങളുടെ കാവല്ക്കാരാ ,
എന്നിൽ നിന്ന് കട്ടെടുത്ത
ഋതുക്കളുടെ വിത്തുകൾ
നീ എവിടെയാണ് ഒളിപ്പിച്ചു വച്ചത്?
കാലംതെറ്റി മുളക്കുന്ന ഈ വിത്തുകൾ
എന്നിൽ ഭീതി ഉണർത്തുന്നു.
എന്റെ ജീവനാഡികൾ തളർന്നുപോകുന്നു.
ഉറവകൾ വരണ്ടുപോകുന്നു.
കൊടുംതണുപ്പും അത്യുഷ്ണവും
പ്രളയവും മാറിമാറി വിതച്ച്
നീയെന്നെ പരവശയാക്കുന്നു.
കാലം തെറ്റി പൂക്കുന്ന കണിക്കൊന്നകൾ
കണികാണാൻ നിൽക്കാതെ കൊഴിഞ്ഞുപോകുന്നു.
നോക്കുന്നിടത്തെല്ലാം വേരുകളാഴ്ത്തി
അവസാന ജലകണവും ഊറ്റിയെടുക്കുന്ന
അക്കേഷ്യയുടെ മഞ്ഞച്ചപൂക്കൾ.
അവ പരത്തുന്ന ഉന്മാദഗന്ധത്തിൽ
മയങ്ങുകയാണോ നീ?
പാതയോരങ്ങളിലിപ്പോൾ ഏതുകാലത്തും
പൂക്കുന്ന വയലറ്റ് ജക്കരാന്തകളും
മഞ്ഞ ടെക്കോമകളും നിറയുമ്പോൾ
ആകാശനീലിമയിൽ ചുവപ്പു വാരിവിതറുന്ന
വാകമരങ്ങളെ നീ എവിടെയാണ് ഒളിപ്പിച്ചത്.
കാലം തെറ്റി നീ മുളപ്പിക്കുന്ന മഴവിത്തുകൾ
എന്റെ വയലുകളെ പൊതിയുന്നു.
എന്റെ മക്കൾ വിശന്ന് കരയുന്നു .
ഹേ, ചോലവസന്തങ്ങളുടെ കാവല്ക്കാരാ,
നീ കട്ടെടുത്ത ഋതുഭേദങ്ങളുടെ വിത്തുകൾ
എനിക്ക് തിരിച്ചു തരൂ.
പകരം എന്റെ മണ്ണടരുകളിൽ,
എന്റെ ഹൃദയത്തിൽ സൂക്ഷിച്ച ,
ജാതകം തിരുത്തപ്പെടാത്ത വിത്തുകൾ ഞാൻ നിനക്കു തരാം.
അവയാൽ തെഴുക്കട്ടെ നമ്മുടെ ഹൃദയങ്ങൾ .



ദർശന

കവിത

# മരണാനന്തരം..



ഷബ്നഅബൂബക്കർ

ഞാൻ മരിച്ചെന്നു കേൾക്കുന്ന മാത്രയിൽ
ഓടിയെത്തുന്നവരാരും
അലമുറയിട്ടുണർത്തരുതെന്നെ,
നിദ്രയില്ലാത്ത രാത്രികളെ മടുത്തിട്ടൊടുക്കം
നിത്യ നിദ്രയിൽ അഭയം തേടിയതാണ്..

മരവിച്ചു കിടക്കുന്ന എന്നെ
ചേർത്തു പിടിച്ചു വിങ്ങിപ്പൊട്ടരുത്,
തളർന്നു പോയ നേരം താങ്ങിനായി
ഒരു വിരൽത്തുമ്പു പോലുമില്ലാതെ
വീണു പോയവളാണ്..

സ്നേഹത്തിൻ മുഖമൂടിയണിഞ്ഞു
വഞ്ചനയുടെ ശരങ്ങളെയ്തവരാരും
ഒരു നോക്കമ്പിനാൽ പോലും
വേദനിപ്പിച്ചേക്കരുത്,
നിസ്വാർത്ഥ സ്നേഹം ലഭിക്കാതെ
മുറിഞ്ഞു പോയ ഹൃദയമുണ്ടുള്ളിൽ..

എന്റെ മുഖത്തു ബാക്കി നിൽക്കുന്ന
നേർത്ത പുഞ്ചിരിയിലെൻ ഭാഗ്യമെഴുതരുത്,
നിർഭാഗ്യയായ ഒരുവളുടെ നോവ് ചേർത്തു
തുന്നിയതാണത്..

അടഞ്ഞ മിഴികളിൽ നോക്കി കണ്ണു
നിറയ്ക്കരുത്,
തുറന്നിരുന്ന കാലമത്രയും ഒരു മിഴിനീർ ക
ടലായിരുന്നത്.
അലകളടങ്ങി ശാന്തമെങ്കിലും



ഇപ്പോഴുമതിൽ ഉപ്പുരുചിയുണ്ടാവും..

ചലനമറ്റ കൈകാലുകളെ നോക്കി
എത്ര ആരോഗ്യത്തോടെ
ഓടിച്ചാടി നടന്നവളെന്ന്
നെടുവീർപ്പുതിർക്കരുത്,
അടക്കവും ഒതുക്കവുമില്ലാത്തവളെന്നു
പറഞ്ഞാക്ഷേപിച്ചവർക്ക് വേണ്ടി
എന്നെന്നേക്കുമായി അടക്കി വെച്ചതാണവ..

എന്നെ ആവരണം ചെയ്ത നീണ്ട
മൗനത്തെ നോക്കി
വാ അടക്കാതെ സംസാരിച്ച
വായാടിയായിരുന്നെന്ന് വിലപിക്കരുത്,
അഹങ്കാരിയെന്ന് പേരു ചാർത്തിയവരോടുള്ള
പ്രതിഷേധമാണത്..

പാപിയാണെന്നു ക്രൂരമായി വിളിച്ചവരാരും,
പാവമായിരുന്നെന്ന് നിസ്സാരമായി കള്ളം
പറയരുത്..

ദേഹം കുളിപ്പിക്കാൻ എടുക്കുന്നത്
കാണുമ്പോൾ നാണം വിചാരിക്കരുത്,
സ്വന്തം കാര്യം മാത്രം നോക്കി ജീവിച്ചവർക്കും
പരസഹായം ആവിശ്യമില്ലെന്നു
വീമ്പു കാണിച്ചവർക്കുമുള്ള മുന്നറിയിപ്പാണ
ത്..

ശരീരം മുഴുവൻ മറഞ്ഞിരിക്കുന്ന
എന്റെ തൂവെള്ള വസ്ത്രം കാണേ
ഇരുണ്ട് പോവരുത് ഒരു മുഖം പോലും,
വസ്ത്ര സ്വാതന്ത്ര്യം നിഷേധിച്ചതിനുള്ള
മൗന സമരമാണത്..

എന്റെ സ്വത്തിനെ ചൊല്ലി തർക്കത്തിൽ
ഏർപ്പെടരുത്,
കുന്നോളം സ്വപ്നങ്ങളും കടലോളം
സങ്കടങ്ങളും അതിനിടയിൽ
എള്ളോളം സന്തോഷവും
മാത്രമേ സ്വന്തമായുള്ളൂ..

എനിക്കു വേണ്ടി നിസ്വാർത്ഥമായി
പ്രവർത്തിക്കുന്നവരരേയും
എന്നെയോർത്തു ആത്മാർത്ഥമായി
നീറുന്നവരെയും നോക്കി
അത്ഭുതപ്പെടേണ്ടതില്ല,
പച്ചയായ എന്നെ അറിഞ്ഞവരാണവർ..

മരിച്ചവരൊക്കെ രണ്ടാം നാൾ
മറവിയിലാവുമെന്ന് ആശങ്കപ്പെടേണ്ടതില്ല,
വാത്സല്യമേകിയ കൂടപ്പിറപ്പുകളാലും
നിസ്വാർത്ഥ സൗഹൃദങ്ങളാലും
സമ്പന്നയായിരുന്നവളാണ്..

ദേഹമെടുക്കാൻ വൈകുന്നതോർത്ത്
ആരും അസ്വസ്ഥപ്പെടരുത്,
ദേഹത്തു നിന്നു കിട്ടിയ വിലപ്പിടിച്ചവയിൽ
അവകാശം കയ്യടക്കുന്നതിന്റെ
തിരക്കിനാൽ താമസം നേരിടുന്നതാണ്..

നിശ്ചലമായി കിടക്കുന്ന എന്നിലേക്ക്
എന്റെ തിന്മകളെടുത്തെറിയരുത്,
കുറച്ചു മാത്രമുള്ള എന്റെ നന്മകളെ
കൂടെ അശുദ്ധമാക്കുമത്..

എന്നെ വെക്കും മുമ്പെന്റെ ഖബറിന്റെ
ഉള്ളമൊന്നു കണ്ടു വെച്ചേക്കണം,
മണിമാളികയിൽ കഴിയുന്നവനും
ഇരുട്ടിനെ ഭയക്കുന്നവർക്ക് പോലും
അവസാനം തലചായ്ക്കാൻ ദാനമായി
കിട്ടുന്ന ഭൂമിയുടെ നേർ ചിത്രമാണത്..

ആറടി മണ്ണിലടക്കം ചെയ്ത്
മണ്ണിട്ടു മൂടുന്നതിനു മുമ്പ്
ഒരിക്കൽ കൂടെ എന്നിലേക്കൊന്നു
ചൂഴ്ന്നു നോക്കണം,
മരണമെത്ര ശൂന്യതയാണ്
പടപ്പിൽ നിറച്ചു വെക്കുന്നതെന്നറിയാൻ
വേണ്ടി മാത്രം..

# സ്വപ്നം

മനസ്സിന്റെ മേച്ചിൽപുറങ്ങളിൽ
മോഹങ്ങൾ മഴയായ്
പെരുമ്പറക്കൊട്ടിയാടുന്നുണ്ട്.

ഒരിക്കലും ചിരിക്കാത്ത
വെളിച്ചപ്പാടുകളിൽ
തട്ടിത്തടഞ്ഞു വീഴാതിരിക്കാൻ
മുന്നറിയിപ്പുകൾ
അവഗണിച്ചുകൊണ്ടേതോ
ഹൃദയമിടിപ്പുകൾ
നടത്തത്തിന്റെ
വേഗത കൂട്ടിയിരിക്കുന്നു.

രക്തധമനിയുടെ
ഓരങ്ങളിൽ
കൊടിക്കൂറയുടെ
നിറഭേദങ്ങളിലേക്ക്
ഊളയിട്ടു പോകുന്ന
ഇന്നിന്റെ
ദൈന്യദീന വിലാപങ്ങൾ
ഇരിപ്പുറക്കാത്ത
കൈക്കാലുകൾ
ഒരടി മുന്നോട്ട് പോകാത്ത നടത്തത്തിലാണ്.

ഇടനെഞ്ചിൽ ഇനിയും
നിലയ്ക്കാത്ത നിലവിളിയിൽ
ദിശ നഷ്ടപ്പെട്ട വാക്കുകളുമായി
മർമ്മരമുയർത്തി
ഒരു പൂരപ്പുറപ്പാടിനുള്ള
തിടുക്കത്തിലാണ്.





ശിവൻ തലപ്പുലത്ത്

# മിഥ്യയും സത്യവും ചേരുമ്പോൾ...!



അമൃത മാടംപുള്ളി

നിന്നെക്കുറിച്ച് ഞാനൊരു
കവിതയെഴുതാൻ തുടങ്ങി.
സാഹിത്യഭാഷ അല്പം
പോലും തൊട്ടുതീണ്ടാതെ
ഭംഗിവാക്കുകൾ കൊണ്ട്
നിന്നെ മുറിവേൽപ്പിക്കാതെ
എഴുതി തുടങ്ങി.

എന്താണെന്നറിയില്ല...!
എഴുതിതീർന്നപ്പോൾ
ഇതെല്ലാം ചേർന്ന്
നിന്നെപ്പോലെ മിഥ്യയെ പേറുന്ന
സത്യമായി ആ കവിതയെന്റെ
പുസ്തകതാളുകളിലിരുന്ന്
കാലം കാർന്നു.

ഒരിക്കൽ, ഞാനറിയാതെ
തുറന്നു നോക്കി,അവിടെയും
അക്ഷരങ്ങളിൽ ബാക്കിയായി
നിന്റെ പേരായിരുന്നു...!

ഇതിൽ നിന്നും ഞാൻ
മിഥ്യയെയും,സത്യത്തെയും
പിരിച്ചെഴുതാൻ നോക്കി.
നമ്മളെപ്പോലെ ഇരുവരും
ഇഴപിരിഞ്ഞു
കിടക്കുവാണോയെന്നൊരു
സംശയം...!



# പാഠപുസ്തകങ്ങൾ



മഞ്ജു സുഭാഷ്

എങ്ങുനിന്നോ
വീണു കിട്ടിയ
വെളിപാടുകൾ
നിങ്ങൾ
ഞങ്ങൾക്ക്
ഓതിതരുമ്പോൾ
ഒരു ഭ്രാന്തൻ സ്മൃതിയുടെ
കെട്ടുകൾ
വീണ്ടും
പൊട്ടുകയാണ് ...

അപ്പോൾ
കുമ്പസാര കൂടുകളിൽ
സമയം കൊല്ലുന്നവർ
എവിടെയോ
മറന്നു വച്ചു പോയ
ഒരു ചിരിക്കു വേണ്ടി
നമുക്ക്
എവിടെയാണ്
തിരച്ചിലാരംഭിക്കേണ്ടത്

പുനപരിശോധിക്കാനുള്ള
വിശ്വാസപ്രമാണങ്ങളെ
ഏതു പരിസ്ഥിതിക്കാണ്
നമുക്കിപ്പോൾ
പണയം വെയ്ക്കേണ്ടത്

തിരുത്തൽവാദങ്ങളുടെ
അവിശുദ്ധ ശ്രാദ്ധങ്ങൾ
ചുട്ടുപൊള്ളിക്കുന്ന
ആത്മാക്കളുടെ
നിലവിളികൾക്കിടയിൽ നിന്ന്
ചിരിയും ചിന്തയും കരച്ചിലും
വേർതിരിച്ചെടുക്കുമ്പോൾ
കിട്ടുന്ന അറിവിന്റെ
പാഠപുസ്തകങ്ങളിൽ
പുതിയ അദ്ധ്യായങ്ങൾ
എഴുതി ചേർക്കുക
സങ്കീർണ്ണമാവുന്നു....
അതിലുപരി
അപകടകരവും ....

ചുവപ്പും പച്ചയും
വെള്ളയും കാവിയും
പുറംചട്ടകളുള്ള
പുസ്തകങ്ങളുടെ
ആവേശകരമായ
സാന്നിദ്ധ്യങ്ങൾ
തിരിച്ചറിവിന്റെ
ഏതു പാഠപുസ്തകമാണ്
നമുക്കിപ്പോൾ
എറിഞ്ഞു തന്നിരിക്കുന്നത്
അവ നമുക്ക്
നഷ്ടപെടുത്തുകയും
ഒപ്പം
നേടിതരുകയും ചെയ്ത
സൗഹൃദങ്ങൾ
അപഹാസ്യമായ
ആവർത്തനങ്ങളുടെ
അലയടങ്ങാത്ത
ചിരികൾ മാത്രം
നമുക്കവശേഷിപ്പിക്കുമ്പോൾ
ആശ്വാസത്തിനായ്
സ്വപനങ്ങളുടെ
തീരത്ത്
വിരിയിക്കാൻ
കുറച്ച്
ചെമ്പനീർ പൂക്കളെങ്കിലും
ഞങ്ങൾക്ക്
സമ്മാനിക്കുക....



കവിത

# 'നാവിന്റെ ചരിത്രം'

മുലപ്പാൽ നുണയും
നാവി,ലാരാണ്
ചോരത്തുള്ളികൾ
ഇറ്റിറ്റു വീഴ്ത്തുന്നത്?

പ്രിയ നാവേ...
അർത്ഥമില്ലാത്ത വാക്ക്
നിന്റെ കൈവിട്ട സൂത്രം!

സൗഹൃദത്തിൻ
നാനാർത്ഥങ്ങളുള്ള വാക്ക്,
നിന്റെ കൈ-മെയ്യ്
മറന്നുള്ള...വരം!

'ഹായ്!
ഭൂമി...ഉരുണ്ട...ഭൂമി!'-

ബ്രൂണോയുടെ
നാവ് പിഴച്ചില്ല...

വഴിപിഴച്ച
അന്ധരാ,മധികാരവർഗ്ഗം,
നാവുമാത്രം
പിഴുതെടുത്തില്ല...
കത്തിച്ചത്...
നാവിനെ
'കാത്തി'രുന്ന ശരീരം!

ഗലീലിയോയുടെ നാവ്,
മാറ്റി...തന്ത്രം!

'അയ്യോ!
ഭൂമി...പരന്ന...ഭൂമി!

തൽക്കാലം
ഭൂമി പരന്നിരിക്കട്ടെ!...
പിളരാതിരിക്കട്ടെ ശരീരം?
സുരക്ഷിതമായി
പുറത്തു കടന്ന്
ഭൂമിയെ
ഉരുണ്ടതാക്കാം!...'-

കണ്ണാടിയിൽ
നോക്കിയപ്പോൾ,
നാവിന്റെ,
നോവുണർത്തു,മുപദേശം!...

ഹിറ്റ്ലർ
ചോര കുടിച്ചുറങ്ങുമ്പോൾ,
പോപ്പിന്റെ നാവ്,
വീണ്ടു നുണഞ്ഞു,
പള്ളിമേടയി,ലുണർന്നിരുന്നത്,
രണ്ടാംലോകമഹായുദ്ധത്തിലെ
ഇരുണ്ട അദ്ധ്യായം!

ചരിത്രത്തിൽ,
മാറ്റത്തിനായ്
മുറവിളികൂട്ടേണ്ട,
നാവിൽ...മൗനം,
കുറ്റകരമായ,
ചരിത്രപാഠത്തിൻ
മേലങ്കിയണിഞ്ഞ നിമിഷം!

തെരുവിലൊരു
വർണ്ണവെറിയൻ നാവ്,
മറ്റൊരു തളർന്ന നാവിനോട്
യുദ്ധം പ്രഖ്യാപിക്കുമ്പോൾ,
തെരുവു കലാപം!

ഭൂലോകമാപ്പ് നോക്കി
ഒരു ഉന്നതകുലജാതനാം നാവ്,
അനേകം പട്ടാളക്കാരോട്
'ഫയർ!'-
എന്നു കല്പിക്കുമ്പോൾ,
ആഗോള യുദ്ധം...
ആഗോളക്കൊള്ള!

സത്യം പറയും നാവേ...
നീയില്ലായിരുന്നെങ്കിൽ
പല്ലുകളും ചുണ്ടുകളും,
വെറും
ഷണ്ഡർ മാത്രം!

ചരിത്രമേറ്റെടുത്ത
ബദൽ മുദ്രാവാക്യം,
ലോക വിപ്ലവകാരികളുടെ
നാവിൻ സമ്മാനം!-
'സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം'

നീണ്ടാൾ വാഴട്ടെ...
അനീതിക്കെതിരെ
ചുഴറ്റും,
കുരയ്ക്കും,
സത്യം പറയും,
ഭയമില്ലാ
നാവുകൾ!

തുലഞ്ഞുപോകട്ടെ...
നുണപറയും,
നായിന്റെ
മക്കളുടെ,
ശപിയ്ക്കപ്പെട്ട
പുഴുത്ത നാവുകൾ!



ചാക്കോ ഡി അന്തിക്കാട്



കവിത

# സമാന്തര ചിത്രങ്ങൾ



ഭാര്യയ്ക്കും കാമുകിയ്ക്കും
ഒരേ കാളർ ട്യൂണുകൾ.
ഒരേ
നിറത്തിൽ
പ്രൊഫൈൽ ചിത്രങ്ങൾ.

സംഭാഷണത്തിൽ
പക്ഷേ,
രണ്ട്
കാറ്റിന്റെ ഗതി.
രണ്ട്
കടലിന്റെ അഗാധത.

സ്വപ്നങ്ങളിൽ
എപ്പോഴും,
രണ്ട്
പക്ഷികളുടെ ചിറകുകൾ.
രണ്ട്
ആകാശങ്ങളുടെ നീലിമ.

ബാക്കി പത്രമായത്,
പൊട്ടിയ ഫോണ്
ഫാനിൽ
ഒരു
കുരുക്ക്
ജന്നാലയിലൂടെ നീണ്ടു വരുന്ന
പിഞ്ചു കണ്ണീർ മിഴികൾ.
വിലങ്ങിട്ട് തല കുനിയുന്ന കാഴ്ചകൾ .......



എം. കപിൽദേവ്.

# അച്ഛനാണച്ഛൻ?



സരസ്വതി. കെ.എം.

ഗർഭഗേഹത്തിന്റെ
വാതുക്കൽ
കാണെക്കനം വെക്കും
നെഞ്ചുമായി തൂണും ചാരി
പുകച്ചുരുളിന്നുള്ളിൽ
ചുരുങ്ങിയിരിപ്പുണ്ടൊരാളച്ഛൻ

പിള്ളക്കരച്ചിലിൽ
തിരത്തള്ളുമാനന്ദം
പുറത്തു കാട്ടാതൊരു
പുഞ്ചിരിക്കുള്ളിലൊതുങ്ങി
നിൽപ്പുണ്ടൊരാളച്ഛൻ !



നീട്ടിയ കുഞ്ഞിക്കൈയിൽ
മനം കോർത്തു
പിച്ച പിച്ചയെന്നുച്ചുസ്തരം
എന്തുമെച്ചമാണെൻ
ജീവിതമെന്നുള്ളിലുത്സാഹിക്കു
ന്നുണ്ടൊരാളച്ഛൻ

ഉച്ചയൂണല്പം കുറക്കാമിനി
മെച്ചമാർന്ന കളിപ്പാട്ടമുടുപ്പുകൾ
എത്രയെത കരുതേണ -
മെന്നാരും കാണാതെ
കീശ തപ്പുന്നുണ്ടൊരാളച്ഛൻ !

കല്പടവുകൾ കയറീടവേ
കൈത്താങ്ങായും,
പോകെപ്പോകെ
നീയുയരത്തിൽ വളരവേ
ഉയരും ഹൃത്താളമൊതുക്കി
പിന്നിൽ നിർന്നിമേഷം
നിറയുന്നൊണ്ടൊരാളച്ഛൻ

കാറ്റു വീശിലും
പേമാരിയെന്നാലും
നീന്തിക്കടന്നേ വരുമെ-
ന്നിരമ്പുമുൾക്കടലോട -
ടങ്ങവനെന്റെ കുഞ്ഞല്ലേയെന്ന്
അടയാത്ത കൺപോളയിൽ അഭിമാനം
അടയാളപ്പെടുത്തുന്നൊരാളച്ഛൻ..

അമ്മയാണെനിക്കെല്ലാ
മെന്നു സാമോദം
ചേർത്തു നിർത്തുമ്പോൾ ....
പറയാതകം തോർത്തി
പുറമേ നിറയുന്നൊരാൾ
ചിരിക്കാൻ മറന്നൊരാൾ
കരഞ്ഞാൽ കുറയുന്നൊരാൾ
അത്രമേലച്ഛനായീടാൻ
ജീവിച്ചൊരാളാണൊച്ഛൻ
അത്രമേലച്ഛനായിടാൻ
അച്ഛനൊരാൾക്കേ പറ്റൂ.??

# മനോഹരമായ പരലോകം

ഇന്നലെ ഉച്ചമയക്കത്തിൽ ഞാൻ സ്വപ്നത്തിൽ
പരലോകമൊന്നു പുൽകി

ചുറ്റുമുള്ളാരവം നിലച്ചു
പെട്ടെന്നതാ പരലോകത്തിൽ ഞാൻ ചെന്ന് പെട്ടു

ധൃതി പിടിച്ചോടുന്ന വാഹനവ്യൂഹമില്ലവിടെ
തിരക്കുപിടിച്ചോരി ടവുമില്ല

വളരെ പതുക്കെ നടക്കുന്ന മനുഷ്യർക്ക് ചുറ്റിലും
പാറുന്നു ഭയമില്ലാതെ കിളികൾ
പൂവുപോൽ മന്ദസ്മിതം തൂവുന്നെല്ലാരും -
ചുറ്റിലും ലതകളിലുണ്ട് പൂക്കൾ

ആറുകളിൽ സ്വച്ഛന്ദമൊഴുകുന്ന
തെളിനീരിൽ
നീന്തുന്നു മീനുകൾ
ചൂണ്ടൽ കൊളുത്തും, വലയുമെങ്ങുമില്ല

വീചികളിലൊക്കെയും തണലിടും പൂമരം
പൂമരക്കൊമ്പിലോ തേൻ കനികൾ

ഇടതൂർന്ന വന്മരമുള്ള കൊടും കാട്
കാട്ടിലുണ്ടുരഗങ്ങൾ, മൃഗങ്ങളും, ഷഡ്പദങ്ങൾ
വനത്തിലോ
വേടന്റെ അമ്പില്ല, കെണിയില്ല, വാരിക്കുഴികളില്ലിരകളില്ല

ആരും, ആർക്കുമു പദ്രവം
ചെയ്യാത്ത
പരലോകത്തെത്രയാ
കുന്നുകൾ, വയലുകൾ
മാമരങ്ങൾ

ഇത്ര മനോഹര ലോകമോ പരലോകമെന്നു
ഞാൻ ശങ്കിച്ചു നിൽക്കെ

മർത്യനു ദുരാഗ്രഹമില്ലെങ്കിൽ ഇഹലോകവുമത്രമേൽ
സുന്ദരമെന്നുണർന്നു.



ബഷീർ മുളിവയൽ

# തനിച്ചാകുന്ന വീട്



വീടുപേക്ഷിച്ച് അഞ്ചാറുദിവസം
കുടുംബമായ് മാറിനിന്നാൽ
തിരികെയെത്തുമ്പോൾ
ആദ്യം പ്രതിഷേധിക്കുന്നത്
കരിയിലക്കൂട്ടമായിരിക്കും.

അതിലും കൂടുതൽ കലിപ്പ്
കോഴിയമ്മയ്ക്കും മക്കൾക്കുമാണ്.
മുറ്റവും പറമ്പും മാന്തിക്കീറി
നാലുഭാഗത്തേയ്ക്കും
തട്ടിനിരത്തിയിട്ടുണ്ടാകും
മണ്ണുമാന്തിക്കാലുകൾ.
ഇറയവും കുശിനിയുമാകെ
തൂറിതോപ്പിച്ചിട്ടുണ്ടാകും.

ചട്ടയിൽ തളച്ചിട്ട ചെടികൾ
ഭക്ഷണവും വെള്ളവുംതേടി
വേരുകളെ പുറത്തുവിടാൻ കഴിയാതെ
വീർപ്പുമുട്ടിയിട്ടുണ്ടാകും ,
പാതി പ്രാണനുമായ് തളർന്നു -
കിടപ്പുണ്ടാകും മോഹാലസ്യപ്പെട്ട്.

അകത്തേയ്ക്കുപ്രവേശിക്കുമ്പോൾ
ചിലന്തികൾ വാതിലിനുകുറുകെ
വലകൊണ്ട് ബാരിക്കേട് തീർത്തിട്ടുണ്ടാകും.
കാൽപ്പെരുമാറ്റം മുഴങ്ങുമ്പോൾ
പല്ലിയും പാറ്റയും നാലുപാടും
ചിതറിയോടി സുരക്ഷിതരാകും.
പൂച്ചക്കുട്ടി മാത്രം
മുട്ടിയുരുമി പരിഭവപ്പെടും.

അടഞ്ഞുകിടന്ന
ജനലും വാതിലും തുറക്കുമ്പോൾ
വെന്റിലേറ്ററിലായിരുന്ന വീട്
പെട്ടന്ന് താനേശ്വസിക്കും.
നിമിഷങ്ങൾക്കകം വീടുവീണ്ടും
വീടായ് പുനർജനിക്കും.




മുരളീധരൻ പുന്നേക്കാട്

# നഷ്ട പ്രണയം



കയ്യുമ്മു കോട്ടപ്പടി



കാണുമ്പോഴെപ്പോഴും
മുന്നിലുണ്ടാവും
മരങ്ങൾക്കിടയിലൂടിറ -
ങ്ങിവരുന്നതു പോലൊ -
                    രു പെണ്ണ് !
തളിരിലക്കൂമ്പു പോലു-
ള്ളൊരു ചിരിയിൽ
പച്ചനിറത്തിലൊരു -
                    പെണ്ണ് !

എവിടെ നോക്കിയാലും
എവിടെ തിരിഞ്ഞാലും
കൺമുന്നിൽ കളിച്ചു -
ചിരിപ്പൊരു പെണ്ണ് !

ഒരിക്കൽ ഞാനവളെ
കണ്ടിരുന്നൊ?

മരങ്ങൾക്കിടയിലൂടെ
പാദസര കിലുക്കമായി
കിലുക്കിവരുന്നവളെ ..?

എവിടെ നോക്കിയാലും കൺമുന്നിലുണ്ടവൾ !
മനസ്സിലൊ മഞ്ചാടി -
                    മുത്തായി....
പിന്നെപ്പോഴാണ്
എന്റുള്ളിലൊരു നനു -
ത്ത ചിരി നിറച്ചത് ?

ഇന്നെന്റെയുള്ളിലോർ -
മ്മ! നഷ്ട പ്രണയത്തി -
ന്റെ മധുരമായൊരോർ -



# വായന

കടലിരമ്പി ചുഴികളാകുന്നതും
തിരമാലകൾക്ക് തീപിടിക്കുന്നതും
തിരയെ വാരിപ്പുണരുന്നതും

ചിന്തകൾക്ക് ചന്തമേകുന്നതും
ചിത്തഭ്രമം ചെമ്പരത്തിപൂവാകുന്നതും

ഉള്ളുചുട്ടുപൊള്ളിടുന്ന
ജീവിതഗന്ധികൾപോലും
മനോഹര കാവ്യമായ് മാറുന്നതും

മൺമറഞ്ഞവർക്കരികിലെത്തി
കുശലം പറയാനും

ആകാശത്തൂഞ്ഞാൽ കെട്ടാനും
ഭൂമിക്കടിയിൽ പറന്നു ചെല്ലാനും

നിലാച്ചേലയുടുക്കാനും
താരകപ്പൊട്ടുക്കുത്താനും

സൂര്യന്റെ കൈപിടിച്ചു നടക്കാനും
ചന്ദ്രനിൽ ശയിക്കാനും

കാറ്റിനെ പ്രണയിക്കുന്ന
കാടിന്റെ മനസ്സ് കാണാനും

അങ്ങനെ... അങ്ങനെ...

കല്പനകൾ പൂത്തുവിടരുന്ന
കടലാസുദ്യാനത്തിലെ
പാറിപ്പറക്കുന്ന പൂത്തുമ്പിയാവാൻ
നമുക്ക് കഴിയുന്നത്
വായനയിലൂടെ മാത്രം

എഴുതിവെച്ചതെല്ലാം വായിക്കുമ്പോൾ
എഴുതാതെപോയ സ്വന്തം
ജീവിതഗ്രന്ഥം
വായിക്കുവാനാവാതെ
വായനാവഴിയിൽ
ഏകനാ(കിയാ)യുഴലുന്നു
നാമോരോരുത്തരും



**സിന്ധു ഗാഥ**

# എഴുത്തച്ഛൻ

അശരീരികൾ
മുഴങ്ങി ചുറ്റിലും,
പേടിയാൽ
കുടിലുകളിളകി
ശബ്ദം...
എവിടെനിന്നെല്ലാമോ
കുത്തിയൊലിക്കുന്ന
ശബ്ദം!

'തൊട്ടാൽ
ശാപമായ്
പൊട്ടട്ടെ നിന്റെ കണ്ണുകൾ,
കേട്ടാലുരുക്കിയൊഴിക്കട്ടെ
ചെവിയിലൂടെ
നെഞ്ചിലേക്കീയത്തുള്ളികൾ,
ഉരുവിട്ടാലരിഞ്ഞെടുക്കാം
നിന്റെ നാവിൻ തലപ്പുകൾ.

ഗന്ധമില്ലാത്തയക്ഷരങ്ങൾ
മാത്രം മതി
നിന്റെ ചാളയിൽ



തീ പൂട്ടുവാൻ
ചാരമാകുവാൻ
ഓർമ്മയില്ലാതെ
നീയടിഞ്ഞഴുകുവാൻ...

വിദ്യയർത്ഥിക്കുവാൻ
വേദം ഗ്രഹിക്കുവാൻ
ത്രാണിയില്ലാത്ത
നീ ഹീനജാതി...

ശാപം ചൊരിഞ്ഞ
വരേണ്യന്റെ
മുഖത്തു കാർക്കിച്ചു തുപ്പി
തുഞ്ചൻപ്പറമ്പിലെക്കാരണവർ
പൊട്ടിയൊലിച്ച കണ്ണുമായ്
ഈയമുറഞ്ഞ കാതുമായ്
പൊള്ളുന്ന നെഞ്ചിന്നുലയിൽ
കവനത്തൂലിക കൂർപ്പിച്ചു,
എഴുത്തിനിരുത്തി
ഉണ്ണിക്കിടാങ്ങളെ
ശാരികപ്പൈങ്കിളിയേറ്റുപാടി...

പൊൻചെമ്പകത്തിൻ
പൊൻശിഖയിൽ
അക്ഷരപ്പൂക്കൾ വിടർന്നു
നവഭാവന പടർന്നു
കവിതയുണർന്നു
പ്രഭാതം മണ്ണിൽ നിറഞ്ഞു.

കൂട്ടിവായിക്കാൻ
പഠിച്ച കിടാങ്ങൾ
അക്ഷരങ്ങളോരോന്നായ്
ചേർത്തുവച്ചു ചൊല്ലി,
'മലയാളം
മലയോളം
കലയേറും
മലയാളം'.



ഡോ. അജയ് നാരായണൻ

# വാകവൃക്ഷം



മാഗ്ളിൻ ജാക്സൺ

**ഈ** വർഷത്തെ ആദ്യത്തെ വേനൽ മഴയായിരുന്നു.

ഭൂമി ചൂടിനാൽ വരണ്ടുണങ്ങി. മരങ്ങളെല്ലാം ജലത്തിനായി ദാഹിച്ചു വലഞ്ഞ ദിനങ്ങളിൽ ആയിരുന്നു വേനൽ മഴ പെയ്തത് ...

ആകാശം താഴെയ്ക്ക് ചാടിച്ച മഴതുള്ളികളെ ഭൂമി അദൃശ്യമായ കൈകളിൽ ഏറ്റുവാങ്ങി. മരങ്ങളും ചില്ലകളും വേരുകളും സന്തോഷത്താൽ നൃത്തമാടി. മധ്യവയസ്കനായ ഒരു ആഞ്ഞിലിമരത്തിനു ചെറുപ്പക്കാരിയായ വാകമരത്തിനോടു പ്രണയം തുടങ്ങിയിട്ടു വർഷങ്ങളായി തുറന്നു പറയാൻ കഴിയുന്നില്ല. ആഞ്ഞിലിമരം കാറ്റിനോടു പറയുമായിരുന്നു; ഒന്നു വന്നു വീശുമോ കാറെറ .... കാറ്റിൽ ഇലകളും ചില്ലകളും ആട്ടി അവളെ ഒന്നു തഴുകി തലോടാൻ എൻ മനം വെമ്പുന്നു .... എനിക്കവളോടുള്ള പ്രണയം തുറന്നു പറയാൻ കഴിയുന്നില്ല. ഇതുവരെ ആരോടും പ്രണയം തോന്നിയിട്ടില്ല. പ്രണയം തോന്നിയ ആളോട് തുറന്നു പറയാനും

കഴിയുന്നില്ല .ഇഷ്ട കൂടുതൽ കാണിക്കാൻ ശ്രമിച്ചിരുന്നു. എന്നിട്ടും അതൊരു നിശബ്ദ പ്രണയം മാത്രമായ് മാറി.. നിന്റെ ആത്മാവിലേക്കെന്റെ പ്രണയത്തിൻ വിത്തുകൾ പാകി അതിൻ വേരുകൾ ആഴ്ന്നിറങ്ങണം. പറിച്ചു ദൂരെ കളയാനാകാത്ത പാകത്തിൽ ... കാറ്റിൽ ഞാൻ അവളുടെ ചില്ലകളേയും ഇലകളേയും തഴുകി തലോടി ചുംബനം നൽകാറുണ്ട്. അവൾ അത് ആസ്വാദിക്കുകയായിരുന്നോ?

അതോ അവൾക്കെന്നോടുള്ള പ്രണയം തുറന്നു പറയാൻ മടിക്കുകയാണോ? വേനൽ കഴിഞ്ഞു . മാനത്ത് ഉരുണ്ടു കൂടിയ കാർമേഘങ്ങളുടെ കണ്ണുനീർ മഴത്തുള്ളികളായ് ഭൂമിയിലേക്ക് വർഷിച്ചു..

ആദ്യ മഴവീണതോടെ എന്നിൽ ഉന്മേഷം വർദ്ധിച്ചു. ഹൃദയമോഹസങ്കല്പങ്ങൾക്കു ചിറകുവച്ചു. അവപറക്കാൻ തുടങ്ങി. പതിയെപതിയെ മഴത്തുള്ളികൾ തായ് വേരിലേയ്ക്കാഴ്ന്നിറങ്ങി പുതു ആരോഗ്യം നൽകി. വാകമരത്തിനോട് കൂടുതൽ അടുക്കണമെന്നു തോന്നി ഉള്ളിലുള്ള പ്രണയം തുടച്ചുണർന്ന നിമിഷങ്ങൾ ....

കാർമേഘം കമ്പിളി മൂടി ആദ്യത്തെ മഴ ശക്തിയാർജ്ജിച്ചു

പെയ്തു ... അതോടെ എന്റെ ഓരോ ഞരമ്പുകളിലും വാകാമരത്തോടുള്ള പ്രണയം പൂത്തുലഞ്ഞു .....

മനുഷ്യർ വൃക്ഷത്തിന്റെ ചില്ലകൾ തമ്മിൽ കെട്ടിപ്പുണരുമെന്നു കരുതി അകറ്റി നടാറുണ്ട് , വേരുകൾ ഭൂമിയെ പിളർന്നു ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങി ആലിംഗനബന്ധരായ് പുണർന്നുറങ്ങുന്നതു ആരും അറിയില്ല .... വാകവൃക്ഷം പൂത്തു സുന്ദരിയായ്ചന്തം നൽകി നിൽക്കുന്നത് അതിനു ജീവൻ കൊടുക്കുന്നതു മണ്ണിലേക്ക് ആഴ്ന്നിറങ്ങിയ വേരുകളാണ് ...

രാവിലെ ആരൊക്കെയൊ വന്നു എന്നെ തട്ടിയും തഴുകിയും നോക്കുന്നുണ്ടായിരുന്നു. എന്തിനായിരിക്കും അവർ വന്നത് ?

മഴ തകർത്തു പെയ്തു കൊണ്ടിരുന്നു വാക പൂക്കൾ ചുവന്ന പരവതാനി വിരിച്ച പോൽ താഴെ അടർന്നു വീണു ...

മഴത്തുള്ളികളുടെ മധുരത്തെ ഇലകൾ പൊതിഞ്ഞു വാങ്ങി. വാക മരത്തോടുള്ള പ്രണയം തണ്ടിലൂടിറങ്ങി വേരോളം എത്തി

അവളോടു പറയാനുള്ളതെല്ലാം മണ്ണിനടിയിൽ വച്ചു പറയണം അവളെ എനിക്കൊന്നു വാരിപുണരണം. ആ ചെഞ്ചുണ്ടിലൊന്നു ചുബിക്കണം.

അവളുടെ ഇളംവേരുകൾ എന്നിലേയ്ക്ക് ആഴ്ന്നിറങ്ങി വന്നു തഴുകിത്തലോടി കൊണ്ടിരുന്നു....

ഞാനറിയാത്ത ഭാവത്തിൽ അതാസ്വദിക്കുകയായിരുന്നു.....

"എടീ പെണ്ണേ ഇത്രയും നാൾ നീ എന്താ എന്നോടിഷ്ടമാണ് എന്നു പറയാതിരുന്നത് ?' 'ഏട്ടൻ പറയട്ടേ എന്നു കരുതി ഞാൻ "

കാറ്റിൽ ഞങ്ങൾ രണ്ടുപേരും സന്തോഷത്താൽ നൃത്തം ചെയ്തു. വാക പൂക്കൾ കൊണ്ടു അവൾ എന്നെ മൂടി. സന്തോഷമായിട്ടുള്ള ദിവസങ്ങൾ ...

അന്നു വന്നവർ എന്തോ ആയുധങ്ങളുമായി വന്നു ഒരാൾ കുരങ്ങൻ മരത്തിൽ കയറുംമ്പോലെ മേലേയ്ക്ക് കയറി വന്നു. അയാളുടെ കയ്യിൽ കോടാലി ഉണ്ടായിരുന്നു

വരും നാളിൽ തണൽ വിരിക്കാൻ കാത്തിരുന്ന ശിഖരങ്ങൾ അയാൾ നിഷ്ക്കരുണം വെട്ടിമാറ്റി

ഞാൻ വേദന സഹിക്കാനാവാതെ നെഞ്ചകം പൊട്ടിക്കരയുകയായിരുന്നു.

ഏറ്റവും സങ്കടം വാകയെ പിരിയണമെന്നുള്ളതാണ്. അവർ മെഷീൻ വെച്ചു എന്നെ തുണ്ടം തുണ്ടമാക്കി ....

ആൽമരം മണ്ണിൽ തലയടിച്ചു വീണ അന്നു വൈകുന്നേരം വാകമരം വാടിത്തളർന്നു. പൂക്കൾ തുണ്ടമായ് വെട്ടിയിട്ട ആൽമരത്തിന്റെ കുറ്റിയിൽ വീണു കൊണ്ടിരുന്നു. രാത്രിയിലെ ചാറ്റൽ മഴയ്ക്കും വാക മരത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല. ദിവസങ്ങൾക്കു ശേഷം വാകമരം കരിഞ്ഞു പോയി..


ആർക്കും ഞങ്ങളെ പിരിക്കാൻ കഴിയില്ല. ഞങ്ങളുടെ വേരുകൾ തമ്മിൽ പിരിയാത്തവിധം അടുത്തു കഴിഞ്ഞു ...

ഒരിക്കലും ഞങ്ങൾ അകലുകില്ല . എന്നുംപ്രണയിച്ചു കൊണ്ടേയിരിക്കും ...

# അപാരത തേടുന്ന കവിത



ശ്രീജ വിജയൻ




**ക**വിത എന്നാൽ സഞ്ചാരവീഥിയാണ്. അനന്തങ്ങളും വിശാലങ്ങളുമായ പ്രയാണ വീഥികൾ . നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ.ചിലത് ആഴത്തിൽ സ്പർശിക്കുന്നവയുണ്ട്. അവയിലൂടെയുള്ള ചില അടയാളപ്പെടുത്തലുകൾ നടത്തുന്നതാണ് പി.എം. ഗംഗാധരൻ പെരളശേരിയുടെ കവിതകൾ.

‘ആതിരനിലാവിന്റെ ഓർമ്മക്ക്‘ എന്ന പേര് കാല്പനികമായ ഓർമപ്പെടുത്തൽഎന്നതിനപ്പുറംജീവിതത്തെ ഗൗരവതരത്തിൽ കാണുന്ന സമീപനങ്ങളും, കലഹപ്പെടലുകളും ,സമരസപ്പെടലുകളും,ശകലിത ജീവിത സങ്കീർത്തനങ്ങൾക്കൊപ്പം പ്രതീക്ഷകളും പങ്കുവയ്ക്കുന്ന കാഴ്ചകളാണ് കാണാൻ കഴിയുക. പലപ്പോഴും കവിത താളത്തിന്റെ പശ്ചാത്തലത്തിൽ പ്രവേശിക്കപ്പെടുന്നു.ഇത് കവിതക്ക് ആസ്വാദ്യത കൂട്ടുന്നു. തനിക്ക് കവിത എന്താണെന്ന് ശിരോലിഖിതത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ജൈവമായ അടിത്തറയുള്ളവയാണ് ഇദ്ദേഹത്തിന്റെ കവിതകൾ. ഒരു ചിത്രകാരന്റെ നൈപുണിയാൽ രൂപം കൊള്ളുന്ന ചിത്രം പോലെ വായനയിൽ തെളിയുന്ന ഒട്ടേറെ നിറക്കൂട്ടുകൾ. നന്മയും സ്നേഹവും പരിഭവങ്ങളും നിറഞ്ഞു നിൽക്കുന്നുവെങ്കിലും ദിശാബോധമുള്ള കവിതകൾ. ജീവിതം തുളുമ്പി നിൽക്കുന്ന ഇക്കവിതകളിൽ വ്യക്തിദു:ഖങ്ങളെ സമകാലിക സാമൂഹ്യ ദുരന്തങ്ങളുമായി ബന്ധിപ്പിക്കുന്നുമുണ്ട്.

സ്വന്തമാവില്ലെന്ന യാഥാർത്ഥ്യബോധവും ,കെട്ടിപ്പിടിച്ചതും, പൊട്ടിക്കരഞ്ഞതും ഒക്കെ മിത്തത്തിലൊന്നിച്ചടിയ വേ

എന്നു പറയുന്ന സ്വപ്നമെന്ന കവിത ഭഗ്ന സ്വപ്നത്തിന്റെയും, വിതുമ്പലിന്റെയും കുഴഞ്ഞുമറിയലാണ്. സ്വപ്നം നൽകുന്ന മായികക്കാഴ്ചയെ അതി മനോഹരമായി ഈ കവിത വർണ്ണിച്ചിരിക്കുന്നു.

സ്ത്രൈണത എന്ന കവിത പുതുകാലത്തിന്റെ എഴുത്തു രീതി അവലംബിക്കുന്ന കവിതയാണ് ' കണ്ണു വേണം ഇരുപുറവും' എന്ന ചിന്തയെ പ്രോജ്ജ്വലിപ്പിക്കുന്നവയാണ്.

ഇതൊരു കാഴ്ചപ്പാടായി രൂപപ്പെടാത്തതാണ് സമൂഹത്തെ പ്രതിസന്ധികളിലേക്ക് തള്ളിവിടുന്നതെന്ന് കവിത ധ്വനിപ്പിക്കുന്നു.

പിറവിയുടെ, കാഴ്ചയുടെ, ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലെ അതിശയപ്പെടലുകളെ കണ്ടെത്തുന്ന കവിതയാണ് വിസ്മയം.

അർത്ഥന എന്ന കവിത ഒറ്റ വായനയിൽ സച്ചിദാനന്ദന്റെ വേഗമുറങ്ങൂ എന്ന കവിതയുടെ മറുപുറമാണെന്ന് തോന്നിപ്പിച്ചു. മകളോട് നടത്തുന്ന അച്ഛന്റെ തുറന്നു പറച്ചിലുകളാണ്.ഇന്നിന്റെ സമൂഹത്തിലേക്ക് മകളുടെ കടന്നുവരവിനെ സ്വാഗതം ചെയ്യാനാവാത്തതിന്റെ അച്ഛന്റെ വെളിപ്പെടുത്തലുകൾ. സ്ത്രീക്കു നേരേ -പെൺകുട്ടികൾക്കു നേരേ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളുടെ ക്രൂരതയെ കുറിച്ചു പറയുകയുന്നതിനോടൊപ്പം ഇരയുടെ പിതാവിന്റെ ആത്മ വിലാപത്തെ പറഞ്ഞു വയ്ക്കാൻ ഇതിൽപ്പരം വാക്കുകളില്ല. വേദനയുടെ കുറുകൽ മനസ്സിൽ അവശേഷിക്കുന്ന കവിതയാണിത്.

ഗൃഹാതുര നിനവുകളെ തലോടുന്ന വിദ്യാലയം, അറിവിന്റെ ലോകത്തിലേക്കു പ്രവേശിക്കുന്ന വിദ്യാരംഭം ,വിഷുവോർ മകൾ, അമ്മയോട്, കൂടു തുറക്കൽ, എന്റെ വീട് തുടങ്ങിയ കവിതകൾഓർമകളിലേക്കു തിരിച്ചു നടത്തിക്കുന്നവയാണ്

കേരളത്തിന്റെ ചരിത്രത്തെയും, നാട്ടു നന്മകളെയും വരച്ചിടുകയും കേരളീയനായതിന് വർദ്ധിച്ച അഭിമാനം പങ്കുവയ്ക്കുന്ന കവിതയാണ് കേരളപ്പിറവി കേരളപ്പിറവി.

സ്വപ്നം എന്നത് കവി ഒബ്സെഷനായി കൊണ്ടു നടക്കുന്ന പദാവലിയാണ്. എത്രയേറെ പറഞ്ഞാലും നിറഞ്ഞു നിൽക്കുന്ന ആവനാഴി പോലെ പദസമ്പന്നമാണ് അവിടം.

ഈ കവിതാ പുസ്തകത്തിന്റെ പ്രധാന സവിശേഷതയായി തോന്നിയത്.തന്നെ പരുവപ്പെടുത്തിയ, സ്വാധീനിച്ച വ്യക്തികളെ കവിവാക്കിനാൽ ആദരിക്കുന്നതാണ്.

ചേലക്കരയുടെ സാംസ്കാരിക സദസിൽ കാലഘട്ടി തീർത്ത വ്യക്തികളാണ് എൻ.വി നാരായണൻ മാസ്റ്ററും, ശിവൻ മാസ്റ്ററും. ഒരാൾ ജന്മം കൊണ്ടും ,മറ്റേയാൾ കർമം കൊണ്ട് അധ്യാപകരായവർ. നികത്താനാവാത്ത ആ വിടവുകളിൽ നിന്ന് കൊണ്ടു അശ്രുപൂജ ചെയ്യുകയാണ് കവി. ജ്ഞാനി(എൻ.വി.നാരായണൻ മാസ്റ്റർ) ഗുരുസ്മരണ ( ശിവൻ മാഷ്) എന്നീ കവിതകളിലൂടെ

മഹാത്മജിയെയും, മഹാകവി അക്കിത്തത്തെയും ,നടനവൈഭവം ഗോപിയാശാനെയും ,വിഷ്ണുനാരായണൻ നമ്പൂതിരിയെയും അക്ഷര പൂജ ചെയ്യുന്ന കവിതകളും അതീവ ഹൃദ്യങ്ങൾ തന്നെ.

ധന്യമീ നിമിഷം എന്ന കവിത ഒരു സാധാരണക്കാരന്റെ ഉയർച്ചയെ പ്രകീർത്തിക്കുന്നതാണ്. ജീവിതം നൽകിയ കിതപ്പുകളെ കുതിപ്പുകളാക്കി മുന്നോട്ടു സഞ്ചരിച്ച വ്യക്തിത്വം. കേരളത്തിലെ ദേവസ്വം മന്ത്രി കെ.രാധാകൃഷ്ണനു നൽകുന്ന പൂച്ചെണ്ടാണ് ധന്യമീ നിമിഷമെന്ന കവിത .

സ്വത്വാന്വേഷണ പ്രധാനമായ ആത്മശതകം, ആരാണു നീ എന്നീ കവിതകളും ,വിശുദ്ധതക്ക് പുതിയ കാലത്ത് വേണ്ട ഭാവപകർച്ചകളെ ആവിഷ്ക്കരിക്കുന്ന വിശുദ്ധനെന്ന കവിത, മനുഷ്യന്റെ ഉള്ളിൽ നിന്നുണ്ടാവേണ്ട നിറവിനെ, സൂചിപ്പിക്കുന്ന ഭക്തിയെന്ന കവിത പുതു വായന ആവശ്യപ്പെടുന്നവയാണ്.

സത്യനിഷേധികൾക്കായിട്ടൊരുക്കിയ
നരകാഗ്നി എനിക്കായി പാഴാക്കുക
പുണ്യ പരിശുദ്ധ ഖുർആൻ ഓതിയ
ദിവ്യവെളിച്ചത്തെ പുൽക്കാനായി
പ്രവാചകൻ

സ്നേഹത്തിൻ ഒരപ്പത്തിൽ
മനുഷ്യരാശി തൻ
മുഴുവൻ അടക്കിയ നിവൻ
എന്ന് യേശു ദേവനെ (രക്ഷകൻ)

പറയുന്നതിലൂടെ യൊക്കെ നമ്മയെ സ്വീക രിക്കാനുള്ള വ്യഗ്രതയാണ് കാണിക്കുന്നത്

സമാനതകളില്ലാത്ത കടും വേദനയാണ് പാലായനം. യുദ്ധത്തിൽ പശ്ചാത്തലത്തിൽ പാലായനം ചെയ്യപോടേണ്ടി വരുന്നവരുടെ കഠിന വ്യഥകൾക്ക് നാമും സാക്ഷിയായതാ ണ്. പിറന്ന മണ്ണിൽ നിന്ന് പ്രാണനും കൊ ണ്ട് ഓടി രക്ഷപ്പെടേണ്ട അവസ്ഥ ഹൃദയഭേ ദകമാണ്. ആ വേദനയെ തീവ്രമായി ആവി ഷ്കരിച്ചിരിക്കുന്ന കവിതയാണ് പലായനം.

ചില വിത്തുകൾ ആഴത്തിൽ പതിയുന്ന വയാണ്. അവയുണ്ടാക്കുന്ന ഫലങ്ങൾ കാ ലാന്തരത്തിലാണ് പ്രവർത്തിക്കുക. അതു കൊണ്ടാണ് കവി

ഉള്ളിൽ ജ്വലിച്ചു കത്തുമ്പോഴ-
കലുന്ന ഭീതിയും ഭയവും
നിങ്ങളാൽ കത്തിച്ച ദീപങ്ങൾ
ഞങ്ങൾ കെട്ടടങ്ങും മുമ്പ്
മക്കൾക്കേകി പടിയിറങ്ങാൻ
കരുണയുണ്ടാവണം ഗുരോ
എന്ന് ആഗ്രഹിക്കുന്നു
(കെടാവിളക്ക്)

പ്രണയ പരിഭവങ്ങളെ ഹൃദ്യമായി ആ വിഷ്ക്കരിച്ചിരിക്കുന്ന പരിഭവം, പ്രണയം അ റിയിക്കാൻ പറ്റാത്തതിന്റെ വിഫലത അറി യിക്കുന്ന പ്രണയ ദിനം,

വിരഹതീവ്രതയെ അക്ഷരത്തിലാക്കി യ വൈധവ്യമെന്ന കവിത വല്ലാത്ത അനു ഭൂതി പ്രധാനം ചെയ്യുന്ന കവിതകളാണ്.

നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ എന്ന കവിതയു ടെ ദർശനമുൾക്കൊള്ളുന്ന കവിതകളാണ് സ മകാലികം ,കണ്ണൂർ .

പാരിസ്ഥിതിക കാഴ്ചപ്പാട് അവതരിപ്പി ക്കുന്ന കവിതയാണ് കല്പ വൃക്ഷത്തിനോ ട് മാപ്പ്. സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി പ്രകൃതിയെ - മരത്തെ നശിപ്പിക്കുന്ന മനു ഷ്യബുദ്ധിക്കു വേണ്ട വിവേകത്തെ അവത രിപ്പിക്കുകയാണ് ഈ കവിത

സ്നേഹം പകരുന്ന സൗഹൃദസ്പർശ ങ്ങൾ

ഭാവം പകർന്നീടും മുഖകലങ്ങൾ
എല്ലാറ്റിനേയുമകലത്തിലാക്കീട്ടാ-
വരണവും തീർത്ത് മാറ്റിയില്ലേ
- ജനിതകമാറ്റം
-

കോറോണക്കാല ജീവിതം വരച്ചിടുന്നു.
വൃത്തിഹീനമായതൊന്നുീ ഭുജിക്കാതെ
വൃത്തിയായപ്പോഴും നടന്നീടണം
(കുട്ടികളോട് )

മാതൃഭാഷയിൽ ചിന്തി ക്കാനും എല്ലാ ഭാഷകളോടും വിശാല കാഴ് ചപ്പാട് രൂപപ്പെടുത്തി വിശ്വമാനവികതയിലെ ത്താനുള്ള ആഹ്വാനമാണീക്കവിത.

ചേലക്കരയുടെ അന്തർ രാഗമാണ് വേല. അന്തിമഹാകാളന്റെ വേലയില്ലാതെ ചേലക്ക ര ഉണരുന്നതെങ്ങനെ? ഇതൊരു കൂടി ചേര ലിന്റെ, സാഹോദര്യത്തിന്റ ഗാഥയുണ്ട്. വേ ല എന്ന കവിത വേലപ്പറമ്പിലൂടെ മനസഞ്ചാ രം സാധ്യമാക്കുന്നു.

തീവ്ര വേദനയെ പറഞ്ഞു വെക്കാനുള്ള അസാമാന്യ കൈയടക്കം കവിയക്കുണ്ടെന്ന് തോന്നിപ്പിക്കുന്ന കവിതകളാണ് മഹിജയുടെ കത്ത്, വേദന, നോവ്, മധു .ഓർക്കുമ്പോൾ പോലും വിങ്ങൽ നിറയ്ക്കുന്നവ.

ഒരു കാലത്തും വറ്റാത്ത, മറയാത്ത ,പ്ര ണയചിത്രത്തിന്റെ പൂർത്തീകരണമാണ് ആ തിര നിലാവിന്റെ ഓർമ്മയ്ക്ക് എന്ന കവി ത.പ്രണയമൊരു നിലാവാണ്. ആ ശോഭ നി റയുമ്പോൾ വജ്രത്തിളക്കമാണ് ലോകത്തിനെ ന്ന്. ചെമ്പകപ്പൂവിന്റെ സുഗന്ധമാണ് ചുറ്റുപാ ടിനെന്ന്. ഇരുൾ മൂടിയ തീരങ്ങളിലേക്ക് വെ ളിച്ചത്തിന്റെ പാൽത്തിര പരന്നൊഴുകുന്നതു പോലെയാണെന്ന് കവി തിരിച്ചറിയുന്നു.

വ്യത്യസ്ത പദാവലികൾ ,കാവ്യബിംബ ങ്ങൾ, ജീവിതഗന്ധിയായ പശ്ചാത്തലം എ ന്നിവയിലൂടെ സൗമ്യവും ,തീവ്രവുമായ പറ ച്ചിലുകളാണ് പി.എം ഗംഗാധരന്റെ കവിത കൾ. ജീവിതം തഴുകി കടന്നു പോവുന്ന പ ല ഘട്ടങ്ങളിലും കണ്ടെത്തുന്ന - തിരിച്ചറി യുന്ന നേരുകൾ, നോവുകൾ, സുഖദ സ്മൃ തികൾ എന്നിവയുടെ ആകെത്തുകയാണ് ഈ ഗ്രന്ഥം. ആശയം കൊണ്ടും, പദാവലി കൊണ്ടും സമ്പന്നമാകുന്ന കാവ്യശൈലി ഇ നിയും മുന്നോട്ട് പോവേണ്ടതുണ്ട്. അതിനു ള്ള ഊർജ്ജമാണ് ആതിര നിലാവിന്റെ ഓർ മ.


# ഒരില മഴത്തുള്ളിയോട് പറഞ്ഞ 'സ്വ'കാര്യങ്ങൾ

**( ഓർമ്മക്കുറിപ്പ്) കൃഷ്ണകുമാർ മാപ്രാണം**



ശൈലജ വർമ്മ

പ്രശസ്ത കവിയും ചെറുകഥാകൃത്തുമായ കൃഷ്ണകുമാർ മാപ്രാണത്തിന്റെ ഈ പുസ്തകം ഗൃഹാതുരത്വംകലർന്ന ഓർമ്മകൾ സമ്മാനിക്കുന്നു, പ്രത്യേകിച്ച് 1960 കളിലും 70 കളിലും ജനിച്ച് ജീവിച്ചവർക്ക്. വായനക്കാർക്ക്പല പല സംഭവങ്ങളുമായിട്ടും അനുഭവങ്ങളുമായിട്ടും താദാത്മ്യം പ്രാപിക്കാൻ സാധിക്കുന്ന വിധത്തിലാണ്കൃഷ്ണകുമാറിന്റെ എഴുത്തു ശൈലി.




യാതൊരുവിധ വീമ്പുപറച്ചിലുകളും പുകഴ്ത്തലുകളും ഇകഴ്ത്തലുകളും ഇല്ലാത്ത സത്യസന്ധമായ ഓർമ്മക്കുറിപ്പ് അതാണ് ഒരില മഴത്തുള്ളിയോട് പറഞ്ഞ 'സ്വ'കാര്യം എന്ന കൃതി.

മൺസൂൺ ബുക്സ് തൃശ്ശൂർ ആണ് പ്രസാധകർ. വില 140 രൂപ.

ഓർമ്മക്കുറിപ്പുകൾ തുടങ്ങേണ്ടത് കുടുംബത്തിൽ നിന്നുമാണല്ലൊ, ഏറ്റവും ആദ്യത്തെ ഓർമ്മ വീടുംവീട്ടിലുള്ളവരും ആകുമല്ലൊ. കൃഷ്ണകുമാർ അമ്മ ഓർമ്മകളെ ഹൃദയത്തോട് ചേർത്തുപിടിക്കുന്നു. കൂടാതെതടവാടിനെക്കുറിച്ചും ഒരു ചെറുവിവരണം നൽകുന്നുണ്ട്. അത് അമ്പലവാസികളായിരുന്ന വാര്യർസമുദായത്തിന്റെ അന്നത്തെ സാമൂഹിക സാമ്പത്തിക സാംസ്കാരിക ചുറ്റുപാടുകളെക്കുറിച്ച് അറിവ് നൽകുന്നു. കൂടെ കളിച്ചിരുന്ന കൂട്ടുകാരേയും പേരെടുത്ത് പറഞ്ഞ് ഓർക്കുന്നുണ്ട് കൃഷ്ണകുമാർ.

ഓർമ്മകൾ ചരിത്രം കൂടിയാണ് എന്ന് തന്റെ അവതാരികയിൽ വി. യു. സുരേന്ദ്രൻ പറഞ്ഞിരിക്കുന്നതിനോട് നൂറുശതമാനം യോജിപ്പ് ഒരു കാലഘട്ടത്തേയും മാപ്രാണം എന്ന ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായും ചരിത്രപരമായുംഉള്ള പ്രത്യേകതകളേയും കൃഷ്ണകുമാർ ഈ കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്.

മൂന്നാലു മാസങ്ങൾ കൂടുമ്പോൾ മധുരപലഹാരങ്ങളും വറവ് പലഹാരങ്ങളും ബാറ്ററി ഇട്ട റേഡിയോയുംകായസഞ്ചിയിലാക്കി വീട്ടിലേക്ക് വിരുന്നു വരുന്ന ഒരു അത്ഭുതമനുഷ്യനായിരുന്നു കൃഷ്ണകുമാറിന് അച്ഛൻ.

ഒന്നാം ക്ലാസ്സ് തൊട്ട് പഠിപ്പിച്ച അദ്ധ്യാപകരെ വളരെ സ്നേഹാദരങ്ങളോടെ കൃഷ്ണകുമാർ സ്മരിക്കുന്നു. പാഠപുസ്തകത്തിലെ ചില വരികൾ ഉദ്ധരിച്ചും വഴികണക്കിന്റേയും എഞ്ചുവടിയുടേയും ചൂരൽകഷായങ്ങളുടേയും കഥ പറഞ്ഞും ഇരിക്കുമ്പോൾ നമ്മളും പ്രൈമറി ക്ലാസ്സുകളിലേയ്ക്ക് എത്തും. സ്കൂൾഓർമ്മകൾ മധുരമുള്ളതാണെങ്കിലും ഉച്ചയ്ക്ക് വിശന്നിരിക്കേണ്ടി വരിക എന്നുള്ളത് വേദനയാണ്. അക്കാലത്തെ സാമൂഹ്യ സാമുദായിക ചിട്ടവട്ടങ്ങളിൽ അളക്കുമ്പോൾ വാര്യത്തെ കുട്ടി ഉച്ചക്കഞ്ഞിക്ക്അയോഗ്യനായിരുന്നിരിക്കും. അവനവന്റെ കഴിവും വാസനകളും പ്രകടിപ്പിക്കാൻ കഴിയാതെ വിട്ടുപോയ ഒരു ബാല്യമായിരുന്നു എന്നും പ്രോത്സാഹിപ്പിക്കാനൊ സഹായിക്കാനൊ ആരും ഇല്ലായിരുന്നു എന്നും വായിച്ചപ്പോൾമനസ്സ് നൊന്തു.

തന്റെ അമ്മ ക്ഷേമമന്വേഷിച്ചും വയസ്സായ ബന്ധുജനങ്ങളെ സന്ദർശിക്കാനായിട്ടും ഇടയ്ക്കിടെ ബന്ധുഗൃഹങ്ങളിൽ പോയിരുന്ന കാര്യം പങ്കുവയ്ക്കുന്നു കൃഷ്ണകുമാർ. ബന്ധങ്ങൾ കുറേക്കൂടി ദൃഢവുംഊഷ്മളവും ആയിരുന്നു എന്ന് വായനക്കാർക്കും അൻഹ്ഭവപ്പെടും.

കുട്ടിക്കാലത്തെ ഓണം, അയ്യപ്പൻ പാട്ട്, ഇല്ലം നിറ, പറയെടുപ്പ് ഉത്സവങ്ങൾ എന്നിവയോടൊപ്പം ഇടവപ്പാതിയുടെപെയ്ത്തും കർക്കടകത്തിന്റെ പഞ്ഞവും ഓർക്കുമ്പോൾ ഇന്നത്തെ റെഡിമെയ്ഡ് ഓണത്തിന് പഴമയുടെവിശുദ്ധിയില്ല എന്ന് ആശങ്കപ്പെടുന്നുമുണ്ട്.

സർക്കസ്, സൈക്കിൾ യജ്ഞം, കൈനോട്ടം, കൺകെട്ടുവിദ്യ എന്നിവ ഉത്സവപറമ്പുകളേയും മൈതാനങ്ങളേയുംആവേശം കൊള്ളിച്ചിരുന്ന ചരിത്രവും നമുക്കിവിടെ വായിക്കാം.

കുഞ്ഞുന്നാളു തൊട്ടേ മഴ നനയിച്ചിട്ടേയുള്ളൂവെങ്കിലും കൃഷ്ണകുമാറിന് മഴയോട് പ്രണയമാണ്, കാത്തിരിക്കുംമഴയ്ക്ക് വേണ്ടി.

അവസാനത്തെ അദ്ധ്യായം വായനാവസന്തം പകർന്ന പുസ്തകങ്ങളെക്കുറിച്ചാണ്. വായനകളാണല്ലൊഎഴുത്തിലേയ്ക്കുള്ള വഴികാട്ടികളാകുന്നത്.